പ്രസിദ്ധീകരണത്തിന്റെ 29-ാം വർഷം

Publishing Date : August 2026

# കൊച്ചിൻ പത്രിക

29th ANNIVERSARY

Regn. No. KL/EKM/318/2023 - '26

R.N.I. No. 68414/98

ESTD: 1997 | Published from Ernakulam, Kochi - 682 017 | വാല്യം 29 ലക്കം 16 | 2026 ആഗസ്റ്റ് 16–31 | Visit us: www.kochinpathrika.com


# പൊന്നുരുന്നി മാർഷലിങ് യാഡ് ടെർമിനലിൽ നാല് പ്ലാറ്റ്ഫോം മാത്രം

**ജോസൂട്ടി**

കൊച്ചി: പൊന്നുരുന്നിയിലെ റെയിൽവേ മാർഷലിങ് യാഡ് ടെർമിനലിൽ ആറ് പ്ലാറ്റ്ഫോം വേണമെന്ന ആവശ്യം പരിഗണിക്കില്ലെന്നും നാലെണ്ണം നിർമിക്കാനാണ് തീരുമാനമെന്നും റെയിൽവേ അറിയിച്ചു. 6 പ്ലാറ്റ്ഫോമുകൾ നിലനിർത്തണമെന്നും മെയിൻ ലൈൻ പ്ലാറ്റ്ഫോമുകൾ കൂടി ഉൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് ഹൈബി ഈഡൻ എംപി കത്തു നൽകിയിരുന്നു. ഇതിന് ദക്ഷിണ റെയിൽവേ ജനറൽ മാനേജർ യു.സുബ്ബറാവു നൽകിയ മറുപടിയിലാണ് 4 പുതിയ പ്ലാറ്റ്ഫോമുകൾ മാത്രം നിർമിക്കുന്നത് വ്യക്തമാക്കിയത്.

കൂടുതൽ പ്ലാറ്റ്ഫോം നിർമിക്കുന്നത് ഭാവിയിൽ എറണാകുളം-തിരുവനന്തപുരം റെയിൽപാതയുടെ വികസനത്തെ ബാധിക്കുമെന്ന് ജനറൽ മാനേജർ ചൂണ്ടിക്കാട്ടുന്നു. പുതിയ ട്രാക്കുകൾക്ക് സ്ഥലം ലഭിക്കുകയില്ലെന്നാണ് വിശദീകരണം.

ജൂണിലാണ് ഹൈബി ഈഡൻ റെയിൽവേക്ക് കത്തയച്ചത്. എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷനെ ടെർമിനലാക്കി വികസിപ്പിക്കുന്നതിനുള്ള സാധ്യതകൾ 15 വർഷത്തോളം പരിശോധിച്ച ശേഷമാണ് മാർഷലിങ് യാഡിനെ യോജ്യമായ സ്ഥലമായി റെയിൽവേ കണ്ടെത്തിയതെന്നും പ്ലാറ്റ് ഫോമുകളുടെ എണ്ണം കുറച്ചാൽ ഭാവി വികസനത്തെ ബാധിക്കുമെന്നും ഹൈബി ഈഡൻ എംപി കത്തിൽ പറഞ്ഞിരുന്നു. ട്രാഫിക് ആവശ്യകതയും സ്ഥല സാഹചര്യങ്ങളും വിലയിരുത്തിയാണ് പദ്ധതി അന്തിമമാക്കിയത് എന്നാണ് റെയിൽവേയുടെ മറുപടി.




# സർക്കാർ സ്വകാര്യ സർവകലാശാലാ ബിൽ തിരിച്ചുവിളിക്കും

തിരുവനന്തപുരം: സ്വകാര്യ സർവകലാശാലാ ബില്ലിനൊപ്പം വിദേശ സർവകലാശാല ബില്ലും ഏകോപിപ്പിക്കും. ഇതിനായി, എൽഡിഎഫ് സർക്കാർ പാസാക്കുകയും ഗവർണർ ഒപ്പിടാതെ രാഷ്ട്രപതിക്ക് അയയ്ക്കുകയും ചെയ്ത സ്വകാര്യ സർവകലാശാലാ ബിൽ തിരിച്ചുവിളിക്കും. മന്ത്രിസഭാ യോഗം തീരുമാനമെടുത്ത് ഗവർണറുടെ ശുപാർശയോടെ ബിൽ തിരിച്ചുവിളിക്കുന്നിനുള്ള നടപടികൾ ഉടൻ ആരംഭിക്കും.

സ്വകാര്യ സർവകലാശാലാ ബില്ലിൽ വിദേശ സർവകലാശാലയെക്കുറിച്ച് പരാമർശം ഉണ്ടായിരുന്നില്ല. യുഡിഎഫ് സർക്കാരിന്റെ നയപ്രഖ്യാപന പ്രസംഘത്തിൽ വിദേശത്തെ ലെഗസി സർവകലാശാലകളുടെ ക്യാംപസുകൾ കേരളത്തിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇത് പ്രത്യേക ബില്ലായി അവതരിപ്പിക്കാതെ സ്വകാര്യ സർവകലാശാല ബില്ലിൽ ഉൾപ്പെടുത്താനുള്ള സാധ്യതയാണ് പരിശോധിക്കുന്നത്.

വിദേശത്തേക്കുള്ള വിദ്യാർഥികളുടെ ഒഴുക്ക് തടയൽ ലക്ഷ്യമിട്ടാണ് വിദേശ സർവകലാശാലകളെ കേരളത്തിൽ എത്തിക്കുന്നത്. ഇതിനായി വിദേശത്തുനിന്നുള്ള വിദഗ്ധരെ ഉൾപ്പെടുത്തി പഠന റിപ്പോർട്ട് തയ്യാറാക്കും.




കൊച്ചിൻ പത്രിക
വാല്യം 29 ലക്കം 16 2026 ആഗസ്റ്റ് 16–31

# പച്ചക്കറിയിലും പഴത്തിലും കീടനാശിനിയുടെ അവശിഷ്ടം കണ്ടെത്തി

കേരളമടക്കം വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള പഴം, പച്ചക്കറി സാംപിളുകളിൽ അപകടകരമായ അളവിൽ കീടനാശിനിയുടെ അവശിഷ്ടം കണ്ടെത്തി. പരിശോധനാഫലം സംസ്ഥാനങ്ങൾക്ക് അയച്ചെന്ന് കൃഷി മന്ത്രാലയം അറിയിച്ചു. കാർഷികോല്പന്നങ്ങളിൽ അനുവദനീയമായ കീടനാശിനി അവശിഷ്ടത്തിന്റെ അളവ് 0.1 മില്ലി ഗ്രാം / കിലോഗ്രാം ആയി ഭക്ഷ്യ സുരക്ഷാ അതോറിറ്റി (എഫ്എസ്എസ്എഐ) നിശ്ചയിച്ചിട്ടുണ്ട്. 2023–2026ൽ 23 സംസ്ഥാനങ്ങളിൽനിന്നുള്ള 70,652 സാംപിളുകൾ പരിശോധിച്ചതിൽ 2,223 എണ്ണത്തിൽ കീടനാശിനി അവശിഷ്ടം അനുവദനീയമായതിലും കൂടുതലാണ്.

കേരളത്തിൽനിന്നുള്ള 4,130 സാംപിളുകളിൽ 81 എണ്ണത്തിൽ കീടനാശിനി അപകടകരമായ അളവിൽ കൂടുതലായിരുന്നു.

കേരളത്തിലേക്ക് ഏറ്റവും കൂടുതൽ പഴം, പച്ചക്കറികൾ എത്തുന്ന തമിഴ്നാട്ടിൽനിന്നുള്ള 3,601 സാംപിളുകളിൽ 81ലും കീടനാശിനി അവശിഷ്ടം കൂടുതലായിരുന്നു. കർണാടക, തെലങ്കാന, മഹാരാഷ്ട്ര, ഹരിയാന തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുള്ള പഴം, പച്ചക്കറികളിലാണ് കൂടിയ അളവിൽ കീടനാശിനി കണ്ടെത്തിയത്.

ഛത്തിസ്ഗഡ്, ജാർഖണ്ഡ്, ഒഡീഷ സംസ്ഥാനങ്ങളിൽനിന്നുള്ള പഴം, പച്ചക്കറികളിൽ കീടനാശിനികളുടെ സാന്നിധ്യം തീരെയില്ലായിരുന്നു. കേരളത്തിലെ ലാബുകളിൽ നടത്തിയ പരിശോധനകളിൽ ആയിരത്തിലധികം ഭക്ഷ്യ സാംപിളുകളിൽ അമിതമായ അളവിൽ കീടനാശിനി അവശിഷ്ടം കണ്ടെത്തിയതായി കൃഷിമന്ത്രി ടി.സിദ്ദീഖ് കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. 1,262 ഭക്ഷ്യ സാംപിളുകളിൽ 58 എണ്ണത്തിലും വിഷാംശം കണ്ടെത്തിയെന്നാണ് മന്ത്രി പറഞ്ഞു.

4 വർഷത്തിനുള്ളിൽ വിവിധ വിളകളുടെ 8,08,033 വിത്ത് സാംപിളുകൾ പരിശോധിച്ചതിൽ 3,33,532 എണ്ണം ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തി. വിത്ത് സാംപിളുകളുടെ ഉല്പാദകർക്ക് താക്കീത് നൽകി. 17,551 എണ്ണത്തിന്റെ വില്പന നിരോധിച്ചു. തീർത്തും ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ 286 വിത്തുകളുടെ ഉല്പാദകർക്കെതിരേ കേസെടുത്തെന്നും കൃഷിമന്ത്രാലയം അറിയിച്ചു.

**സൈമൺ ഇടപ്പള്ളി**
**ചീഫ് എഡിറ്റർ**

Office Address:
**KOCHIN PATHRIKA,**
Kerala's Largest Circulated
Malayalam Fortnightly Newspaper
64/5218, Kaloor P.O., Kochi - 682 017.
Ph: +91- 484 - 2338268, 3917321
Fax: +91 - 484 - 2402389. Mobile: +91 94470 90041
Visit us : www.kochinpathrika.com
E-mail: mail@kochinpathrika.com,
kochinpathrika@gmail.com
kochinpathrika1@rediffmail.com



അഡ്വ. ചാർളി പോൾ

# പ്രതീകാത്മക ശവസംസ്കാരം ഒരിനം പിതൃഹത്യയാണ്

പ്രതിഷേധിക്കാനുള്ള അവകാശം ജനാധിപത്യത്തിന്റെ ഭാഗമാണ്. എന്നാൽ പ്രതിഷേധത്തിന്റെ രൂപം വ്യക്തിയെ അപമാനിക്കുന്നതിലേക്കോ ശാരീരിക സംഘർഷത്തിലേക്കോ നീങ്ങുന്നതിലെ രാഷ്ട്രീയ ധാർമ്മികത ചോദ്യം ചെയ്യപ്പെടേണ്ടതുണ്ട്. നയങ്ങളോടൊ, ഭരണാധികാരികളുടെ സമീപനങ്ങളോടൊ എതിർപ്പുണ്ടെങ്കിൽ മാന്യതയുടെ സമരമാർഗ്ഗങ്ങൾ സ്വീകരിക്കണം. ക്രിമിനൽ കുറ്റകൃത്യങ്ങളെ സമരമാർഗ്ഗമായി സ്വീകരിച്ചു കൊണ്ടുള്ള പോരാട്ടങ്ങൾ ആര് നടത്തിയാലും അത് ഹീനവും നീചവുമാണ്. ഇത്തരം സമരമാർഗ്ഗങ്ങൾ ആശങ്കാജനകവും പൊതുസമൂഹത്തെ ആകുലപ്പെടുത്തുന്നതുമാണ്.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല വൈസ് ചാൻസലർ ഡോ. സിസാ തോമസിനെ കഴിഞ്ഞ ദിവസം എസ്എഫ്ഐ പ്രവർത്തകർ തടഞ്ഞുവെച്ചു. വൈസ് ചാൻസലറെ കാറിലേക്ക് എത്തിക്കാൻ പോലീസ് ശ്രമിക്കുന്നതിനിടെയുണ്ടായ ഉന്തിലും തള്ളിലും വൈസ് ചാൻസലർക്ക് സമരക്കാരുടെ കൈകൊണ്ട് ചെറിയ പരിക്കേറ്റു. ഓടിയടുത്ത സമരക്കാരിൽ ചിലർ മുടിക്കുത്തിനു പിടിച്ച് വലിക്കുകയും മാന്തുകയും ചെയ്തുവെന്നും ദേഹത്ത് പോറലും മുറിവും ഉണ്ടായി എന്നുമാണ് വി.സി. വ്യക്തമാക്കിയത്. വൈസ് ചാൻസലർ സഞ്ചരിച്ചിരുന്ന സാങ്കേതിക സർവ്വകലാശാലയുടെ കാറിനും നാശനഷ്ടമുണ്ട്. തുടർന്നാണ് സമരക്കാർ വൈസ് ചാൻസലറുടെ ശവസംസ്കാര ചടങ്ങുകൾ പ്രതീകാത്മകമായി നടത്തിയത്. മരണവീട്ടിലെ വിലാപവും രോദനവുമെല്ലാം ഉണ്ടായി... എന്നാണ് പത്രവാർത്തകൾ. സംസ്കാര ചടങ്ങിന്റെ ഫോട്ടോയും പത്രങ്ങളിൽ വന്നിട്ടുണ്ട്. എന്നാൽ എസ്എഫ്ഐ ഇക്കാര്യങ്ങൾ നിഷേധിച്ചിട്ടുണ്ട്.

വൈസ് ചാൻസലറെ ആക്രമിക്കുകയും പോലീസിന്റെ കൃത്യനിർവഹണം തടസ്സപ്പെടുത്തുകയും ചെയ്ത സംഭവത്തിൽ നാല് എസ്എഫ്ഐ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. വിസിയുടെ പരാതിയിൽ 19 പേർക്കെതിരെ കേസെടുത്തിട്ടുമുണ്ട്.

കാലടി സംസ്കൃത സർവ്വകശാല വൈസ് ചാൻസലർക്കെതിരെ എസ്എഫ്ഐ നടത്തിയ സമരത്തിനെതിരെ സംസ്ഥാനത്തെ മുഴുവൻ സർവ്വകലാശാലകളിലെയും വിസിമാർ രംഗത്ത് എത്തി. സമരത്തിന്റെ പേരിൽ നടന്നത് ഗുരുതരമായ കുറ്റകൃത്യമാണെന്നും ഇതിൽ ആശങ്കയുണ്ടെന്നും കാണിച്ച് ഗവർണർക്കും മുഖ്യമന്ത്രിക്കും അവർ കത്ത് നൽകി. ഇത്തരം പ്രവർത്തികൾ സർവകലാശാലകളിലെ അക്കാദമിക് വിദഗ്ധരിൽ ആശങ്കയുണ്ടാക്കുക മാത്രമല്ല, സംസ്ഥാനത്തിന്റെ സാംസ്കാരിക പ്രശസ്തിയെക്കുറിച്ച് തെറ്റായ സൂചന നൽകുമെന്നും ഇതിനെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് അവർ പറഞ്ഞു.

പ്രിൻസിപ്പാളിന്റെ കസേര കത്തിക്കൽ, പ്രിൻസിപ്പാളിന് കുഴിമാടമൊരുക്കൽ, ആദരാഞ്ജലികൾ അർപ്പിക്കൽ, കരിഓയിൽ പ്രയോഗം, ചാപ്പ കുത്തൽ തുടങ്ങിയ സമരമാർഗ്ഗങ്ങൾ നിന്ദയുടെയും ധാർമ്മിക ഭ്രംശത്തിന്റെയും സാംസ്കാരിക അധഃപതനത്തിന്റെയും സമരമാർഗ്ഗങ്ങളാണ്. ആശയം കൊണ്ടും ബുദ്ധികൊണ്ടും പ്രവർത്തികൊണ്ടും സമരം ചെയ്യേണ്ടതിന് പകരം അപരിഷ്കൃത സമരമാർഗ്ഗങ്ങൾ ഒരു പരിഷ്കൃത സമൂഹത്തിൽ ഒട്ടും സ്വീകാര്യമല്ല.

> **പ്രിൻസിപ്പാളിന്റെ ഇരിപ്പിടം ഭസ്മമാക്കുക എന്നത് സങ്കല്പത്തിന് അപ്പുറത്തുള്ള കാടത്തമാണ്. ആ വ്യക്തിയെ തന്നെ കത്തിക്കുന്നതിനു തുല്യമാണ്. തുടർന്ന് പാലക്കാട് വിക്ടോറിയ കോളേജിൽ പ്രിൻസിപ്പാളിന്റെ റിട്ടയർമെന്റ് ദിനത്തിൽ, ഒരു സംഘം വിദ്യാർത്ഥികൾ അവർക്ക് കുഴിമാടം ഒരുക്കി റീത്ത് വെച്ച് പ്രതിഷേധിച്ചു. അത് ആർട്ട് ഇൻസ്റ്റലേഷനായി (പ്രതിഷ്ഠാപന കല) കാണണമെന്ന് ചിലർ പറഞ്ഞു. ഗുരുനിന്ദയുടെ മറ്റൊരു രൂപമായിരുന്നു അത്.**

ആശയതലം പരാജയപ്പെടുന്നിടത്താണ് മർക്കടമുഷ്ടികൾ (ഗുണ്ടായിസം) പ്രയോഗിക്കുന്നത്. ഇതിനെ ബൗദ്ധികവും ധാർമ്മികവുമായ പാപ്പരത്തം എന്നേ വിളിക്കാവൂ.

2017 ജനുവരി 19നാണ് എറണാകുളം മഹാരാജാസ് കോളേജിൽ വിദ്യാർത്ഥികൾ പ്രിൻസിപ്പാളിന്റെ കസേര പ്രധാനഗേറ്റിനു മുന്നിലിട്ട് കത്തിച്ചത്. അന്ന് ഡോ. എം.ലീലാവതി പറഞ്ഞു; പ്രിൻസിപ്പാളിന്റെ ഇരിപ്പിടം ഭസ്മമാക്കുക എന്നത് സങ്കല്പത്തിന് അപ്പുറത്തുള്ള കാടത്തമാണ്. ആ വ്യക്തിയെ തന്നെ കത്തിക്കുന്നതിനു തുല്യമാണ്. തുടർന്ന് പാലക്കാട് വിക്ടോറിയ കോളേജിൽ പ്രിൻസിപ്പാളിന്റെ റിട്ടയർമെന്റ് ദിനത്തിൽ, ഒരു സംഘം വിദ്യാർത്ഥികൾ അവർക്ക് കുഴിമാടം ഒരുക്കി റീത്ത് വെച്ച് പ്രതിഷേധിച്ചു. അത് ആർട്ട് ഇൻസ്റ്റലേഷനായി (പ്രതിഷ്ഠാപന കല) കാണണമെന്ന് ചിലർ പറഞ്ഞു. ഗുരുനിന്ദയുടെ മറ്റൊരു രൂപമായിരുന്നു അത്. പിന്നീട് നീലേശ്വരം പടന്നക്കാട് നെഹ്റു കോളേജിലെ വനിതാ പ്രിൻസിപ്പാളിനുള്ള യാത്രയയപ്പു ചടങ്ങിനിടെ അവർക്ക് ആദരാഞ്ജലി അർപ്പിച്ച് ക്യാമ്പസിൽ പോസ്റ്റർ പതിപ്പിച്ചു. വിദ്യാർഥിമനസ്സിൽ മരിച്ച പ്രിൻസിപ്പാളിന് ആദരാഞ്ജലികൾ, ദുരന്തം ഒഴിയുന്നു, ക്യാമ്പസ് സ്വതന്ത്രമാകുന്നു, നെഹ്റുവിന് ശാപമോക്ഷം. ഇത്രയുമാണ് പോസ്റ്ററിൽ എഴുതിയിരുന്നത്. 31 വർഷം നെഹ്റു കോളേജിൽ അധ്യാപികയും രണ്ടുവർഷം പ്രിൻസിപ്പാളുമായിരുന്ന വ്യക്തിയുടെ യാത്രയയപ്പ് ചടങ്ങിനിടയിലാണ് ഈ സംഭവം. പോസ്റ്റർ പതിപ്പിച്ചതിനു പുറമേ യാത്രയയപ്പു യോഗം നടക്കുമ്പോൾ പടക്കവും പൊട്ടിച്ചിരുന്നു. മക്കളെപ്പോലെ സ്നേഹിച്ച വിദ്യാർത്ഥികളിൽ ചിലരുടെ കാടത്തം നിറഞ്ഞ പ്രതിഷേധം ഏറെ വേദനിപ്പിച്ചെന്ന് അന്ന് പ്രിൻസിപ്പാൾ മാധ്യമങ്ങളോട് പറഞ്ഞിരുന്നു. ആചാര്യൻ ദേവതുല്യനാണെന്ന് പഠിപ്പിക്കുന്ന നാട്ടിലാണ് ഇത്തരം കോപ്രായങ്ങൾ അരങ്ങേറുന്നത്. നന്മയുടെയും പരസ്പര സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും സർഗ്ഗാത്മകതയുടെയും വിളനിലമായിരുന്ന കലാലയങ്ങളിലെ ഇന്നത്തെ സമരമാർഗ്ഗങ്ങളിലെ താളപ്പിഴകൾ നമ്മെ ഏറെ വേദനിപ്പിക്കുന്നു. ചിലരുടെ സ്വാർത്ഥ മോഹങ്ങളുടെ താല്പര്യത്തിനായി വിദ്യാർത്ഥികളെ കരുക്കളാക്കുന്നതിന്റെ പ്രകടനങ്ങളാണിവ. ഗുരു ഇരിപ്പിടത്തിന്റെ പ്രതീകാത്മഹത്യയും ഗുരുവിന് ചിതയൊരുക്കലും ആദരാഞ്ജലി അർപ്പിക്കലും ഒരു തരം പിതൃഹത്യയാണ്. മാതാ പിതാ ഗുരു ദൈവം എന്ന പവിത്ര സങ്കല്പത്തെ തച്ചുടച്ച് ഗുരുത്വക്കേട് ഇരന്നുവാങ്ങുകയാണ് ചില വിദ്യാർത്ഥികൾ.

ജീവിച്ചിരിക്കുന്നവരുടെ രൂപം തെരുവിൽ കത്തിച്ച് സായൂജ്യമടയുന്ന അപരിഷ്കൃതരീതി സംസ്കാരശൂന്യതയാണ്. അതിൽ നിന്നുണ്ടാകുന്ന ആനന്ദം പൈശാചികമാണ്. ഗുരുവിനെ കത്തിക്കുന്ന നെറികെട്ടവരുടെ നെറികേടിനെ പിന്തുണയ്ക്കുന്ന ചുരുക്കം ചിലരുണ്ടാകാം. കുട്ടിക്കുരങ്ങന്മാരെ കൊണ്ട് ചുടു ചോറ് മാന്തിക്കുന്ന ഇവർ നികൃഷ്ട മനസ്സുള്ളവരാണ്. എല്ലാ പ്രതിഷേധ സമരങ്ങൾക്കും മാന്യതയുണ്ടാകണം. പ്രാകൃത വഴികൾ ഇന്നത്തെ പൊതുസമൂഹം അംഗീകരിക്കില്ല. എതിർപ്പിന് ജനാധിപത്യം അനുവദിച്ചിട്ടുള്ള മാർഗ്ഗങ്ങളുടെ ലംഘനമാണിത്. എന്ത് കാരണത്തിന്റെ പേരിലായാലും പൊതുസമൂഹത്തിന്റെ അന്തസ്സിനെ, ജനാധിപത്യ ബോധത്തെ, ക്ഷമാശീലത്തെ വെല്ലുവിളിക്കുന്ന ഇത്തരം പ്രവണതകൾ ഒരിക്കലും ആവർത്തിച്ചു കൂടാ.



# ജനനന്മ ചെയ്ത് മുന്നോട്ടുപോകും: വി.ഡി.സതീശൻ

● സർക്കാരിന്റെ ആദ്യ 100 ദിവസത്തെ പ്രവർത്തനങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

ഗവൺമെന്റിന്റെ 100 ദിവസത്തെ പ്രവർത്തനത്തിൽ സംതൃപ്തിയുണ്ട്. മന്ത്രിമാരും ഉദ്യോഗസ്ഥരും തമ്മിൽ നല്ല ഏകോപനമുണ്ട്. സർക്കാർ മെച്ചപ്പെടേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങൾ തുടരും.

● പിഎസ്സി ക്രമക്കേടിൽ സമാന്തര അന്വേഷണത്തിന്റെ സാധ്യത എങ്ങനെയാണ്?

പിഎസ്സി ക്രമക്കേടിനെക്കുറിച്ച് പോലീസിന്റെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിക്കുന്നുണ്ട്. പോലീസിന്റെ അന്വേഷണത്തിൽ ഗവർണർക്ക് ഇടപെടാനാവില്ല. ഇടപെടൽ അനുവദിക്കുകയുമില്ല. അദ്ദേഹം ഇടപെടുമെന്ന് ഞാൻ കരുതുന്നില്ല.

● പിഎം ശ്രീ പദ്ധതിയെക്കുറിച്ച് മുൻപ് പറഞ്ഞ വാക്ക് മാറ്റുന്നുവെന്ന പരാതിയെക്കുറിച്ച്?

പദ്ധതിയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രിസഭാ ഉപസമിതിയെ വച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. അതിൽനിന്ന് ഈ സർക്കാരിന് പിന്മാറാനാവില്ല. പിന്മാറാൻ പറ്റുമെന്ന് പ്രതിപക്ഷ നേതാവ് ഉൾപ്പെടെയുള്ളവർ പറയുന്നു. ഇതിന് വ്യവസ്ഥയുണ്ടായിരുന്നെങ്കിൽ എന്തുകൊണ്ട് മുൻ സർക്കാർ അതു ചെയ്തില്ല. കേന്ദ്രത്തിൽനിന്ന് പണം ലഭിച്ചശേഷം അവർക്ക് പിൻമാറാമായിരുന്നല്ലോ. കേരളത്തിന്റെ താല്പര്യങ്ങളും പാഠ്യപദ്ധതിയും സംരക്ഷിച്ച് പദ്ധതി എങ്ങനെ നടപ്പാക്കാൻ കഴിയുമെന്നാണ് ഈ സർക്കാർ നോക്കുന്നത്.

● കോർപറേഷൻ, ബോർഡ് എന്നിവിടങ്ങളിലെ പുതിയ അധ്യക്ഷരുടെ നിയമനം നീളുന്നുവല്ലോ?

ഇതിന്റെ വീതംവയ്പ് സംബന്ധിച്ച ചർച്ചകൾ ആരംഭിച്ചപ്പോഴാണ് പ്രളയമുണ്ടായത്. മുസ്‌ലിംലീഗുമായുള്ള ചർച്ച ഏകദേശം പൂർത്തിയാക്കി. ബാക്കി ചർച്ച ഓണത്തിനുശേഷം പൂർത്തിയാക്കി സെപ്തംബർ ആദ്യം നിയമനം നടത്തും.

– ജോമോൻ




# ജില്ലയിൽ ഓണാഘോഷത്തിന് പൊലിമയേകാൻ ലാവണ്യം 2026

കൊച്ചി: ഓണാഘോഷത്തിന്റെ പൊലിമ കൂട്ടാൻ കലയും സംഗീതവും നൃത്തവും കോർത്തിണക്കിയ സാംസ്കാരിക പരിപാടികളുമായി ലാവണ്യം 2026 നിറഞ്ഞാടും. സംസ്ഥാന വിനോദസഞ്ചാര വകുപ്പും ജില്ലാ ഭരണകൂടുവും ഡിടിപിസിയും ചേർന്ന് സംഘടിപ്പിക്കുന്ന ആഘോഷത്തിന്റെ ഭാഗമായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ 30 വരെ കലാപരിപാടികൾ അരങ്ങേറും. എറണാകുളം ദർബാൾ ഹാൾ ഓപ്പൺ എയർ ഓഡിറ്റോറിയം, ഫോർട്ട്കൊച്ചി വെളി ഗ്രൗണ്ട്, പറവൂർ, കോതമംഗലം, പിറവം, പെരുമ്പാവൂർ, പള്ളുരുത്തി, പാമ്പാക്കുട, വൈപ്പിൻ, മൂവാറ്റുപുഴ, കുട്ടമ്പുഴ, കടമ്പ്രയാർ, വാസ്കോഡഗാമ സ്ക്വയർ, കുമ്പളങ്ങി തുടങ്ങി 15 വേദികളിലായി നാല്പതോളം കലാപരിപാടികളാണ് അവതരിപ്പിക്കുക.

വൈകിട്ട് 6ന് ദർബാൾ ഹാൾ ഗ്രൗണ്ടിൽ ലാവണ്യം ഉദ്ഘാടനത്തോടനുബന്ധിച്ച് ശിങ്കാരിമേളം, കൃഷ്ണപ്രിയ രമേഷിന്റെ സോപാന സംഗീതം, 6.30ന് സെന്റർ ഫോർ എംപവർമെന്റ് ആന്റ് എന്റിച്ച്മെന്റ് ചാരിറ്റബിൾ സൊസൈറ്റിയിലെ ഭിന്നശേഷി കുട്ടികളുടെ കലാവിരുന്ന്, 7.30ന് സ്റ്റീഫൻ ദേവസിയുടെ മ്യൂസിക്കൽ ബാന്റ് ഷോ എന്നിവ നടക്കും. 25ന് ഉച്ചയ്ക്ക് 12.30ന് കുട്ടമ്പുഴ പന്തപ്ര കോളനിയിൽ ഓണസദ്യയും ഓണക്കോടി വിതരണവും നടക്കും. വൈകിട്ട് 6ന് ദർബാൾ ഹാൾ ഗ്രൗണ്ടിൽ സരിത് ബാബുവിന്റെ നിണബലി, ബേണി ഇഗ്നേഷ്യസിന്റെ ബേണീസ് ഗ്ലോബൽ ഗ്രൂവ്സ് മ്യൂസിക്കൽ ബാന്റ് എന്നിവ അരങ്ങേറും. 26ന് ഭാരത് ഭവനും സാംസ്കാരിക വകുപ്പും ചേർന്ന് വിവിധ സംസ്ഥാനങ്ങളുടെ കലാരൂപങ്ങൾ അണനിരത്തുന്ന ഇന്ത്യൻ വസന്തോത്സവം. 27ന് ഐഡിയാസ് ആർട്ട് കൊച്ചിയുടെ പുലികളി, സാം ശിവയുടെ ലൈവ് ഫ്യൂഷൻ. 28ന് എൻ.എസ്.ഉഷയുടെ കളമെഴുത്തും പാട്ടും സർപ്പപാട്ടും, ഷഡ്കാല ഗോവിന്ദമാരാർ സ്മാരക കലാസമിതിയുടെ രസസഞ്ചാരം നാട്യനൃത്ത രംഗാവിഷ്കാരം. 29ന് കലാമണ്ഡലം അബിജോഷും സംഘവും അവതരിപ്പിക്കുന്ന പാഠകം, നിഖിൽ കണ്ണൂർ വടക്കൻസ് അവതരിപ്പിക്കുന്ന നാടൻ പാട്ട് എന്നിവ അരങ്ങേറും. സമാപനദിനമായ 30ന് സെന്റ് ആൽബർട്സ് കോളജിന്റെ കേരളീയം ഡാൻസ് ഷോ, ഗിന്നസ് പക്രു അവതരിപ്പിക്കുന്ന മെഗാ ഷോ എന്നിവയുണ്ടാകും.






# വഴിയോരക്കച്ചവടം: ബെനാമികൾക്ക് പിടിവീഴുമോ?

**സ്വന്തം ലേഖകൻ**



കൊച്ചി: കോർപറേഷനിലെ വഴിയോരക്കച്ചവട നിയമാവലി നടപ്പാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 614 പേരെ നിശ്ചിത വെൻഡിങ് സോണുകളിൽ പുനരധിവസിപ്പിക്കും. ഹൈക്കോടതി നിർദേശപ്രകാരം 2 മാസത്തിനുള്ളിൽ ഇതിന് നടപടിയാകും. നിയമാവലി യായെങ്കിലും വഴിയോരക്കച്ചവടക്കാർക്ക് നിശ്ചിത വെൻഡിങ് സോൺ അനുവദിക്കുന്നത് അടക്കമുള്ള നടപടികൾ കോർപറേഷൻ ആരംഭിച്ചിട്ടില്ല.

വഴിയോരക്കച്ചവട നിയമാവലി കർശനമായി നടപ്പാക്കുമ്പോൾ, കോർപറേഷൻ കണ്ടെത്തിയ നിശ്ചിത വെൻഡിങ് സോണുകളിൽ ലൈസൻസുള്ള കച്ചവടക്കാർക്ക് മാത്രമാണ് പ്രവർത്തിക്കാനനുമതി ഉണ്ടാകൂ. ഉപജീവന മാർഗമെന്ന നിലയിലാണ് വഴിയോരക്കച്ചവടം അനുവദിക്കുക. ലൈസൻസിന്റെ കൈമാറ്റം അനുവദിക്കില്ലെന്നും മേയർ വി.കെ.മിനിമോൾ പറഞ്ഞു.

ആദ്യഘട്ടത്തിൽ നിലവിൽ നിശ്ചയിച്ച 67 വെൻഡിങ് സോണുകളിൽ കച്ചവടം നടത്തുന്ന ലൈസൻസുള്ള 614 പേരെ അവിടെ തന്നെ പുനരധിവസിപ്പിക്കും. വഴിയോരക്കച്ചവടത്തിന് ഏകീകൃത രൂപം കൊണ്ടുവരാൻ ഇവർക്ക് 24 ചതുരശ്രയടി വലിപ്പമുള്ള വെൻഡിങ് കാർട് ഉൾപ്പെടെ കോർപറേഷൻ ലഭ്യമാക്കും.

വഴിയോരക്കച്ചവടവുമായി ബന്ധപ്പെട്ട് 2,350 പേർക്കാണ് കോർപറേഷൻ നേരത്തെ ലൈസൻസ് നൽകിയത്. ഇതിൽ എഴുന്നൂറോളം പേർ ഇനിയും രേഖകൾ ഹാജരാക്കിയില്ല.

രേഖ ഹാജരാക്കിയ 1,596 പേർ താല്പര്യമുള്ള വെൻഡിങ് സോണുകൾ എഴുതി നൽകി. ഇവർക്ക് വഴിയോരക്കച്ചവടത്തിനുള്ള സ്ഥിരം ലൈസൻസ് നൽകും.

ആദ്യഘട്ടത്തിന് പിറകെ ലൈസൻസുള്ളവരെ മറ്റ് വെൻഡിങ് സോണുകളിൽ പുനരധിവസിപ്പിക്കും. ഇത് പൂർത്തിയായശേഷം ലൈൻസില്ലാത്ത വഴിയോരക്കച്ചവടക്കാരെയും വെൻഡിങ് സോൺ അല്ലാത്തയിടങ്ങളിൽ കച്ചവടം നടത്തുന്നവരെയും ഒഴിപ്പിക്കും.

വഴിയോരക്കച്ചവട നിയമാവലി കർശനമായി നടപ്പാക്കുന്നതോടെ ബെനാമികളായി കച്ചവടം നടത്തുന്നവർക്ക് പിടിവീഴുമോയെന്നാണ് കാത്തിരുന്നു കാണേണ്ട കാര്യം.

മറ്റ് ഉപജീവന മാർഗമില്ലാത്തവർക്ക് മാത്രമേ വഴിയോരക്കച്ചവടം നടത്താനാകൂ എന്നാണ് വ്യവസ്ഥ.

എന്നാൽ, നഗരത്തിൽ വഴിയോരക്കച്ചവടം നടത്താൻ ലൈസൻസുള്ളവരിൽ അങ്ങനെയല്ലാത്തവരും ഉണ്ടെന്ന് ആക്ഷേപമുണ്ട്. വഴിയോരക്കച്ചവടത്തിന് ലൈസൻസെടുത്ത് മറിച്ച് വാടകയ്ക്ക് നൽകുന്ന രീതിയുമുണ്ട്.

നിയമം കർശനമാക്കുന്നതോടെ ഇത്തരത്തിലുള്ള വ്യാജൻമാരെ കണ്ടെത്തി ഒഴിപ്പിക്കാൻ കോർപറേഷൻ നിർബന്ധിതരാകും.

# ക്ഷേമ പെൻഷൻ നേരിട്ട് ബാങ്ക് അക്കൗണ്ടിലേക്ക്



തിരുവനന്തപുരം: സഹകരണ ബാങ്കുകൾവഴി വീട്ടിലെത്തിച്ച് നൽകുന്നതിന് പകരം ക്ഷേമ പെൻഷൻ തുക നേരിട്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചു. എന്നു മുതൽ നടപ്പാക്കണമെന്നു തീരുമാനിച്ചിട്ടില്ല. ഓണത്തിന് മുന്നോടിയായി നൽകുന്ന ഈ മാസത്തെ പെൻഷൻ തുക നിലവിലെ രീതിയിൽ വിതരണം ചെയ്തു. ഉമ്മൻചാണ്ടി സർക്കാരിന്റെ അവസാന കാലത്ത് പോസ്റ്റ് ഓഫീസുകൾ വഴി പെൻഷൻ വിതരണം ചെയ്യാൻ തീരുമാനിച്ചിരുന്നെങ്കിൽ സാങ്കേതിക തടസ്സങ്ങൾ കാരണം വിജയിച്ചിരുന്നില്ല.

ഒന്നാം പിണറായി സർക്കാർ അധികാരമേറ്റതിന് പിന്നാലെ 2016 ഓഗസ്റ്റിൽ ഗുണഭോക്താക്കളുടെ താല്പര്യം നോക്കി ബാങ്ക് അക്കൗണ്ടുകളിലേക്കും സഹകരണ ബാങ്കുകൾവഴി വീട്ടിലെത്തിച്ചും പെൻഷൻ നൽകുന്ന സംവിധാനം നടപ്പാക്കി. 62 ലക്ഷത്തോളം പെൻഷൻകാരിൽ 26.62 ലക്ഷം പേർക്ക് ബാങ്ക് അക്കൗണ്ടിലേക്കും മറ്റുള്ളവർക്ക് സഹകരണ സംഘങ്ങൾ വഴി വീട്ടിലെത്തിച്ചുമാണ് പെൻഷൻ നൽകുന്നത്. ധനവകുപ്പിന്റെ പുതിയ ഉത്തരവ് പ്രകാരം പൂർണമായും കിടപ്പുരോഗികളായവർക്ക് മാത്രമേ പെൻഷൻ വീട്ടിലെത്തിക്കൂ. ബാക്കിയുള്ളവർക്ക് ആധാറുമായി ബന്ധിപ്പിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിലേക്ക് പണം എത്തും.

ഗുണഭോക്താക്കളിലേക്ക് പണമെത്തിക്കുന്നത് ബാങ്ക് അക്കൗണ്ട് വഴിയായിരിക്കണമെന്ന കേന്ദ്ര സർക്കാരിന്റെ നിർദേശവും വിതരണം ചെയ്യാത്ത പണം സഹകരണ സംഘങ്ങൾ തിരിച്ചടയ്ക്കാത്തതും കണക്കിലെടുത്താണ് നടപടി. ഭൂരിഭാഗം സഹകരണ സംഘങ്ങളും സിപിഎമ്മിന്റെ നിയന്ത്രണത്തിലായതിനാൽ പെൻഷൻ വീട്ടിലെത്തിച്ച് ഇവർ രാഷ്ട്രീയ നേട്ടമുണ്ടാക്കുന്നെന്ന ആരോപണവും പരിഷ്കാരത്തിന് കാരണമായി.

# യുഎഇ സന്ദർശിക്കാൻ സൗജന്യ വീസ



അബുദാബി: ഇന്ത്യൻ വിനോദ സഞ്ചാരികൾക്ക് ഒക്ടോബർ 31വരെ യുഎഇ സന്ദർശിക്കാൻ അബുദാബി സൗജന്യ വീസ പ്രഖ്യാപിച്ചു.

ആദ്യ ഘട്ടത്തിൽ 20,000 പേർക്ക് അവസരം ലഭിക്കും. 3 രാത്രിയെങ്കിലും അബുദാബിയിൽ താമസിക്കണമെന്നാണ് പ്രധാന നിബന്ധന.

അബുദാബി കൾച്ചർ ആന്റ് ടൂറിസം ഡിപ്പാർട്ട്മെന്റുമായി (ഡിസിടി) സഹകരിച്ച് പ്രവർത്തിക്കുന്ന ട്രാവൽ കമ്പനികൾ വഴിയാണ് വീസ ബുക്ക് ചെയ്യേണ്ടത്.

യാത്രക്കാർ ഇന്ത്യയിൽ നിന്ന് പുറപ്പെടുകയും ഇന്ത്യയിലേക്ക് തന്നെ മടങ്ങുകയും വേണം. ഹോട്ടൽ ബുക്കിംഗും മടക്ക യാത്രാ ടിക്കറ്റും സഹിതമാണ് അപേക്ഷിക്കേണ്ടത്. യുഎഇയിൽ എവിടെയും സന്ദർശിക്കാം.

ട്രാവൽ ഏജൻസികൾ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്പനികൾ വഴിയാണ് വീസ ബുക്ക് ചെയ്യുന്നതെങ്കിൽ ചെലവായ 285 ദിർഹം (7,410 രൂപ) മടക്കിക്കിട്ടും.




# വിസ്മയം തീർക്കുന്ന വിസ്മയ



● തായ്‌ലണ്ടിലെ അനുഭവം വിശദീകരിക്കാമോ?

തെങ്ങുകളും വെള്ളച്ചാട്ടങ്ങളും കടുംനീല കടലും അവിടെയാണ് എന്റെ ഒറ്റമുറി വീട്. ബോഫൂട്ട് ബീച്ചും ഫിഷർമാൻസ് വില്ലേജും മനോഹരം. അവിടെ ഞാനൊരു ഫ്രീബേഡാണ്. കോവിഡ് കാലം മറക്കാനാവില്ല.

രാത്രി നല്ല സ്ട്രീറ്റ് ഫുഡ് കിട്ടുന്ന സ്ഥലങ്ങളുണ്ട്. ടോംയാം സൂപ്പ് സൂപ്പർ. എരിവും പുളിയുമുള്ള ആഹാരം എനിക്ക് വലിയ ഇഷ്ടമാണ്.

തായ്‌ലണ്ടിന്റെ ആയോധനകലയായ മൊയ്തായ് നമ്മുടെ കളരിപോലെയാണ്. കൈകൾ, കൈമുട്ട്, മുട്ടുകാൽ എന്നിവയാണ് ഇതിൽ കൂടുതൽ ഉപയോഗിക്കുന്നത്.

● ഹൈബ്രോൺ സ്കൂളിലെ പഠനം എങ്ങനെയാണ് വിസ്മയയെ സ്വാധീനിച്ചത്?

അപ്പുച്ചേട്ടൻ അവിടെ പഠിച്ചതുകൊണ്ടാണ് എനിക്കും ആഗ്രഹം തോന്നിയത്. എട്ടാം വയസ്സിൽ മൂന്നാം ക്ലാസിലാണ് അവിടെ ചേർന്നത്. എന്നെ ഹോസ്റ്റലിൽ വിട്ട് അമ്മ തിരിച്ചുപോരാൻ തുടങ്ങിയപ്പോൾ എന്റെ മട്ടുമാറി. അമ്മയുടെ കാലിൽ കെട്ടിപ്പിടിച്ച് കരഞ്ഞു. ആ കരച്ചിൽ കാരണം ഞാൻ ഒറ്റ ദിവസം കൊണ്ട് സ്കൂളിൽ ഫേമസ് ആയി.

● വിസ്മയയുടെ ആദ്യ കവിതാ സമാഹാരത്തെക്കുറിച്ച്?

സ്കൂൾ കഴിഞ്ഞ കാലത്ത് ഒരു ടെക്സ്റ്റ് ബുക്ക് പോലെ എഴുതിയാണ്. രാജ്യാന്തര പ്രസാധകരായ പെൻഗ്വിൻ അത് പ്രസിദ്ധീകരിക്കാൻ തയായാറായി.

കവി റോസ് മേരി മേഡമാണ് മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്. അമിതാഭ് ബച്ചൻ സാർ എന്റെ പുസ്തകത്തെക്കുറിച്ച് ട്വീറ്റ് ചെയ്തു. എന്റെ രണ്ടാമത്തെ പുസ്തകവും കവിതയാണ്. ഞാനത് എഴുതിത്തീർത്തു.

● വിസ്മയയുടെ വായനയെക്കുറിച്ച്?

അമേരിക്കൻ എഴുത്തുകാരി സാറ ജെ.മാസ് എഴുതിയ ത്രോൺ ഓഫ് ഗ്ലാസ് എന്ന 8 പുസ്തകങ്ങളുടെ ഒരു പരമ്പരയിലെ മൂന്നാമത്തെ ബുക്കാണ് ഇപ്പോൾ വായനയിലുള്ളത്.

● ഇതിനകം അച്ഛനിൽനിന്നും അമ്മയിൽനിന്നും വിസ്മയ പഠിച്ച പാഠങ്ങൾ എന്തൊക്കെയാണ്?

വിജയത്തെയും പരാജയത്തെയും അചഞ്ചലമായി നേരിടുന്നയാളാണ് അച്ഛൻ. പരാജയങ്ങൾ ഉലയ്ക്കുകയോ വിജയങ്ങൾ വലുതായി ആഹ്ലാദിപ്പിക്കുകയോ ചെയ്തില്ല. എന്റെ മാലാഖയാണ് അമ്മ. അത്രയും ബ്യൂട്ടിഫുൾ സോളാണ് അമ്മ.

● വിസ്മയയുടെ സഞ്ചാരങ്ങൾ...

അപ്പുച്ചേട്ടൻ ഒരു സ്ഥലത്ത് എത്തിയശേഷമേ അവിടത്തെ കാര്യങ്ങൾ അന്വേഷിക്കൂ. ഞാൻ കുറച്ച് പ്ലാൻ ചെയ്യും. സുരക്ഷിതത്വം കൂടി കൃത്യമായി നോക്കും. ഞങ്ങൾ ഹിമാലയത്തിൽ ഒരുമിച്ചു പോയിട്ടുണ്ട്. എനിക്ക് തണുപ്പ് അത്ര പിടിക്കില്ല. തായ്‌ലണ്ടിൽ ഞാൻ ഡ്രൈവ് ചെയ്യുമായിരുന്നു.

● വിസ്മയയുടെ പെറ്റ്സ് പ്രേമം വലിയ ചർച്ചയാണല്ലോ?

കാസ്പറും, വിസ്കിയും മാത്രമല്ല, വേറെ രണ്ടു വളർത്തുനായ്ക്കളുമുണ്ട്. അവരെല്ലാം ചെന്നൈയിലെ വീട്ടിലാണ്. കൊച്ചിയിലെ വീട്ടിൽ അച്ഛന്റെ പ്രിയപ്പെട്ട സിംബയും, ഇസയുമുണ്ട്. ഇവ പൂച്ചകളാണ്. ഇസ എന്ന ഇസബെല്ല ബംഗാൾ ക്യാറ്റാണ്. പക്ഷികളെ കൂട്ടിലിട്ടു വളർത്തുന്നത് എനിക്കിഷ്ടമല്ല. അവ പറന്നു നടക്കട്ടെ. തത്തമ്മകളെ ഇഷ്ടമാണെങ്കിലും കൂട്ടിലിട്ടു വളർത്താൻ താല്പര്യമില്ല.

– ജിഫിയ





# ഓണം ഒരുമയുടെ ഓളം ക്യാംപെയ്നുമായി സൗത്ത് ഇന്ത്യൻ ബാങ്ക്

**സ്വന്തം ലേഖകൻ**

കൊച്ചി: വള്ളംകളി ക്ലബ്ബുകളുടെയും ചുണ്ടൻ വള്ളങ്ങളുടെയും പ്രതിസന്ധിയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്ന ഓണം ഒരുമയുടെ ഓളം ക്യാംപെയ്നുമായി സൗത്ത് ഇന്ത്യൻ ബാങ്ക്. ബാങ്കിന്റെ പുതിയ പരസ്യചിത്രത്തിൽ ചുണ്ടൻ വള്ളങ്ങളുടെ പരിപാലനച്ചെലവ് കുത്തനെ ഉയർന്നതു മൂലമുള്ള പ്രതിസന്ധിയാണ് പ്രമേയം.

സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് ഉപേക്ഷിക്കപ്പെട്ട ചുണ്ടൻവള്ളം ഒരുകൂട്ടം യുവാക്കൾ ക്രൗഡ് ഫണ്ടിങ്ങിലൂടെ പുനരുദ്ധരിക്കുന്നതാണ് 90 സെക്കന്റ് ദൈർഘ്യമുള്ള പരസ്യത്തിലുള്ളത്. മാർട്ടിൻ പ്രക്കാട്ട് സംവിധാനം ചെയ്ത പരസ്യ ചിത്രത്തിനു ശരത് പ്രകാശാണ് തിരക്കഥയൊരുക്കിയത്. കിരൺ പിതാംബരൻ പ്രധാന വേഷത്തിലെത്തുന്നു.

# പുതുമകളോടെ കുട്ടികൂറ: പ്രിയ വാരിയർ ബ്രാന്റ് അംബാസഡർ

കൊച്ചി: പഴ്സനൽ കെയർ ബ്രാന്റായ കുട്ടികൂറ പുതിയ ബ്രാന്റ് അംബാസിഡറായി നടി പ്രിയ വാരിയരെ അവതരിപ്പിച്ചു. കുട്ടികൂറയുടെ രജത ജൂബിലിയോടനുബന്ധിച്ചാണ് ബ്രാന്റ് മാറ്റങ്ങളോടെ അവതരിപ്പിച്ചത്. യുവ ഉപയോക്താക്കൾക്കായി പ്രത്യേകം തയ്യാറാക്കിയ ഉല്പന്നവും വി.കെ.പ്രകാശ് സംവിധാനം ചെയ്ത പുതിയ ബ്രാന്റ് ഫിലിമും ചടങ്ങിൽ അവതരിപ്പിച്ചു.

ചോലയിൽ ഗ്രൂപ്പിന്റെ ചെയർമാനും മാനേജിങ് ഡയറക്ടറുമായ പ്രദീപ് ചോലയിൽ, സിഇഒ അനുപം കതേരിയ, മാർക്കറ്റിങ് വൈസ് പ്രസിഡന്റ് രൂപ മുരുദ്കർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. 8 മണിക്കൂർവരെ ഫ്രഷ്നസ് നൽകുന്ന പുതിയ ടെക്നോളജിയിൽ അധിഷ്ഠിതമായ കുട്ടികൂറ ടാൽക്കും വിപണിയിലിറക്കി. 1865ൽ യുകെയിൽ പിറവിയെടുത്ത ബ്രാന്റാണ് കുട്ടികൂറ. ചോലയിൽ ഗ്രൂപ്പ് കുട്ടികൂറ ബ്രാന്റിനെ 2001ൽ മുള്ളർ ആന്റ് ഫിപ്സിൽനിന്നാണ് ഏറ്റെടുത്തത്.

ഇന്ന് കുട്ടികൂറ ടാൽകം പൗഡറുകൾക്കൊപ്പം സോപ്പുകൾ, ബോഡി വാഷ്, റോൾ-ഓൺസ്, ഹാന്റ് വാഷ് തുടങ്ങിയ ഉല്പന്ന നിരയിലേക്ക് വളർന്നു.




# വീട്ടിലും കാറിലും സുഗന്ധം നിറയ്ക്കാൻ യാഡ്‌ലി

കൊച്ചി: വിപ്രോ ഏറ്റെടുത്ത ലോകപ്രശസ്ത സുഗന്ധ ബ്രാന്റായ യാഡ്‌ലി കാറിനും മുറികൾക്കും കബോഡുകൾക്കും മറ്റും ചേർന്ന സുഗന്ധ സ്പ്രേകൾ പുറത്തിറക്കി. യാഡ്‌ലി ഫ്ളോറാലിസ് എന്ന പേരിലാണ് വിപണനം. ലണ്ടനിൽ 250 വർഷം മുൻപ് രൂപംകൊണ്ട യാഡ്‌ലി സ്വാതന്ത്ര്യം കിട്ടുന്നതിന് മുൻപ് തന്നെ മലയാളികളുടെ പ്രിയ ബ്രാന്റായി മാറിയിരുന്നു. നിലവിൽ യാഡ്‌ലി പൗഡറും സ്പ്രേകളും സോപ്പുകളും ഹാൻഡ് വാഷുകളും ഉൾപ്പെടുന്ന ഇന്ത്യയിലെ വില്പനയുടെ 20% കേരളത്തിലാണ്. വിപ്രോ ഏറ്റെടുത്ത ശേഷം യാഡ്‌ലി ലണ്ടൻ കമ്പനിയുടെ ഉല്പന്നങ്ങൾ ബെംഗളൂരുവിലും ഹൈദരാബാദിലും നിർമിക്കുന്നുണ്ട്.

വീടുകൾ ആധുനികമാകുന്നതിനൊപ്പം മുറികൾക്കും കാറിനുള്ളിലും സുഗന്ധവും ഉപഭോക്താക്കൾ ആഗ്രഹിക്കുന്നുവെന്ന് മനസ്സിലാക്കിയാണ് എയർ കെയർ ഉല്പന്നനിര പുറത്തിറക്കുന്നതെന്ന് യാഡ്‌ലി ബിസിനസ് മേധാവി മനീഷ് വ്യാസ് ചൂണ്ടിക്കാട്ടി.

മുൻപ് വനിതകൾക്കു വേണ്ട പെർഫ്യൂമുകളും ഡിയോകളും മാത്രമായിരുന്നെങ്കിൽ ഇപ്പോൾ പുരുഷന്മാർക്കും ആവശ്യമുള്ളതരം ഉല്പന്നങ്ങൾ ജെന്റിമാൻ എന്ന പേരിൽ വിപണിയിലെത്തിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം ഗിഫ്റ്റ് പാക്കറ്റുകളും ലഭ്യമാണ്. എയർ ഫ്രഷ്നർ ബ്രാന്റുകൾ സാഷേക്ക് 70 രൂപയും സ്പ്രേകൾക്ക് 169 രൂപയുമാണ് നിരക്ക്.






# ഇടിമണ്ണിക്കൽ ഗോൾഡ് ആന്റ് ഡയമണ്ട്സ് കൊച്ചി ഷോറൂം തുറന്നു

കൊച്ചി: പ്രമുഖ ആഭരണ ബ്രാന്റായ ഇടിമണ്ണിക്കൽ ഗോൾഡ് ആന്റ് ഡയമണ്ട്സിന്റെ കൊച്ചിയിലെ പുതിയ ഷോറൂം മുഖ്യമന്ത്രി വി.ഡി.സതീശൻ ഉദ്ഘാടനം ചെയ്തു.

മേയർ വി.കെ.മിനിമോൾ, ഹൈബി ഈഡൻ എംപി, എംഎൽഎമാരായ ടി.ജെ.വിനോദ്, മുഹമ്മദ് ഷിയാസ്, വിനുജോബ്, ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ ജോമി ജോസഫ്, കൗൺസിലർമാരായ കൃഷ്ണകുമാർ, വിജയകുമാർ, ധ്യാൻ ശ്രീനിവാസൻ, സ്മിനു സി ജോ, ഇടിമണ്ണിക്കൽ ഗോൾഡ് ആന്റ് ഡയമണ്ട്സ് എം.ഡി. സണ്ണി തോമസ് ഇടമണ്ണിക്കൽ, അമേര ഗോൾഡ് ആന്റ് ഡയമണ്ട്സ് എം.ഡി. അമ്പിളി സണ്ണി, ഡയറക്ടർമാരായ ഡോ. ടോണി ജോസഫ്, നീമ റോസ് ജോസഫ്, നിയ ആൻ ജോസഫ് എന്നിവർ പങ്കെടുത്തു.

എംജി റോഡിലെ ദ്വാരക ബിൽഡിങ്ങിൽ 15,000 ചതുരശ്രയടി വിസ്തൃതിയിലുള്ള ഷോറൂമിൽ സ്വർണ-വജ്ര ആഭരണങ്ങളുടെ വിപുലമായ ശേഖരമാണ് ഒരുക്കിയിട്ടുള്ളത്. കോട്ടയത്തും കറുകച്ചാലിലുമാണ് മറ്റ് ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്.




# മുല്ലശ്ശേരി കനാൽ നവീകരണം മാർച്ചിന് മുൻപ് തീർക്കാൻ നിർദേശം

**സ്വന്തം ലേഖകൻ**



കൊച്ചി: മുല്ലശ്ശേരി കനാൽ നവീകരണ ജോലികൾ അടുത്ത മാസം ഒന്നിന് പുനരാരംഭിക്കാനും മാർച്ചിന് മുൻപ് പൂർത്തിയാക്കാനും കളക്ടർ നിർദേശം നല്കി. കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന ഓപ്പറേഷൻ ബ്രേക്ക് ത്രൂ പദ്ധതി അവലോകനത്തിലാണ് നിർദേശം. കായലിൽ ടി.പി. കനാൽ ചേരുന്ന ഭാഗത്തെ ചെളി നീക്കിയതായും ഹൈക്കോടതി പരിസരത്തെ വെള്ളക്കെട്ട് പരിഹരിക്കാനുള്ള ജോലികൾ പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കിയെന്നും യോഗത്തെ അറിയിച്ചു.

കെഎസ്ആർടിസി പരിസരത്തെ കാനകൾ അടിയന്തരമായി നന്നാക്കും. കാനകൾക്കു മുകളിലെ കടകൾ മാറ്റി സ്ഥാപിക്കാൻ കോർപറേഷന് നിർദേശം നൽകി. ഇന്ദിരാനഗറിൽ ഷട്ടറുകൾ സ്ഥാപിച്ച് റോഡ് ഉയർത്തുന്നതിന് ടെൻഡർ പൂർത്തിയാക്കി. ജോസ് ജംഗ്ഷനിലെ ജോലികളും ടെൻഡർ ചെയ്തു. എം.ജി.റോഡിലെ സെൻട്രൽ മാൾ പരിസരത്തെ വെള്ളക്കെട്ടിന് അയിന്തര പരിഹാരം കാണാൻ പൊതുമരാമത്ത് വകുപ്പിന് നിർദേശം നല്കി. ഇടപ്പള്ളി ഒബ്റോൺ മാൾ പരിസരത്ത് ബോക്സ് കലുങ്ക് നിർമാണം പൂർത്തിയായതായി ദേശീയ പാത വിഭാഗം അറിയിച്ചു.

ഓടകളും കനാലുകളും കോരുന്ന എക്കലും ചെളിയും വഴിയരികിൽ കൂട്ടിയിടരുതെന്നും സിൽറ്റ് യാഡിലേക്ക് മാറ്റണമെന്നും കരാറിൽ വ്യവസ്ഥ ചെയ്യണമെന്ന് യോഗം നിർദേശിച്ചു. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ വില്പന തടയാനും ഉറവിടങ്ങളിൽ പരിശോധന നടത്താനും കോർപറേഷൻ സെക്രട്ടറിക്ക് നിർദേശം നൽകി.

അമിക്കസ് ക്യൂറി ഗോവിന്ദ് പത്മനാഭൻ, ദുരന്തനിവാരണ വിഭാഗം ഡപ്യൂട്ടി കളക്ടർ ജോസഫ് സ്റ്റീഫൻ റോബി, കോർപ്പറേഷൻ സെക്രട്ടറി പി.എസ്.ഷിബു, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കേരളം ബിൽ നിയമമായി




ന്യൂഡൽഹി: സംസ്ഥാനത്തിന്റെ ഔദ്യോഗിക പേര് കേരള എന്നതുമാറ്റി കേരളം എന്നാക്കുന്നതിനുള്ള ബിൽ രാഷ്ട്രപതി അംഗീകരിച്ചതോടെ നിയമമായി. എങ്കിലും പ്രത്യേക വിജ്ഞാനപത്തിലൂടെ കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന തീയതി മുതലേ പേരുമാറ്റം പ്രാബല്യത്തിലാകൂ.

തുടർന്ന് ഒരു വർഷത്തിനകം, കേരളത്തിന്റെ പേരുമാറ്റം പ്രതിഫലിപ്പിക്കുന്ന തരത്തിൽ നിയമങ്ങളിൽ ഭേദഗതി വരുത്തണമെന്നാണ് വ്യവസ്ഥ. ഏതെങ്കിലും നിയമത്തിൽ സ്റ്റേറ്റ് ഓഫ് കേരള എന്നൊരു പരാമർശമുണ്ടെങ്കിൽ അത് സ്റ്റേറ്റ് ഓഫ് കേരളം എന്നാക്കി മാറ്റണം.

# കൊതുക് നിവാരണ സർവേ നടത്തും



കൊച്ചി: നഗരത്തിൽ കൊതുകുകൾ പെറ്റുപെരുകുന്ന സ്ഥലങ്ങൾ (ഹോട്ട്സ്പോട്ടുകൾ) കണ്ടെത്താൻ സർവേ നടത്താൻ കോർപറേഷൻ തീരുമാനിച്ചു. സർവേ നടത്താനായി കോർപറേഷൻ താല്പര്യപത്രം ക്ഷണിക്കും. കോർപറേഷനിലെ 76 ഡിവിഷനുകളിലും സർവേ നടത്തി കൊതുകുകളെ കുറിച്ചുള്ള വിവാരങ്ങളടങ്ങിയ ഡാഷ്ബോർഡ് തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ കൊതുക് നിവാരണ പദ്ധതികൾ നടപ്പാക്കുന്നതാണ് പദ്ധതി.

കൊച്ചിയിലെ കൊതുകിന്റെ പ്രശ്നം നേരിടണമെങ്കിൽ ശാസ്ത്രീയമായ സമീപനം ആവശ്യമാണെന്ന് മേയർ വി.കെ.മിനിമോൾ പറഞ്ഞു. കൊതുകിന്റെ ബ്രീഡിങ് സെന്ററുകൾ, ഹോട്ട്സ്പോട്ടുകൾ എന്നിവയും ലാർവയുടെ ഇനംതിരിച്ചുള്ള ഡേറ്റയും ലഭ്യമാക്കും. ഈ ഡേറ്റകൾ ലഭ്യമായാൽ ശാസ്ത്രീമായ രീതിയിൽ കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്താനാകുമെന്ന് മേയർ പറഞ്ഞു.

എല്ലായിടങ്ങളിലും കൊതുക് നിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് പകരം ഈ ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കും. ഏറ്റവും ഫലപ്രദമായ കൊതുകുനാശിനി പ്രയോജനപ്പെടുത്തും. സ്പ്രേയിങ് മെഷീൻ കേടാവാതിരിക്കാനായി ദ്രവ രൂപത്തിലുള്ള കൊതുകു നാശിനി ഉപയോഗിക്കാൻ നിർദേശം നൽകിയിട്ടുണ്ടെന്നും മേയർ പറഞ്ഞു.

കൊച്ചിയുടെ നഗര ജനസംഖ്യ കണക്കിലെടുക്കുമ്പോൾ കണ്ടിൻജൻസി തൊഴിലാളികൾ 1,200 പേരെങ്കിലും വേണമെന്ന് മേയർ പറഞ്ഞു.

നിലവിൽ 770 പേരാണ് ഉള്ളത്. കൂടുതൽ തൊഴിലാളികളെ സ്ഥിരമായി നിയമിക്കാൻ അനുമതി നൽകണമെന്ന് മുഖ്യമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

കൂടുതൽ തൊഴിലാളികളെ ലഭിച്ചാൽ കൊതുകു നിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി ആളുകളെ നിയമിക്കാൻ കഴിയും. ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചാൽ കൊതുക് ശല്യം കുറയ്ക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും മേയർ വി.കെ.മിനിമോൾ പറഞ്ഞു.



# രമേശ് ചെന്നിത്തലയെക്കുറിച്ച് ജോസഫ് വാഴയ്ക്കൻ മനസ്സ് തുറക്കുന്നു

രാഷ്ട്രീയത്തിൽ സ്ഥിരമായ ശത്രുക്കളോ മിത്രങ്ങളോ ഇല്ല എന്ന് നമ്മൾ ഇടയ്ക്കിടെ കേൾക്കാറുണ്ട്. എന്നാൽ ആ ചൊല്ലിനെ തിരുത്തിക്കുറിക്കുന്ന, നാലര പതിറ്റാണ്ടിലേറെയായി ഒരു പോറൽ പോലുമേൽക്കാതെ കാത്തുസൂക്ഷിക്കുന്ന ഒരു വലിയ സൗഹൃദത്തിന്റെ കഥയാണ് മുതിർന്ന കോൺഗ്രസ് നേതാവായ ജോസഫ് വാഴയ്ക്കന് പങ്കുവെക്കാനുള്ളത്. അതും കേരളം കണ്ട ഏറ്റവും ജനകീയനായ നേതാക്കളിൽ ഒരാളും മുൻ ആഭ്യന്തര മന്ത്രിയുമായ രമേശ് ചെന്നിത്തലയുമായുള്ള ഊഷ്മളമായ ആത്മബന്ധത്തിന്റെ കഥ! നേഷൻ ഫസ്റ്റ് ചാനലിന് നൽകിയ ഈ പുതിയ അഭിമുഖം കേൾക്കുമ്പോൾ ഏതൊരാളും ആഗ്രഹിച്ചു പോകും, ഇതുപോലൊരു സുഹൃത്ത് നമുക്കും ഉണ്ടായിരുന്നെങ്കിൽ എന്ന്.

കഴിഞ്ഞ 40-45 വർഷമായി ഇരുവരും ഒന്നിച്ചാണ് രാഷ്ട്രീയ യാത്ര ചെയ്യുന്നത്. കെഎസ്‌യു കാലഘട്ടം മുതൽ തുടങ്ങിയതാണ് ഈ ബന്ധം. ജോസഫ് വാഴയ്ക്കൻ കോട്ടയം ജില്ലയിൽ കെഎസ്‌യു ഭാരവാഹി ആയിരുന്നപ്പോൾ, ആലപ്പുഴ ജില്ലയിലെ ഭാരവാഹിയായിരുന്നു രമേശ് ചെന്നിത്തല. പിന്നീട് ചങ്ങനാശ്ശേരി എൻഎസ്എസ് കോളേജിൽ ചെയർമാനായി ചെന്നിത്തല എത്തിയതോടെ ആ ബന്ധം കൂടുതൽ ദൃഢമായി. തിരുവനന്തപുരം ലോ കോളേജ് പഠനകാലത്ത് ഹോസ്റ്റൽ മുറിയിൽ വെച്ച് ഊട്ടിയുറപ്പിച്ച ആ സൗഹൃദം ഇന്നും ഒരു മങ്ങലുമേൽക്കാതെ നിലനിൽക്കുന്നു. ചെന്നിത്തല കെഎസ്‌യു പ്രസിഡന്റായപ്പോൾ വാഴയ്ക്കൻ സെക്രട്ടറിയായി. യൂത്ത് കോൺഗ്രസിലും കോൺഗ്രസിലും ഒരു കാലഘട്ടം മുഴുവൻ ഈ കൂട്ടുകെട്ട് ഒന്നിച്ചു പ്രവർത്തിച്ചു.

കഴിഞ്ഞ 45 വർഷത്തിനിടയിൽ ഞങ്ങൾ ഒരിക്കൽ പോലും പിണങ്ങിയിട്ടില്ല, ജോസഫ് വാഴയ്ക്കൻ പറയുന്നു. അഭിപ്രായ വ്യത്യാസങ്ങൾ പലപ്പോഴുമുണ്ടായിട്ടുണ്ടെങ്കിലും അതൊരിക്കലും അവരുടെ വ്യക്തിപരമായ ബന്ധത്തെ ബാധിച്ചിട്ടില്ല. ഇന്ന് കോൺഗ്രസിന്റെ തലപ്പത്തുള്ള പല നേതാക്കളും ഇവരുടെ കാലഘട്ടത്തിൽ ഇവർക്ക് താഴെ പ്രവർത്തിച്ചു വളർന്നു വന്നവരാണ് എന്നത് ചരിത്രസത്യമാണ്.

രമേശ് ചെന്നിത്തലയുടെ ഏറ്റവും വലിയ സവിശേഷത എന്താണ്? അതിനൊരു രസകരമായ അനുഭവമാണ് വാഴയ്ക്കൻ പങ്കുവെക്കുന്നത്. ലോ കോളേജിൽ പഠിക്കുന്ന കാലത്ത് ഒരിക്കൽ ഒരു കൈനോട്ടക്കാരൻവന്ന് ചെന്നിത്തലയോട് പറഞ്ഞു: നിങ്ങൾക്ക് വലിയ പരിവർത്തനയോഗമുണ്ട്, വലിയ സ്ഥാനങ്ങളിൽ എത്തും. അത് എത്രത്തോളം സത്യമാണെന്ന് പിന്നീട് കാലം തെളിയിച്ചു. 28-ാമത്തെ വയസ്സിൽ മന്ത്രി, എൻഎസ്‌യുഐ ദേശീയ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ് അഖിലേന്ത്യാ പ്രസിഡന്റ്, കെപിസിസി പ്രസിഡന്റ് തുടങ്ങി അദ്ദേഹം വഹിക്കാത്ത പദവികൾ ചുരുക്കമാണ്.



എത്ര വലിയ വീഴ്ചകൾ സംഭവിച്ചാലും അതിൽ നിന്ന് ഫീനിക്സ് പക്ഷിയെപ്പോലെ ഉയർത്തെഴുന്നേൽക്കാനുള്ള ചെന്നിത്തലയുടെ കഴിവ് അപാരമാണെന്ന് വാഴയ്ക്കൻ സാക്ഷ്യപ്പെടുത്തുന്നു. എത്ര വലിയ മാനസിക ആഘാതമുണ്ടായാലും വെറും 24 മണിക്കൂർ കൊണ്ട് അതിനെ അതിജീവിച്ച് അദ്ദേഹം അടുത്ത ലക്ഷ്യത്തിലേക്ക് കുതിക്കും. മുഖ്യമന്ത്രി സ്ഥാനം നഷ്ടപ്പെട്ട പ്രശ്നങ്ങൾ ഉണ്ടായ സമയത്ത് പോലും, വെറും 24 മണിക്കൂർ കൊണ്ടാണ് അദ്ദേഹം ആ യാഥാർത്ഥ്യവുമായി പൊരുത്തപ്പെട്ടത്. യാതൊരുവിധ അസ്വസ്ഥതകളോ കലാപങ്ങളോ ഉണ്ടാക്കാതെ, തികഞ്ഞ സമചിത്തതയോടെ പാർട്ടിക്ക് വേണ്ടി മികച്ചൊരു ആഭ്യന്തര മന്ത്രിയായി അദ്ദേഹം മാറി. വീണു എന്ന് എല്ലാവരും കരുതുന്നിടത്ത് നിന്ന് ഇരട്ടി ഊർജ്ജത്തോടെ കുതിച്ചുയരുന്ന പ്രകൃതമാണ് അദ്ദേഹത്തിന്റേത്.

കഠിനാധ്വാനമാണ് രമേശ് ചെന്നിത്തലയുടെ മറ്റൊരു വലിയ വിജയരഹസ്യം. എപ്പോഴും കർമ്മനിരതനായ അദ്ദേഹം കേരളം മുഴുവൻ സഞ്ചരിച്ച് ജനങ്ങളുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്ന നേതാവാണ്. ഏത് ഗ്രാമത്തിൽ ചെന്നാലും പത്തുപേരെ പേരെടുത്ത് വിളിക്കാൻ കഴിയുന്ന, ആർക്കും എപ്പോൾ വേണമെങ്കിലും സമീപിക്കാൻ കഴിയുന്ന, മുഖത്ത് എപ്പോഴും ചിരി കാത്തുസൂക്ഷിക്കുന്ന കേരളത്തിലെ അപൂർവ്വം നേതാക്കളിൽ ഒരാൾ!

ഇന്നത്തെ കാലത്ത് രാഷ്ട്രീയത്തിൽ പലർക്കും മുഖസ്തുതി വളരെ ഇഷ്ടമാണ്. സുഖിപ്പിച്ച് സംസാരിച്ച് കാര്യം നേടുന്നവർ നിരവധിയാണ്. എന്നാൽ താൻ ഒരിക്കലും ആരെയും പുകഴ്ത്തി സംസാരിക്കാറില്ല എന്ന് വാഴയ്ക്കൻ പറയുന്നു. അതുകൊണ്ട് തന്നെ രാഷ്ട്രീയത്തിൽ പല നേട്ടങ്ങളും തനിക്ക് ലഭിക്കാതെ പോയിട്ടുണ്ടെന്നും അദ്ദേഹം തുറന്നു സമ്മതിക്കുന്നു. രമേശ് ചെന്നിത്തലയുടെ ഏറ്റവും വലിയ വിമർശകൻ താനാണെന്ന് വാഴയ്ക്കൻ തന്നെ പറയുന്നു. എന്ത് തെറ്റ് സംഭവിച്ചാലും അത് മുഖത്തുനോക്കി പറയാനുള്ള സ്വാതന്ത്ര്യം അവർക്കിടയിലുണ്ട്. ചെന്നിത്തല അത്തരം സത്യസന്ധമായ വിമർശനങ്ങൾ ഉൾക്കൊള്ളാൻ തയ്യാറാകുന്നതുകൊണ്ടാണ് ഇവരുടെ സൗഹൃദം ഇത്രത്തോളം ദൃഢമായി തുടരുന്നത്.



**ജോസഫ് വാഴയ്ക്കൻ**
മുൻ എംഎൽഎ

പദവികൾക്ക് അപ്പുറം, പരസ്പരം മനസ്സിലാക്കുന്ന, മുഖം നോക്കാതെ തെറ്റുകൾ ചൂണ്ടിക്കാണിക്കുന്ന ഇത്തരം സൗഹൃദങ്ങൾ ഇന്നത്തെ രാഷ്ട്രീയത്തിൽ വളരെ വിരളമാണ്. സ്ഥാനമാനങ്ങൾ നഷ്ടപ്പെടുമ്പോൾ പാർട്ടി വിടുന്നവരും, ചെറിയ വിമർശനങ്ങൾ കേൾക്കുമ്പോൾ പോലും വലിയ ശത്രുക്കളാകുന്നവരും ഉള്ള ഈ കാലത്ത്, ഈ സൗഹൃദം ഒരു വലിയ മാതൃക തന്നെയാണ്.

## പത്രപ്രവർത്തക പെൻഷൻ:

## കുടിശിക നൽകാൻ നടപടിയെന്ന് മുഖ്യമന്ത്രി

കൊച്ചി: വർധിപ്പിച്ച പത്രപ്രവർത്തക പെൻഷൻ കുടിശികയുൾപ്പെടെ നൽകാനും മുടങ്ങിയ ഉത്സവബത്ത പുനഃസ്ഥാപിക്കാനും നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു.

99 മുതൽ ഈടാക്കുന്ന സർക്കാർ പരസ്യവരുമാനത്തിൽനിന്ന് പത്രപ്രവർത്തക പെൻഷൻ പദ്ധതിയിലെ തൊഴിലുടമയുടെ വിഹിതം കണ്ടെത്തണമെന്ന നിർദേശം സർക്കാരിന്റെ ശ്രദ്ധയിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. സീനിയർ ജേണലിസ്റ്റ് യൂണിയൻ കേരള ഇതു സംബന്ധിച്ച് നൽകിയ നിവേദനത്തോട് പ്രതികരിക്കുകയായിരുന്നു മുഖ്യമന്ത്രി.

മാധ്യമങ്ങൾക്ക് സർക്കാർ നൽകുന്ന പരസ്യത്തിന്റെ 15% പത്രപ്രവർത്തക ക്ഷേമ പദ്ധതിക്കായി പ്രയോജനപ്പെടുത്തണം. ഉത്സവബത്തയും അഞ്ചു വർഷമായി മുടങ്ങിക്കിടക്കുകയാണ്. യൂണിയൻ ജനറൽ സെക്രട്ടറി വി.ആർ.രാജ്മോഹൻ, ട്രഷറർ എം.ടി.ഉദയകുമാർ, തൃശൂർ ജില്ല പ്രസിഡന്റ് എ.സേതുമാധവൻ എന്നിവർ നിവേദക സംഘത്തിലുണ്ടായിരുന്നു.






# വിഴിഞ്ഞം നിർണായക ഘട്ടത്തിലേക്കെന്ന് മുഖ്യമന്ത്രി

**സ്വന്തം ലേഖകൻ**



തിരുവനന്തപുരം: കരമാർഗമുള്ള കയറ്റുമതി-ഇറക്കുമതി (എക്സിം) ചരക്കു നീക്കത്തിന് തുടക്കം കുറിച്ചതോടെ രാജ്യാന്തര സമുദ്ര വാണിജ്യഭൂപടത്തിൽ പേര് സുവർണാക്ഷരങ്ങളിൽ അടയാളപ്പെടുത്തിയ വിഴിഞ്ഞം രാജ്യാന്തര തുറമുഖം നിർണായക ഘട്ടത്തിലേക്ക് പ്രവേശിക്കുകയാണെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു.

കേരളത്തിന്റെ തീരദേശ-തുറമുഖാധിഷ്ഠിത സാമ്പത്തിക വളർച്ചയെ അടിമുടി മാറ്റിമറിക്കാൻ പോകുന്ന സമഗ്ര വികസന പദ്ധതിയായ മിഷൻ സമുദ്രയുടെ ഔദ്യോഗിക പ്രഖ്യാപനവും ഇതോടൊപ്പം നടക്കും. മറ്റൊരു തുറമുഖത്തിനും അവകാശപ്പെടാനാവാത്ത വേഗത്തിലാണ് വിഴിഞ്ഞം ആഗോള ഷിപ്പിങ് ശൃംഖലയിൽ സ്വന്തം സ്ഥാനം ഉറപ്പിച്ചത്

ലോകത്തിലെ വൻകരകളിലേക്ക് ഇനി കേരളത്തിൽ നിന്ന് നേരിട്ട് വഴിയുണ്ട്. ഇക്കാലമത്രയും ആ വഴി ഉപയോഗിച്ചത് മറ്റുള്ളവരുടെ ചരക്കുകളായിരുന്നു. ഇന്ന്, ലോകത്തെ 110 തുറമുഖങ്ങളിലേക്കുള്ള വഴി, കേരളത്തിന്റെ സ്വന്തം ഉല്പന്നങ്ങൾക്കായി കൂടി തുറക്കുകയാണ്.

വിദേശ തുറമുഖങ്ങളിലേക്ക് ഒരു ട്രാൻസ്ഷിപ്പ്മെന്റ് പോലുമില്ലാതെ അതിവേഗം ചരക്കുകൾ എത്തിക്കാൻ സാധിക്കുന്നതുവഴി യാത്രാസമയവും ലോജിസ്റ്റിക്സ് ചെലവും പകുതിയോളം കുറയും.

ഇത് നിർമാതാക്കൾക്കും കയറ്റുമതിക്കാർക്കും കേരളത്തിൽ തന്നെ പുതിയ സംരംഭങ്ങൾ തുടങ്ങാൻ വലിയ പ്രചോദനമാകും. ഉന്നത മാനവശേഷി, ലോജിസ്റ്റിക് ശൃംഖലയുടെ വികസനം, മികച്ച വ്യവസായ ആവാസ വ്യവസ്ഥ എന്നിവ കേരളത്തിന്റെ അനുകൂല ഘടകങ്ങളാണ്. ഇവയെ വിഴിഞ്ഞവുമായി ബന്ധിപ്പിക്കുകയാണ് ഇനി വേണ്ടത്. വ്യവസായ വളർച്ച പ്രധാന ലക്ഷ്യമാണ്.

ആദ്യ വർഷം ഏകദേശം 45 പുതിയ വ്യവസായ യൂണിറ്റുകളിൽതുടങ്ങി, 2040ന് അകം 1,500ലധികം യൂണിറ്റുകളിലേക്കും ഭൂവിനിയോഗം 20 ഹെക്ടറിൽനിന്ന് 420ലധികം ഹെക്ടറിലേക്കും വ്യാപിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം.

വിഴിഞ്ഞം തുറമുഖത്തിന്റെ സാമ്പത്തിക മുന്നേറ്റം സംസ്ഥാനത്തുടനീളം എത്തിക്കാനാണ് സർക്കാർ മിഷൻ സമുദ്ര ആവിഷ്കരിച്ചിരിക്കുന്നത്. 8 വ്യവസായിക ക്ലസ്റ്ററുകൾ, 3 പുതിയ നഗരങ്ങൾ, വിപുലമായ തീരപ്രദേശം എന്നിവ സമന്വയിപ്പിച്ച് ഒരു സമഗ്ര മാരിടൈം സാമ്പത്തിക മേഖലയായി വിഴിഞ്ഞത്തെ മാറ്റുന്ന പോർട്ട് സിറ്റി കാഴ്ചപ്പാടാണിതെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ബയോ മാലിന്യ നീക്കം വൈകുന്നതായി പരാതി

കൊച്ചി: കോർപറേഷന്റെ വിവിധ ഭാഗങ്ങളിൽ ബയോ മാലിന്യം നീക്കം വൈകുന്നതായി പരാതികൾ. പുതിയ കമ്പനി ഗാർഹിക ബയോ മെഡിക്കൽ മാലിന്യം ശേഖരിക്കുന്നത് ഊർജിതമാക്കിയെന്നും ഉടൻ പ്രശ്നങ്ങൾ പരിഹരിക്കുമെന്നുമാണ് കോർപറേഷൻ പറയുന്നത്. എന്നാൽ, ആഴ്ചയിലൊരിക്കലെങ്കിലും ബയോ മാലിന്യം നീക്കിയില്ലെങ്കിൽ പല ഫ്ളാറ്റുകളിലും വീടുകളിലും ഇത് സൂക്ഷിച്ച് വയ്ക്കാൻ പ്രയാസമാണ്. ചെറിയ കുട്ടികൾ, വയോധികർ, കിടപ്പുരോഗികൾ തുടങ്ങിയവരുള്ള വീടുകളിൽ ബയോ മാലിന്യത്തിന്റെ പ്രശ്നം ഗുരുതരമാണ്.

കോർപറേഷന്റെ വാഹനം സ്വകാര്യ കമ്പനിക്ക് മാലിന്യ ശേഖരണത്തിന് കൈമാറിയതിനെതിരെയും നിരക്ക് വർധിപ്പിക്കാനുള്ള നീക്കത്തിനെതിരെയും എൽഡിഎഫ് കഴിഞ്ഞ ദിവസം വിമർശനമുന്നയിച്ചിരുന്നു. താൽക്കാലികമായാണ് വാഹനം നൽകിയതെന്നും ഉടൻ തിരിച്ചെടുക്കുമെന്നും കോർപറേഷൻ പറഞ്ഞു.

എന്നാൽ ഈ മാസം രണ്ടാഴ്ചയായിട്ടും പലയിടത്തും ഒരുതവണപോലും ബയോമാലിന്യം ശേഖരിക്കാനെത്തിയിട്ടില്ല.

# റെയിൽവേ പാലക്കാട് ഡിവിഷൻ വീണ്ടും വെട്ടിമുറിച്ചു

പാലക്കാട്: റെയിൽവേയുടെ പാലക്കാട് ഡിവിഷനിലെ മംഗളൂരു കേന്ദ്രീകരിച്ചുള്ള ഭാഗങ്ങൾ റെയിൽവേ വിഭജിച്ചു. കാസർകോട് അതിർത്തിയിലെ ഉള്ളാൾ മുതലുള്ള ദക്ഷിണ കർണാടകയുടെ ഭാഗങ്ങൾ ഒക്ടോബർ 1 മുതൽ സൗത്ത് വെസ്റ്റേൺ റെയിൽവേയിലെ മൈസൂരു ഡിവിഷന്റെ ഭാഗമാക്കി ഗസ്റ്റ് വിജ്ഞാപനമിറങ്ങി. വിജ്ഞാപനം ഇറങ്ങിയ ശേഷമാണ് കേരളത്തിൽനിന്നുള്ള ജനപ്രതിനിധികൾപോലും ഇക്കാര്യം അറിയുന്നത്.

പനമ്പൂർ തുറമുഖ മേഖലയിൽ നിന്ന് മംഗളൂരു വഴിയുള്ള ചരക്കുനീക്കത്തിന്റെ വരുമാനം ഇല്ലാതാകുന്നത് പാലക്കാട് ഡിവിഷന് വലിയ തിരിച്ചടിയാകും. പാലക്കാട് ഡിവിഷന്റെ പ്രധാന ട്രെയിനുകളിൽ പലതും യാത്ര ആരംഭിക്കുന്നത് മംഗളൂരു സെൻട്രൽ സ്റ്റേഷനിൽനിന്നാണ്. ഈ സ്റ്റേഷൻ നഷ്ടമാകുന്നത് പുതിയ ട്രെയിനുകൾ അനുവദിക്കുന്നതിനെ കാര്യമായി ബാധിക്കും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വടക്കൻ അതിർത്തിയിൽനിന്ന് പുതിയ ട്രെയിൻ ലഭിക്കാൻ ഒട്ടേറെ സാങ്കേതിക തടസ്സങ്ങൾ അത്ജീവിക്കേണ്ടിവരും.

പാലക്കാട് ഡിവിഷൻ വിഭജിച്ചു കർണാടകയിലെ കലബുറഗി ആസ്ഥാനമാക്കി പുതിയ ഡിവിഷൻ രൂപീകരിക്കാൻ നേരത്തേ നീക്കമുണ്ടായിരുന്നു.

മുൻപ് പാലക്കാട് ഡിവിഷൻ വിഭജിച്ചാണ് സേലം ഡിവിഷൻ രൂപീകരിച്ചത്.

അന്നുണ്ടായതിനെക്കാൾ വലിയ നഷ്ടമാകും ഇപ്പോഴത്തെ വിഭജനം വഴി സംഭവിക്കുകയെന്ന് ഉദ്യോഗസ്ഥർ തന്നെ സമ്മതിക്കുന്നു.

പാലക്കാട് ഡിവിഷന് ലഭിച്ച കഞ്ചിക്കോട് കോച്ച് ഫാക്ടറി നഷ്ടപ്പെട്ടതിന് പിന്നാലെയാണ് കേരളത്തിന് റെയിൽവേയിൽനിന്ന് അടുത്ത തിരിച്ചടി ഉണ്ടായിരിക്കുന്നത്.



# ഇതെന്റെ സ്വഭാവവുമായി ചേരുന്ന കഥാപാത്രം



**• ബേത്‌ലഹേം കുടുംബയൂണിറ്റ് എന്ന പേരിന്റെ പ്രത്യേകത എന്താണ്?**

ഓരോ പ്രദേശത്തും എല്ലാവർക്കും പരിചയമുള്ള, പരോപകാരിയായ, എന്തു കാര്യത്തിനും മുന്നിട്ടിറങ്ങുന്ന ചില ഓൾ ഇൻ ഓൾ ചെറുപ്പക്കാരെ കാണാൻ സാധിക്കും. അതുപോലൊരു ചെറുപ്പക്കാരനാണ് ഈ സിനിമയിൽ ഞാൻ അവതരിപ്പിക്കുന്ന ജസ്റ്റിൻ. കുറെയൊക്കെ എന്റെ സ്വഭാവവുമായി ചേർന്നുനിൽക്കുന്ന ഒരു കഥാപാത്രം. ജസ്റ്റിന് അങ്ങനെ എടുത്താൽ പൊങ്ങാത്ത സ്വപ്നങ്ങളൊന്നുമില്ല. എപ്പോഴും ഹാപ്പിയായിരിക്കുക. ചുറ്റമുള്ളവരെയും ഹാപ്പിയാക്കുക. അത്ര സിംപിൾ ആണ് അയാളുടെ ജീവിത ഫിലോസഫി. ചെറുപ്പക്കാർക്ക് ഇപ്പോൾ പലപ്പോഴും ജീവിതവിജയം ഒരു പ്രഷർ ആയി മാറിയിട്ടുണ്ട്. ജസ്റ്റിനെ സംബന്ധിച്ചിടത്തോളം ജീവിതവിജയം എന്നത് വലിയ ജോലിയും വലിയ ശമ്പളവും മാത്രമല്ലെന്ന് പറഞ്ഞുവെയ്ക്കുന്നു.

**• ഗിരീഷ് എ.ഡി. ചിത്രം എന്ന നിലയിൽ ഇതിനെ എങ്ങനെ നോക്കിക്കാണുന്നു?**

ബേത്‌ലഹേം കുടുംബയൂണിറ്റ് ഒരു പക്കാ ഗിരീഷ് എ.ഡി. പടമാണ്. ഗിരീഷിന്റെ ചിത്രങ്ങളോട് പ്രേക്ഷകർക്ക് തോന്നുന്ന ഒരു പരിചയമുണ്ട്. ഒരു ഫുൾ ലൈഫ് ഫീൽ. ഓരോ പ്രേക്ഷകനും വളരെ പരിചിതമായ ജീവിത പരിസരങ്ങളിലാണ് ഗിരീഷ് കഥ പറയുന്നത്. സ്ക്രീനിൽ കാണുന്ന ജീവിതം പ്രേക്ഷകന്റെ യഥാർഥ ജീവിതവുമായി എത്രത്തോളം ചേർന്നുനിൽക്കുന്നുവോ അത്രത്തോളം നിങ്ങൾക്ക് ആ സിനിമയുമായി കണക്ട് ചെയ്യാൻ കഴിയും.

**• നിവിൻ-മമിത കോംബോ ഹിറ്റായതിനെക്കുറിച്ച്?**

പ്രേമലുവിൽ മമിത അവതരിപ്പിച്ച കഥാപാത്രത്തിൽനിന്ന് തികച്ചും വ്യത്യസ്തമാണ് ഈ സിനിമയിലെ കഥാപാത്രം. ഇതിൽ നാട്ടിൻപുറത്തെ ഒരു പെൺകുട്ടിയാണ്. ഏതു വേഷവും കൈകാര്യം ചെയ്യുന്നതിൽ മമിത കാണിക്കുന്ന ഡെഡിക്കേഷൻ എടുത്തുപറയേണ്ടതാണ്. സൂപ്പർ ശരണ്യ മുതലുള്ള ഓരോ ചിത്രത്തിലും ഒരു ആർട്ടിസ്റ്റ് എന്ന നിലയിൽ അവർ സ്വയം പുതുക്കിക്കൊണ്ടിരിക്കുകയാണ്.

**• ബേത്‌ലഹേം കുടുംബയൂണിറ്റിന്റെ നിർമാണ സമയത്ത് സമ്മർദമുണ്ടായിരുന്നോ?**

ചിത്രീകരണ വേളയിൽ സമ്മർദങ്ങളേക്കാൾ എല്ലാവർക്കും സന്തോഷമായിരുന്നു. നിർമാണം ഭാവനാ സ്റ്റുഡിയോസ് എന്ന് സ്ക്രീനിൽ കാണുമ്പോൾതന്നെ പ്രേക്ഷകർക്ക് അതൊരു ക്ലാസ് സിനിമയാണെന്ന് പ്രതീക്ഷയുണ്ട്. മുൻപുള്ള ചിത്രങ്ങൾ പരിശോധിച്ചാൽ മനസ്സിലാകും. സിനിമ തിരഞ്ഞെടുക്കുമ്പോൾ അവർക്കൊരു ക്വാളിറ്റി ബെഞ്ച്മാർക്കുണ്ട്. രണ്ടാമതൊരു കാര്യം, സംവിധായകന് നൽകുന്ന സ്വാതന്ത്ര്യമാണ്. അതുകാരണം ആർട്ടിസ്റ്റുമാർക്കും ഒരുതരത്തിലുള്ള ശ്വാസംമുട്ടൽ തോന്നാറില്ല. പ്രൊഡക്ഷന്റെ ഭാഗത്തുനിന്ന് സമ്മർദം കൂടുമ്പോൾ ചിലപ്പോൾ സിനിമ മോശമായെന്ന് വരാം.

**• മലയാളസിനിമയുടെ ഭാവി ഏതുതരം സിനിമയ്ക്കൊപ്പമാണെന്നാണ് അഭിപ്രായം?**

ഉൾക്കാമ്പുള്ള ചിത്രങ്ങൾ എക്കാലവും പ്രേക്ഷകർക്കിടയിൽ ശ്രദ്ധിക്കപ്പെടാറുണ്ട്. സ്ക്രിപ്റ്റും മേയ്ക്കിങ്ങും നല്ലതാണെങ്കിൽ പ്രേക്ഷകർ സിനിമ ഏറ്റെടുത്തുകൊള്ളും. അതുകൊണ്ടാണ് വളരെ ചെറിയ ബജറ്റിൽ, വലിയ താരപ്രാതിനിധ്യമൊന്നുമില്ലാത്ത ചില ചിത്രങ്ങളും ഹിറ്റാകുന്നത്. മലയാളി പ്രേക്ഷകർ വളരെ സെൻസിറ്റീവ് ആണ്. ഉള്ളടക്കത്തിന് പ്രാധാന്യമുള്ള അത്തരം ചിത്രങ്ങൾ കൂടുതലായി വരികതന്നെവേണം. പക്ഷേ, അതോടൊപ്പം ബിഗ് ബജറ്റ് ചിത്രങ്ങളും അനിവാര്യമാണ്. എങ്കിൽ മാത്രമേ നമ്മുടെ മലയാളം സിനിമാ ഇൻഡസ്ട്രിക്ക് വളർച്ചയുണ്ടാകൂ. പടം ചെറുതായാലും വലുതായാലും മലയാളസിനിമ കേരളത്തിന് പുറത്തും ചർച്ചാവിഷയമാകണം. പ്രേക്ഷകരെ നേടിയെടുക്കണം. അത്രയും ബ്രില്ല്യന്റ് ആയ സംവിധായകരും എഴുത്തുകാരും നമുക്കുണ്ട്.

**– ജോസൂട്ടി**





# ജീവിക്കാൻ മറന്ന നായകൻ

മലയാളം ഉൾപ്പെടെ 50ലധികം സിനിമകളിൽ പ്രധാന റോളുകളിൽ അഭിനയിക്കുകയും നിർമിച്ച് സംവിധാനം ചെയ്ത ചിത്രത്തിന് ദേശീയ പുരസ്കാരം നേടുകയും ചെയ്ത മോഹൻ ശർമ (78) സ്നേഹാലയത്തിൽനിന്ന് തേടുന്നത് സുമനസ്സുകളുടെ സഹായം. നടൻ, സംവിധായകൻ, നിർമാതാവ്, എഴുത്തുകാരൻ, ഗായകൻ എന്നീ നിലയിൽ തിളങ്ങിയ പാലക്കാട് തത്തമംഗലം സ്വദേശിയായ മോഹൻ നിലവിൽ തിരുവള്ളൂർ ജില്ലയിലെ നന്ദിയമ്പാക്കത്തുള്ള സ്നേഹാലയത്തിലാണ് കഴിയുന്നത്.

ചട്ടക്കാരിയിലെ ഓ മൈ ജൂലി, രാഗത്തിലെ ഇവിടെ കാറ്റിനു സുഗന്ധം, ജീവിക്കാൻ മറന്നുപോയ സ്ത്രീയിലെ വീണപൂവേ കുമാരനാശന്റെ വീണപൂവേ തുടങ്ങിയ അനശ്വര ഗാനങ്ങളിലെ മോഹന്റെ അഭിനയം ഇന്നും മറക്കാത്തവരുണ്ട്.

സമ്പാദ്യമെല്ലാം ചെലവഴിച്ച് 2012ൽ മലയാളത്തിലും തമിഴിലുമായി നിർമിച്ച ഗ്രാമം എന്ന ചിത്രത്തിന്റെ സാറ്റലൈറ്റ് റൈറ്റ്സ് ഇതുവരെ വിറ്റുപോയിട്ടില്ല. സൗത്ത് ഇന്ത്യൻ ഫിലിം ചേംബർ മുൻ പ്രസിഡന്റായിരുന്ന അദ്ദേഹത്തിന്റെ അവസ്ഥയറിഞ്ഞു നടൻ രജനീകാന്ത് ഒരു ലക്ഷം രൂപ സഹായം നൽകി. മോഹൻ ഒരിക്കൽ നേതൃത്വം നൽകിയ റോട്ടറി ക്ലബ് അധികൃതരാണ് ഇപ്പോഴത്തെ താമസസ്ഥലത്ത് എത്തിച്ചത്. മകൻ ജർമനിയിലാണ് ജോലി ചെയ്യുന്നത്. മുഖ്യമന്ത്രി സി.ജോസഫ് വിജയിനെ 24 വർഷമായി അറിയാമെന്നും അദ്ദേഹത്തിനെ കാണാൻ ആഗ്രഹമുണ്ടെന്നും മോഹൻ പറഞ്ഞു.






# സംസ്ഥാനത്ത് വാഹന സെൻസസ് നടത്തും: മന്ത്രി സി.പി.ജോൺ

**സ്വന്തം ലേഖകൻ**



കോഴിക്കോട്: സംസ്ഥാനത്ത് എത്ര വാഹനങ്ങൾ ഉപയോഗശൂന്യമായി കിടക്കുന്നുവെന്ന് കണ്ടെത്താൻ മോട്ടർ വാഹനവകുപ്പ് വാഹന സെൻസസ് നടത്തുമെന്ന് മന്ത്രി സി.പി.ജോൺ പറഞ്ഞു. കോഴിക്കോട് നഗരത്തിലെ വാഹനക്കുരുക്കിന് ശാശ്വത പരിഹാരം തേടി ബേബി മെമ്മോറിയൽ ആശുപത്രിയും എൻഐടിയുടെ സെന്റർ ഓഫ് എക്സലൻസ് ഇൻ അർബൻ പ്ലാനിങ് ആന്റ് ഡിസൈനും നടത്തിയ കുരുക്കഴിക്കാം ട്രാഫിക് സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് ആകെ 1.92 കോടി വാഹനങ്ങളുണ്ടെന്നാണ് കണക്ക്. പുക പരിശോധിക്കാൻ വരുന്ന വണ്ടികൾ 1.10 കോടിയാണ്. ഇതടക്കം ആകെ 1.25 കോടി വാഹനങ്ങളെങ്കിലും കേരളത്തിൽ ഓടുന്നുണ്ടെന്നാണ് കരുതുന്നത്. കേരളത്തിൽ 2 പേർക്ക് ഒരു വണ്ടിയെന്ന നിരക്കിലാണ് ഒന്നേകാൽ കോടി വാഹനങ്ങളുള്ളത്. ഇതിൽ 50 ലക്ഷത്തോളം വാഹനങ്ങൾ ഉപയോഗശൂന്യമാണെന്ന് മന്ത്രി പറഞ്ഞു.

# പഴ്സനൽ സ്റ്റാഫിന് പെരുമാറ്റച്ചട്ടം വരുന്നു

കൊല്ലം: മന്ത്രിമാരുടെ പഴ്സനൽ സ്റ്റാഫിന് പെരുമാറ്റച്ചട്ടവും പ്രവർത്തന മാർഗരേഖയും വരും. ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹയുടെ നിർദേശപ്രകാരം 12 ഇന മാർഗരേഖ റിപ്പോർട്ട് തയ്യാറായി. പൊതുഭരണവകുപ്പ് ഉടൻ സർക്കുലർ പുറത്തിറക്കും. ഇതനുസരിച്ച് ഓരോ വകുപ്പിലും സ്റ്റാഫ് അംഗങ്ങളുടെ ചുമതലകൾ തരംതിരിച്ച് മന്ത്രിമാർ ഉത്തരവിറക്കും.

മന്ത്രിയുടെ ഓഫീസിന്റെ ചുമതല പ്രൈവറ്റ് സെക്രട്ടറിക്കായിരിക്കും. സർക്കാർ നിശ്ചയിച്ച ശമ്പളം പറ്റുന്ന തസ്തികയിൽ കേരള സർവീസ് റൂൾസും കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടവും ബാധകമാകും. പഴ്സനൽ സ്റ്റാഫിന്റെ അച്ചടക്കം ഉറപ്പാക്കുന്നതിനുള്ള ഉത്തരവാദിത്തം പ്രൈവറ്റ് സെക്രട്ടറിക്കാണ്.

സർക്കാരിൽനിന്ന് സ്വത്ത് വാങ്ങാനോ വിൽക്കാനോ പാടില്ല. കുടുംബത്തിലെ ആരും മന്ത്രിയുടെ കീഴിലുള്ള ഏതെങ്കിലും വകുപ്പിനോ സ്ഥാപനത്തിനോ സാധനങ്ങളോ സേവനങ്ങളോ നൽകുന്ന ബിസിനസ് ആരംഭിക്കാനോ ഏർപ്പെടാനോ പാടില്ല. സ്റ്റാഫാകും മുൻപ് ബിസിനസ്സ് ഉടമസ്ഥതയോ പങ്കാളിത്തമോ ഉണ്ടെങ്കിൽ അതെല്ലാം അവസാനിപ്പിക്കണം.

മന്ത്രിയുടെ വകുപ്പിലെ സ്ഥാപനത്തിൽനിന്ന് (ചാരിറ്റബിൾ ട്രസ്റ്റ് ആയാലും) സംഭാവന സ്വീകരിക്കരുത്. മന്ത്രിയുടെ മുൻകൂർ അനുമതിയില്ലാതെ ഔദ്യോഗികമോ സ്വകാര്യമോ ആയ വിദേശയാത്ര പാടില്ല.

സർക്കാരിന്റെ നയങ്ങൾക്ക് വിരുദ്ധമായി സമൂഹമാധ്യമങ്ങളിൽ അഭിപ്രായപ്രകടനം പാടില്ല. മറ്റു മന്ത്രിമാരും വകുപ്പുകളുമായി ബന്ധപ്പെടേണ്ടത് പ്രൈവറ്റ് സെക്രട്ടറി വഴിയാകണം.

മന്ത്രിമാരെ സഹായിക്കാൻ പ്രൈവറ്റ് സെക്രട്ടറിയുണ്ടാകുമെന്നും ചീഫ് സെക്രട്ടറിക്കാകും ഇവരുടെ മേൽനോട്ടമെന്നും കേരള സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിൽ പറഞ്ഞിട്ടുള്ളതല്ലാതെ എങ്ങനെയാണ് പഴ്സനൽ സ്റ്റാഫ് അംഗങ്ങൾ പ്രവർത്തിക്കേണ്ടതെന്ന് ഒരു വ്യവസ്ഥയും നിലവിലില്ല. ആദ്യത്തെ സംസ്ഥാന മന്ത്രിസഭയുടെ കാലത്ത് പുറത്തിറക്കിയതാണ് ഈ രേഖ.

അന്ന് മന്ത്രിമാരുടെ പഴ്സനൽ സ്റ്റാഫ് അംഗങ്ങളെല്ലാം വകുപ്പിൽനിന്ന് ഉള്ളവരായിരുന്നു. അന്ന് 10 പേരാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് 25 വരെയായി.







# അനുഗ്രഹം വർഷിക്കുന്ന









**ലോ**കപ്രസിദ്ധമായ വേളാങ്കണ്ണിയിലേക്ക് തീർത്ഥാടകർ വന്നുചേരുന്നതിന്റെ പ്രധാന സവിശേഷത വേളാങ്കണ്ണി മാതാവിന്റെ അളവില്ലാത്ത അനുഗ്രഹവർഷമാണ്. ഒരിക്കൽ ഇവിടെ വന്നുപോയ ഏതൊരാൾക്കും വേളാങ്കണ്ണിയിലെ ദിവ്യമായ അനുഭൂതി മറക്കുവാൻ കഴിയുകയില്ല. ഇതുകൊണ്ടു മാത്രം ലക്ഷക്കണക്കിന് ഭക്തജനങ്ങളാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും തീർത്ഥാടനത്തിനായി ഇവിടെ എത്തിച്ചേരുന്നത്.

അറിയപ്പെടുന്ന ചരിത്രം പരിശോധിച്ചാൽ 16 - 17 നൂറ്റാണ്ടുകളിൽ നടന്നതായി പറയുന്ന വേളാങ്കണ്ണി മാതാവിന്റെ 2 ദർശനങ്ങളാണ് ഈ തീർത്ഥാടന കേന്ദ്രത്തിന്റെ ഉല്പത്തിയുമായി ബന്ധപ്പെടുത്തി തദ്ദേശവാസികൾക്ക് പറയുവാനുള്ളത്. ഇവയിൽ ആദ്യത്തേക്ക് ഒരു ഇടയച്ചെറുക്കനും ഒരു മുടന്തൻ കുട്ടിക്കുമാണ് ദർശനം ഉണ്ടായതായി ചരിത്രം രേഖപ്പെടുത്തുന്നത്.

വേളാങ്കണ്ണി മാതാവിന്റെ ആദ്യ ദർശനം ലഭിച്ച ഇടയച്ചെറുക്കൻ പതിവുപോലെ ഉച്ചസമയം പാലുമായി ആടിന്റെ ഉടമസ്ഥന്റെ വീട്ടിലേക്ക് പോകുകയായിരുന്നു. കഠിനമായ ഉച്ചവെയിലിൽ വാടിത്തളർന്ന ഇടയച്ചെറുക്കൻ അടുത്തുകണ്ട ആൽത്തറയിൽ വിശ്രമിക്കവെ ഉറങ്ങിപ്പോയി. പെട്ടെന്ന് മനോഹരമായ ഒരു ശബ്ദം കേട്ട് അവൻ ഞെട്ടിയുണർന്നു. ആൽത്തറയോടു ചേർന്നുള്ള കുളത്തിനരുകിലേക്ക് നോക്കിയപ്പോൾ അവിടെ പ്രശോഭിതമായ അന്തരീക്ഷത്തിൽ ഒരു കുഞ്ഞിനേയും കയ്യിലേന്തിയ സുന്ദരിയായ സ്ത്രീയെ കണ്ടു. ദാഹിക്കുന്ന കുഞ്ഞിന് നൽകാൻ ഇടയച്ചെറുക്കനോട് അല്പം പാലിനുവേണ്ടി യാചിച്ചു. തന്റെ യജമാനന്റെ വസതിയിൽ നൽകുവാനായി വച്ചിരുന്ന പാലിൽനിന്ന് കുഞ്ഞിനാവശ്യമായ പാൽ കൊടുത്താൽ ഉണ്ടാകുന്ന ഭവിഷ്യത്ത് അറിയാമെങ്കിലും അവൻ നല്ല മനസ്സോടെ കുഞ്ഞിനാവശ്യമായ പാൽ നൽകി.

ഭയചകിതനായാണ് ഇടയച്ചെറുക്കൻ യജമാനന്റെ വീട്ടിൽ എത്തിയത്. മനസ്സില്ലാ മനസ്സോടെ ഉണ്ടായ സംഭവം പറയാമെന്ന് കരുതി പാൽ ക്കുടം തുറന്നപ്പോൾ പതിവുപോലെ പാൽ കുടത്തിന്റെ വക്കുവരെ നിറഞ്ഞിരിക്കുന്നതു കണ്ട് അവൻ




**വായിക്കുക...**
**വരിക്കാരാവുക...**
**പ്രചരിപ്പിക്കുക...**

**മാർക്കറ്റിംഗ് ഫീച്ചറുകൾക്കും പരസ്യ അന്വേഷണങ്ങൾക്കും ബന്ധപ്പെടുക**

**മാനേജർ, കൊച്ചിൻ പത്രിക**
**നോർത്ത് പാലാതുരുത്തി ഫസ്റ്റ് സ്ട്രീറ്റ്**
**കലൂർ പി.ഒ., കൊച്ചി – 682 017**
**ഫോൺ : +91 484 – 2338268, 3917321**
**ഫാക്സ് : +91 484 2402389**
**മൊബൈൽ : +91 9447090041**
**Website : www.kochinpathrika.com**
**E-mail : mail@kochinpathrika.com**
**kochinpathrika1@rediffmail.com**

# വേളാങ്കണ്ണി മാതാവ്



അത്ഭുതസ്തബ്ധനായി. തുടർന്ന് നടന്ന സംഭവങ്ങൾ കേട്ട യജമാനൻ ഇടയച്ചെറുക്കനുമായി ദർശനം നടന്ന സ്ഥലത്തെത്തി. അതേ ദർശനം തന്നെ അയാൾക്കുമുണ്ടായി. ഹൈന്ദവ രീതിയിലുള്ള മാതൃവണക്കം അന്നു മുതൽ അവിടെ ആരംഭിച്ചതായി ചരിത്രം രേഖപ്പെടുത്തുന്നു. അതാണ് ഇന്നു കാണുന്ന മാതാക്കുളം. ഭക്തജനങ്ങൾ ഇന്നും ആ കിണറിലെ വെള്ളം വിശ്വാസത്തോടെ കുപ്പികളിൽ നിറച്ച് വീടുകളിൽ കൊണ്ടുവന്നു സൂക്ഷിക്കുന്നു. ശരീരത്തിനോ മറ്റോ എന്തെങ്കിലും അസ്വസ്തത തോന്നുന്ന അവസരത്തിൽ ഈ വെള്ളം അല്പം കുടിച്ചാൽ അത് മാറും എന്നതാണ് ഇന്നും ഭക്തരുടെ വിശ്വാസം.

ഏതാനും വർഷങ്ങൾ കഴിഞ്ഞ ശേഷമാണ് രണ്ടാമത്തെ ദർശനം മുടന്തൻ കുട്ടിക്ക് ഉണ്ടായത് വേളാങ്കണ്ണിയ്ക്കടുത്ത് “നടുത്തിട്ട” എന്ന സ്ഥലത്ത് എത്തിച്ചേരുന്ന യാത്രക്കാർക്ക് മോരു വില്പന ചെയ്യുകയായിരുന്നു മുടന്തൻ കുട്ടിയുടെ ജോലി. ഒരു ദിവസം ഉണ്ണിയേശുവിനെ കയ്യിലേന്തിയ മാതാവ് ഇവനോട് ഉണ്ണിക്ക് മോരു വാങ്ങിക്കൊടുത്തു. ഇതോടെ അവന്റെ മുടന്തുമാറി. ഈ വിവരം നാഗപട്ടണത്തെ കത്തോലിക്കനെ അറിയിക്കണമെന്ന് ആവശ്യപ്പെട്ടു. അതേ സമയം തന്നെ കത്തോലിക്കനും രാത്രിയിൽ ഇത്തരമൊരു ദർശനമുണ്ടായി. മുടന്തൻ കുട്ടിയെ നേരിട്ടറിയാവുന്ന കത്തോലിക്കന് അവന്റെ മുടന്ത് മാറിയത് മാതാവിന്റെ അത്ഭുതം മൂലമാണെന്ന് മനസ്സിലായി. മാതാവിന്റെ ദർശനസ്ഥലത്ത് അന്വേഷണം നടത്തിയ കത്തോലിക്കന് മുടന്തൻ കുട്ടി പറഞ്ഞതുമാതിരിയുള്ള അനുഭവങ്ങൾ തദ്ദേശവാസികൾക്കും ഉണ്ടായതായി അറിഞ്ഞു. അവിടെ വച്ചും കത്തോലിക്കന് മാതാവിന്റെ ദിവ്യദർശനം ഉണ്ടായി. ദൈവമഹത്വത്തിനായി അവിടെ ഒരു പ്രാർത്ഥനാലയം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടു. അതനുസരിച്ച് ഒരു ചെറിയ ഷെഡ് നിർമ്മിച്ച് അതിൽ ഒരു പീഠം നിർമ്മിച്ച് ദർശനത്തിൽ കണ്ട മാതാവിന്റെയും ഉണ്ണിയുടെയും രൂപം പ്രതിഷ്ഠിച്ചു. തുടർന്ന് നാടെങ്ങും ഈ പ്രാർത്ഥനാലയത്തിന്റെ അത്ഭുതങ്ങളെപ്പറ്റി പ്രചാരം ലഭിക്കുകയും ഭക്തജനങ്ങൾ അനുദിനം ഇവിടെ വന്നു പോകുകയും ചെയ്യുന്നു.

17-ാം നൂറ്റാണ്ടിൽ പോർച്ചുഗീസ് സാർവ്വലൗകീക നാവീകാധിപത്യ കാലത്ത് ചൈനയിലെ മാക്കോവായിൽനിന്നും സിലോണിലേക്ക് പോകുകയായിരുന്ന കച്ചവടക്കപ്പൽ കൊടുങ്കാറ്റിൽപ്പെട്ടു. അതിലെ നാവികരും മറ്റും ഇങ്ങനെയുള്ള അവസ്ഥയിൽ ചെയ്യാറുള്ളതുപോലെ മാതാവിൽ അഭയം തേടി. ദുർഘടമായ ഈ അപകടത്തിൽ നിന്നും രക്ഷനേടി എത്തുന്നിടത്ത് ദൈവമഹത്വത്തിനായി ഒരു ആലയം നിർമ്മിക്കാമെന്ന് നേർച്ച നേർന്ന് പ്രാർത്ഥിച്ചതിന്റെ ഫലമായി വേളാങ്കണ്ണിക്ക് സമീപം കപ്പലിന് നങ്കൂരം ഉറപ്പിക്കാനായി. നാവികർ നേരെ നടന്നെത്തിയത് കത്തോലിക്കൻ നിർമ്മിച്ച ഓലമേഞ്ഞ പള്ളിയിലേക്കായിരുന്നു. അവിടെവച്ച് നാവികന് മാതാവ് ദർശനം നൽകുകയും ദേവാലയം നിർമ്മിക്കേണ്ട കൃത്യസ്ഥലം കാണിച്ചുകൊടുക്കുകയും ചെയ്തു. തുടർന്ന് അവിടെ നിർമിച്ച പള്ളിയിൽ ചൈനയിൽ നിന്നും കൊണ്ടുവന്ന കളിമൺ പെയ്ന്റിംഗ് പ്ലെയിറ്റിൽ ആലേഖനം ചെയ്തുപ്രതിഷ്ഠിച്ച മാതാവിന്റെ രൂപം ഇന്നും ഭക്തജനങ്ങൾ ആരാധിക്കുന്നു.

**ജോളി സൈമൺ**




ഈ നേട്ടം കൊച്ചിൻ പത്രികയ്ക്ക് മാത്രം സ്വന്തം!!!

29 വർഷം കൊണ്ട് 100% വളർച്ച!

കൊച്ചിൻ പത്രിക എന്നും
കൊച്ചി നഗരത്തിന്റെ കുതിപ്പിനൊപ്പം!

വായനക്കാരും പരസ്യം നൽകുന്നവരും
ഒരേ സമയം അംഗീകരിക്കുന്നു
നഗരസ്പന്ദനങ്ങളുടെ നേർചിത്രം, കാണാൻ
കൊച്ചിൻ പത്രിക വായിക്കൂ!

| പരസ്യ നിരക്ക് | | വരിസംഖ്യാ നിരക്ക് | |
|---|---|---|---|
| Col. cm | : Rs. 200/- | Yearly | : Rs. 120/- |
| Classified | : Rs. 100/- | Life Subscription | : Rs. 1800/- |
| Colour : Rs. 400/- | | | |

സ്ഥിരം ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്
കൊച്ചിൻ പത്രിക സൗജന്യമായി നൽകുന്നു

# മാരക കളനാശിനിക്ക് നിരോധനമില്ലെന്ന്...

**സ്വന്തം ലേഖകൻ**



ന്യൂഡൽഹി: കേരളത്തിൽ താൽക്കാലികമായി നിരോധിച്ച കാൻസർ ഉൾപ്പെടെ മാരക രോഗങ്ങൾക്ക് കാരണമാകുന്ന കളനാശിനി ഗ്ലൈഫോസേറ്റ് രാജ്യവ്യാപകമായി നിരോധിക്കില്ലെന്ന് കേന്ദ്ര സർക്കാർ. നിരോധിക്കുന്നതിന് പകരം നിയന്ത്രിത ഉപയോഗത്തിന് കർശന വ്യവസ്ഥകൾ ഏർപ്പെടുത്താനാണ് കഴിഞ്ഞ ദിവസം ചേർന്ന സെൻട്രൽ ഇൻസെക്ടിസൈഡ്സ് ബോർഡ് ആന്റ് രജിസ്ട്രേഷൻ കമ്മിറ്റി തീരുമാനിച്ചത്. മനുഷ്യരിൽ മാരക പാർശ്വഫലങ്ങളുണ്ടാക്കുന്ന ഗ്ലൈഫോസേറ്റ് നിരോധിക്കണമെന്ന് പരിസ്ഥിതി സംഘടനകളും ആരോഗ്യപ്രവർത്തകരും വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്.

കൃഷിയിടങ്ങളിൽ ഗ്ലൈഫോസേറ്റ് സ്പ്രേ ചെയ്യാൻ അനുവാദമില്ല. പകരം പ്രത്യേക പരിശീലനം ലഭിച്ച ലൈസൻസുള്ള പെസ്റ്റ് കൺട്രോൾ ഓപ്പറേറ്റേഴ്സിനെ മാത്രം അനുവദിക്കാനാണ് തീരുമാനം. തുടർനടപടികൾക്കായി ഈ ശുപാർശ കൃഷി മന്ത്രാലയത്തിന്റെ കൃഷി, കർഷക ക്ഷേമ വകുപ്പിന് കൈമാറാനും സെൻട്രൽ ഇൻസെക്ടിസൈഡ്സ് ബോർഡ് ആന്റ് രജിസ്ട്രേഷൻ കമ്മിറ്റി സെക്രട്ടറി ഡോ. സുഭാഷ് ചന്ദിനോട് നിർദേശിച്ചു.

എന്നാൽ, ലൈസൻസുള്ളവർക്ക് മാത്രം ഗ്ലൈഫോസേറ്റ് പ്രയോഗിക്കാം എന്ന വ്യവസ്ഥ ഭാവിയിൽ ഇതുമൂലമുണ്ടാകുന്ന അപകടങ്ങളിൽ മരിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകേണ്ട ഉത്തരവാദിത്തത്തിൽനിന്ന് കളനാശിനി നിർമാതാക്കളെ ഒഴിവാക്കുമെന്ന് വിമർശനമുണ്ട്.

ഗ്ലൈസോഫേറ്റ് കളനാശിനിയുടേയും ഇവയടങ്ങിയ മറ്റ് ഉല്പന്നങ്ങളുടെയും വില്പനയും ഉപയോഗവും 2019 ഫെബ്രുവരിയിൽ 2 മാസത്തേക്ക് കേരളത്തിൽ നിരോധിച്ചിരുന്നു. തേയില ത്തോട്ടങ്ങളിലും കൃഷിയില്ലാത്ത ഭൂമിയിൽ കളകൾ നശിപ്പിക്കാനും മാത്രം അനുമതിയുണ്ടായിരുന്ന ഗ്ലൈഫോസേറ്റ് വിളവിറക്കുന്നതിന് മുൻപായി നെൽപാടങ്ങളിൽ വ്യാപകമായി ഉപയോഗിച്ചു തുടങ്ങിയതോടെയാണ് നിരോധിച്ചത്.

നിലവിലെ നിയമം അനുസരിച്ച് കീടനാശിനികളും കളനാശിനിയും സ്ഥിരമായി നിരോധിക്കാൻ സംസ്ഥാനങ്ങൾക്ക് അധികാരമില്ല.

നെൽപാടങ്ങളിൽ വ്യാപകമായി ഉപയോഗിക്കുന്ന കീടനാശിനി കാർബോസൾഫാൻ നിരോധിക്കാനുള്ള ശുപാർശ സെൻട്രൽ ഇൻസെക്ടിസൈഡ്സ് ബോർഡ് ആന്റ് രജിസ്ട്രേഷൻ കമ്മിറ്റി കൃഷി മന്ത്രാലയത്തിന് നൽകി.

ഇത് സംബന്ധിച്ച ഉത്തരവ് അടുത്തുതന്നെ ഇറങ്ങുമെന്നാണ് വിവരം.

# പോലീസിനെ ജനകീയമാക്കാൻ മൈ പോലീസ് സ്റ്റേഷൻ പദ്ധതി

തിരുവനന്തപുരം; പോലീസിനെ ജനകീയമാക്കാൻ ലക്ഷ്യമിട്ടുള്ള മൈ പോലീസ് സ്റ്റേഷൻ പദ്ധതിക്ക് തുടക്കം. പോലീസ് സ്റ്റേഷന്റെ ചുമതല (എസ്എച്ച്ഒ) ഇനി മുതൽ എസ് ഐ മാർക്ക് കൈമാറും. നിലവിൽ ഇൻസ്പെക്ടർമാരുടെ ചുമതലയാണിത്. സംസ്ഥാനത്തെ 484 സ്റ്റേഷനുകളിൽ 419 എണ്ണത്തിന്റെ ചുമതലയിലേക്ക് എസ്ഐമാർ വരും. ഇതിൽ 63 ഇടത്ത് വനിതകളായിരിക്കും എസ്എച്ച്ഒ. നഗരമേഖലയിലേതടക്കം പ്രധാനപ്പെട്ട 64 സ്റ്റേഷനുകളുടെ ചുമതലയിൽ ഇൻസ്പെക്ടർമാർ തുടരും.

മുല്ലപ്പെരിയാറിന്റെ പ്രാധാന്യം കണക്കിലെടുത്ത് അവിടത്തെ സ്റ്റേഷന്റെ ചുമതല ഡിവൈഎസ്പിക്കായിരിക്കും. എസ്എച്ച്ഒ ചുമതലയിൽനിന്ന് ഇൻസ്പെക്ടർമാർ ഒഴിയുന്നതോടെ, മുൻപുണ്ടായിരുന്ന രീതിയിൽ സർക്കിളുകൾ വരും. ഏതാനും പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെ സർക്കിളിന്റെ ചുമതലയിലേക്ക് സർക്കിൾ ഇൻസ്പെക്ടർമാർ (സിഐ) വരും. 200 പോലീസ് സർക്കിളുകൾക്ക് രൂപം നൽകും.

ഓരോ വ്യക്തിയുടെയും അന്തസ്സ് മാനിച്ചുകൊണ്ട് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിന് പദ്ധതി ഊന്നൽ നൽകുമെന്നും കസ്റ്റഡി മർദനം ഇല്ലാതാക്കുമെന്നും ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു.

നവീന സൗകര്യങ്ങളടക്കം ഉൾപ്പെടുത്തി ഒക്ടോബർ 2 മുതൽ ആഭ്യന്തരമന്ത്രിയുടെ ഓഫീസ് ഹൈടെക് ആകും. ഓഫീസിൽ ലഭിക്കുന്ന പരാതികളിൽ നടപടിയെടുക്കാൻ പ്രത്യേക സൗകര്യമൊരുക്കും. സ്റ്റേഷനുകളിൽ ലഭിക്കുന്ന പരാതികളിൽ നടപടിയെടുക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിയെടുക്കും. പോലീസിലേക്ക് പുതുതായി ചേർന്ന ഉദ്യോഗസ്ഥരെ പ്രശ്നബാധിത മേഖലകളിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ക്രമസമാധാനച്ചുമതലയുള്ള എഡിജിപി പി.വിജയനായിരിക്കും മൈ പോലീസ് സ്റ്റേഷൻ പദ്ധതിയുടെ കോഓർഡിനേറ്റർ. പോലീസ് മേധാവി റാവാഡ എ.ചന്ദ്രശേഖർ പ്രതിമാസ അവലോകന റിപ്പോർട്ട് സർക്കാരിന് കൈമാറും.

പദ്ധതിയുടെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഒരേ നിറത്തിലുള്ള പെയ്ന്റടിക്കും. സ്റ്റേഷനുകൾ വൃത്തിയാക്കും.

സ്റ്റേഷനിലെത്തുന്നവരോട് മാന്യമായി പെരുമാറുന്നതിന് പുതിയ എസ്എച്ച്ഒമാർക്കും സിഐമാർക്കും പരിശീലനം നൽകും. റേഞ്ച് ഡിഐജിമാർ തങ്ങളുടെപരിധിയിലുള്ള സ്റ്റേഷനുകളിൽ ജനങ്ങളുടെ അഭിപ്രായശേഖരണം നടത്തും. പോലീസിന്റെ സേവനം വിലയിരുത്താനാണിത്.

സൈബർ കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ സൈബർ സെക്യൂരിറ്റി ഐജിയുടെ നേതൃത്വത്തിൽ സംവിധാനമൊരുക്കും. ജനമൈത്രി പോലീസ് കാര്യക്ഷമമാക്കും.

ജനവാസ മേഖലകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള ബീറ്റ് പോലീസ് സംവിധാനം ശക്തിപ്പെടുത്തും. പോലീസ് പരിശീലനത്തിനുള്ള സിലബസ് പരിഷ്കരിക്കും.

# കരടുചട്ടങ്ങൾ മാറ്റാതെ ലേബർ കോഡ് നടപ്പാക്കും



തിരുവനന്തപുരം: കഴിഞ്ഞ സർക്കാർ പ്രസിദ്ധീകരിച്ച കരടുചട്ടങ്ങളിൽ കാര്യമായ മാറ്റംവരുത്താതെ സംസ്ഥാനത്ത് ലേബർ കോഡ് നടപ്പാക്കും. യുഡിഎഫ് സർക്കാരിനെതിരെ തൊഴിലാളികളെ തിരിച്ചുവിടാൻ ലേബർ കോഡിനെ സിപിഎം മറയാക്കുമെന്ന് മനസ്സിലാക്കിയാണ് നീക്കം. സർക്കാരിനെതിരായി സമരം ചെയ്യാനുള്ള പ്രധാന വിഷയങ്ങളിൽ ഒന്നായി എൽഡിഎഫ് പരിഗണിച്ചത് ലേബർ കോഡ് ആയിരുന്നു.

രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾ സംയോജിപ്പിച്ച് 4 ലേബർ കോഡുകൾ പാർലമെന്റ് പാസാക്കി. 2025 നവംബർ 21നാണ് വിജ്ഞാപനം ചെയ്തത്. ഇത് തൊഴിലാളി വിരുദ്ധമാണെന്നതായിരുന്നു പിണറായി വിമർശനം. കോഡിനെതിരെ ശക്തമായ നിലപാട് സ്വീകരിച്ചത് കേരളമാണെന്ന വ്യാതിയിൽ നിൽക്കുമ്പോഴാണ് കേന്ദ്രം ആവശ്യപ്പെട്ട മാത്രയിൽതന്നെ കേരളം കരടുചട്ടം രൂപീകരിച്ചത്. അതോടെ സർക്കാരും പാർട്ടിയും വെട്ടിലായി. ആ ചട്ടങ്ങളിൽ യുഡിഎഫ് സർക്കാർ കാര്യമായ മാറ്റമൊന്നും വരുത്തില്ല. പകരം, എല്ലാ യൂണിയനുകളുടെയും പ്രതിനിധികളുടെ യോഗം വിളിക്കും. അതിൽ ഉയരുന്ന ആവശ്യങ്ങൾകൂടി ഉൾപ്പെടുത്തി അന്തിമ ചട്ടം പ്രസിദ്ധീകരിക്കും.



# സ്പൈസ് ജെറ്റ് തെറ്റിദ്ധാരണ പ്രചരിപ്പിക്കുന്നുവെന്ന് സിയാൽ

**സ്വന്തം ലേഖകൻ**




നെടുമ്പാശ്ശേരി: വിമാന സർവീസുകൾ തടസ്സപ്പെടുന്നതുമായി ബന്ധപ്പെട്ട് സ്പൈസ് ജെറ്റ് അധികൃതർ സമൂഹ മാധ്യമങ്ങളിലൂടെ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ പ്രചരിപ്പിക്കുന്നതായി കൊച്ചി വിമാനത്താവള കമ്പനി (സിയാൽ) അധികൃതർ അറിയിച്ചു.

കൊച്ചിയിലെ മോശം കാലാവസ്ഥയാണ് സർവീസുകൾ തടസ്സപ്പെടാൻ കാരണമെന്ന രീതിയിൽ സ്പൈസ് ജെറ്റ് സാമൂഹിക മാധ്യമങ്ങളിലൂടെ ഇത് പ്രചരിപ്പിക്കുകയാണ്. കൊച്ചിയിൽ ഇത്തരം സർവീസ് തടസ്സങ്ങൾക്ക് കാരണമാകുന്ന പ്രതികൂല കാലാവസ്ഥാ സൗഹചര്യം ഉണ്ടായിരുന്നില്ല. ഇതേ കാലയളവിൽ കൊച്ചിയിൽനിന്ന് സർവീസ് നടത്തുന്ന മറ്റൊരു വിമാനക്കമ്പനിയും കാലാവസ്ഥ കാരണം സർവീസുകൾ റദ്ദാക്കിയിട്ടില്ലെന്നും അധികൃതർ ചൂണ്ടിക്കാട്ടി.

യാത്രക്കാരുടെ പരാതികൾ തുടരുമ്പോഴും തിരുത്തൽ നടപടികൾ സ്വീകരിക്കുകയോ വിമാനക്കമ്പനി ചെയ്തിട്ടില്ല. യാത്രക്കാരെ സഹായിക്കുന്നിനും ആവശ്യമായ പിന്തുണയും ആശ്വാസവും നൽകുന്നതിനും വിമാനത്താവള നടത്തിപ്പുകാരെന്ന നിലയിൽ സിയാൽ ശ്രമിക്കുന്നുണ്ട്.

സ്പൈസ് ജെറ്റിൽ ടിക്കറ്റ് ബുക്ക് ചെയ്തിട്ടുള്ള യാത്രക്കാർ വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിന് മുമ്പ് സർവീസിന്റെ തൽസ്ഥിതി വിമാനക്കമ്പനിയുമായി ബന്ധപ്പെട്ട് പരിശോധിക്കണമെന്ന് സിയാൽ അധികൃതർ ആവശ്യപ്പെട്ടു.

യാത്രക്കാർക്ക് മുന്നറിയിപ്പ് നൽകാനാണ് സ്പൈസ് ജെറ്റ് ശ്രമിച്ചതെന്നും ഇത് തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയെന്നും ഇതിൽ ഖേദം പ്രകടിപ്പിക്കുന്നുവെന്നും സ്പൈസ് ജെറ്റിന്റെ വക്താവ് അറിയിച്ചു.

സർവീസുകളെ കാലാവസ്ഥ ബാധിച്ചേക്കാമെന്ന സാധ്യത മാത്രമാണ് അറിയിപ്പിൽ വ്യക്തമാക്കിയത്.

# മെട്രോയിൽ നിന്ന് കൊച്ചി മാറില്ല



കൊച്ചി: മെട്രോ റെയിലിന്റെ പേരിലെ കൊച്ചി മാറ്റില്ലെന്നും കമ്പനിയുടെ പേരു മാറ്റാനുള്ള ശുപാർശ മാത്രമാണ് നൽകിയതെന്നും കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെഎംആർഎൽ). ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ പ്രത്യേകമായി നിർദേശം നൽകിയിട്ടില്ല. നിലവിലുള്ളകേന്ദ്ര മാർഗരേഖ പാലിക്കുക മാത്രമാണ് ചെയ്തതെന്ന് കെഎംആർഎൽ വിശദീകരിച്ചു.

കേന്ദ്രത്തിൽ ഭവന-നഗര കാര്യമന്ത്രാലയത്തിന് കീഴിലാണ് മെട്രോ റെയിൽ പദ്ധതികൾ വരുന്നത്. ഒരു സംസ്ഥാനത്ത് ഒന്നിലധികം നഗരങ്ങളിൽ മെട്രോ സംവിധാനമുണ്ടെങ്കിൽ അവയ്ക്കായി ഒറ്റ മെട്രോ റെയിൽ കമ്പനി മാത്രമായിരിക്കണം എന്ന് നേരത്തെ തന്നെയുള്ള കേന്ദ്ര മാർഗരേഖയാണ്. ഇക്കാര്യം സൂചിപ്പിച്ച് കേരളം മെട്രോ എന്ന് പേര് ശുപാർശ ചെയ്യുക മാത്രമാണ് ഉണ്ടായതെന്നാണ് കെഎംആർഎൽ വിശദീകരിക്കുന്നത്.

പേരു മാറ്റം സംബന്ധിച്ച കെഎംആർഎൽ നടപടി തുടക്കത്തിലേ വിവാദമായിരുന്നു. മുഖ്യമന്ത്രി വി.ഡി.സതീശൻ ഈ നീക്കത്തോട് എതിർപ്പ് പ്രകടിപ്പിച്ചു. ഹൈബി ഈഡൻ എംപി, ടി.ജെ. വിനോദ് എംഎൽഎ തുടങ്ങിയവർ പേരുമാറ്റം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. തുടർന്നാണ് വിവാദം അവസാനിപ്പിക്കും വിധമുള്ള കെഎംആർഎൽ വിശദീകരണം.

കെഎംആർഎൽ നൽകിയ നിർദേശത്തിൽ തീരുമാനമെടുക്കാനുള്ള പൂർണ അധികാരം സംസ്ഥാന സർക്കാരിനാണ്. സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും പുതിയ മെട്രോ പദ്ധതികൾ വരുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു ശുപാർശ കെഎംആർഎൽ നൽകിയത്. സംസ്ഥാന സർക്കാർ ശുപാർശ നിരസിച്ചാൽ കെഎംആർഎലിന്റെ ഭാഗത്തുനിന്നു തുടർ നടപടികളുണ്ടാകില്ലെന്ന് മെട്രോ റെയിൽ അധികൃതർ വിശദീകരിച്ചു.

# കെപിസിസിയ്ക്ക് പുതിയ പ്രസിഡന്റ് എവിടെ?



തിരുവനന്തപുരം: വി.ഡി. സതീശൻ സർക്കാർ വന്നിട്ട് 100 ദിവസം പിന്നിട്ടിട്ടും പുതിയ കെപിസിസി പ്രസിഡന്റ് സംബന്ധിച്ച ചർച്ച തുടങ്ങിയിട്ടുതന്നെയില്ല. പാർട്ടിയും സർക്കാരും തമ്മിൽ വേണ്ട ഏകോപനത്തെയും പരസ്പര പിന്തുണയെയും ഇതു കാര്യമായി ബാധിക്കുന്നുവെന്ന് വിമർശനം കോൺഗ്രസ്സിൽ ശക്തമായി.

സർക്കാരുമായി ബന്ധപ്പെട്ട നയപരവും പ്രധാനപ്പെട്ടതുമായ തീരുമാനങ്ങൾ പാർട്ടി തലത്തിൽ ആലോചിക്കുന്നതും അങ്ങനെ സർക്കാർ നടത്തുന്ന പ്രഖ്യാപനങ്ങൾ പാർട്ടി ഏറ്റെടുത്ത് ജനങ്ങൾക്കിടയിലേക്ക് കൂടുതൽ എത്തിക്കുന്നതുമാണ് കേരളത്തിലെ രീതി. കെപിസിസി പ്രസിഡന്റായിരുന്ന സണ്ണി ജോസഫ് മന്ത്രിയായതിനെ തുടർന്ന് പുതിയ പ്രസിഡന്റ് നിയമനം നീണ്ടതോടെ രണ്ടും നടക്കുന്നില്ല. പഴ്സനൽ സ്റ്റാഫ് നിയമനം ഉൾപ്പെടെ ഇതുവരെയുള്ള പ്രധാന നിയമനങ്ങളെല്ലാം തന്നെ മുഖ്യമന്ത്രിയുടെ അനുവാദത്തോടെ മന്ത്രിമാർ നടത്തുകയാണ് ചെയ്തത്.

ബജറ്റ് അടക്കമുള്ള സർക്കാരിന്റെ സുപ്രധാന പ്രഖ്യാപനങ്ങളിലും പാർട്ടിക്ക് റോളുണ്ടായില്ല. ആ പ്രഖ്യാപനങ്ങളുടെ പ്രചരണത്തിനായി പാർട്ടിതല സംവിധാനവും പ്രവർത്തിച്ചില്ല. സെക്രട്ടേറിയറ്റിലും മന്ത്രിമാരുടെ ഓഫീസിലും കാണുന്ന തിരക്ക് കെപിസിസി ആസ്ഥാനത്തില്ല. ഭരണകക്ഷി ആസ്ഥാനമെന്ന് പോലും തോന്നാത്ത തരത്തിൽ ഇന്ദിരാഭവൻ ആളൊഴിഞ്ഞതായി. സർക്കാർ വന്നശേഷം പാർട്ടി നേതൃയോഗം ചേർന്നത് ഒരു തവണയാണ്. സർക്കാർ-പാർട്ടി ഏകോപനത്തിന് സംവിധാനം ഉണ്ടാക്കുമെന്ന യോഗ തീരുമാനത്തിലും തുടർ ചർച്ചയില്ല. ഡിസിസികളിലെ സ്ഥിതിയും ഇതുതന്നെ. 7 ഡിസിസി പ്രസിഡന്റുമാർ എംഎൽഎമാരായി. 14 ഡിസിസികളും പുനഃസംഘടിപ്പിക്കുമെന്ന പ്രചാരണം ഉള്ളതുകൊണ്ട് നിലവിലുള്ളവർ ചട്ടപ്പടി രീതിയിലാണ് മുന്നോട്ടുപോകുന്നത്. പാർട്ടി ഭാരവാഹിത്വത്തിലുള്ളവർ മന്ത്രിസഭയിലുള്ളതിനാൽ പാർട്ടിയും സർക്കാരും തമ്മിൽ വിടവില്ലല്ലോയെന്നു ചോദിക്കുന്നവരുണ്ട്.

കെപിസിസി പ്രസിഡന്റ് സണ്ണി ജോസഫും മുൻ കെപിസിസി പ്രസിഡന്റുമാരായ രമേശ് ചെന്നിത്തലയും കെ.മുരളീധരനും മന്ത്രിസഭയിലുണ്ട്.



# വിശുദ്ധ മദർ തെരേസയുടെ നൂറ്റിപതിനാറാമത് ജന്മദിനം



അന്യേസ (ആഗ്നസ്) ഗോൻജെ ബോയാ എന്നതായിരുന്നു മദർ തെരെസായുടെ പൂർവാശ്രമ നാമധേയം. ഓട്ടമൻ സാമ്രാജ്യത്തിലെ കൊസവോ പ്രവിശ്യയിലുള്ള സ്കോപ്യായ് എന്ന സ്ഥലത്താണ് 1910 ആഗസ്റ്റ് 20ന് ആഗ്നസ് എന്ന മദർ തെരെസാ ജനിച്ചത്. ഇത് ഇന്നത്തെ മാസിഡോണിയയുടെ ഭാഗമാണ്. ജന്മംകൊണ്ട് അൽബേനിയക്കാരിയും, പൗരത്വം കൊണ്ട് ഇന്ത്യക്കാരിയും, ജീവിതംകൊണ്ട് കത്തോലിക്ക സന്യാസിനിയുമാണ് മദർ തെരേസ.

മിഷണറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീ സഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ മദർ ദീർഘകാലം പ്രവർത്തിച്ചു.

മദർ തെരേസക്ക് ബംഗാളി, സെർബോ-ക്രൊയേഷ്യൻ, അൽബേനിയൻ, ഇംഗ്ലീഷ്, ഹിന്ദി എന്നിങ്ങനെ അഞ്ച് ഭാഷകളിൽ പ്രാവീണ്യമുണ്ടായിരുന്നു

1962ൽ ഇന്ത്യ മദർ തെരേസക്ക് പത്മശ്രീ ബഹുമതി നൽകി ആദരിച്ചിരുന്നു. ഇന്ത്യക്കു പുറത്തു ജനിച്ച ഒരാൾക്ക് ഈ ബഹുമതി നൽകുന്നത് ഇത് ആദ്യമായിട്ടായിരുന്നു.

പത്മശ്രീ സ്വീകരിക്കാൻ മാത്രമുള്ള സേവന യോഗ്യതയില്ല എന്ന് പറഞ്ഞ് മദർ ഒഴിഞ്ഞുമാറിയെങ്കിലും, പാവങ്ങൾക്കു വേണ്ടിയെങ്കിലും ഇത് സ്വീകരിക്കണം എന്നുള്ള ഒരുപാട് പേരുടെ സ്നേഹ പ്രേരണയാൽ പത്മശ്രീ പുരസ്കാരം മദർ ഏറ്റുവാങ്ങി.

1969ൽ ജവഹർലാൽ നെഹ്റു അവാർഡ് ഫോർ ഇന്റർനാഷണൽ അണ്ടർസ്റ്റാന്റിംഗ് പുരസ്കാരത്തിനും മദർ തെരേസ അർഹയായി. 1980ൽ രാഷ്ട്രം ഒരു പൗരനു നൽകുന്ന ഏറ്റവും ഉയർന്ന ബഹുമതിയായ ഭാരത രത്ന പുരസ്കാരവും ഇന്ത്യ നൽകി മദർ തെരേസയെ ആദരിച്ചു. ഭാരതരത്ന അവാർഡും, ഇതാദ്യമായായിരുന്നു ഇന്ത്യക്കു പുറത്തു ജനിച്ച ഒരു വ്യക്തിക്കു നൽകുന്നത്.

മദർ തെരേസയുടെ സമഗ്ര സേവന പ്രവർത്തനങ്ങളുടെ പേരിൽ 1979-ൽ സമാധാനത്തിനുള്ള നോബൽ പുരസ്കാരവും ലഭിച്ചു. അങ്ങനെ ലോകത്തിന്റെ ആദരവും മദർ ഏറ്റുവാങ്ങി. 1971ൽ വത്തിക്കാൻ അവരെ മാർപാപ്പ സമാധാന സമ്മാനം നൽകി ആദരിക്കുകയുമുണ്ടായി. പോൾ ആറാമൻ ആണ് ഈ ബഹുമതി മദർ തെരേസക്കു നൽകിയത്.

മദർ തെരേസക്ക് നോബൽ സമ്മാനം ലഭിച്ച വർഷം ഭാരത സർക്കാർ അവരോടുള്ള ആദരസൂചകമായി അവരുടെ ചിത്രം ആലേഖനം ചെയ്ത ഒരു തപാൽ സ്റ്റാമ്പ് പുറത്തിറക്കിയിരുന്നു. കൂടാതെ കൽക്കത്തയിലെ ചരിത്രപ്രസിദ്ധമായ പാർക്ക് തെരുവിനെ മദർ തെരേസ സരണി എന്ന് പുനർനാമകരണം ചെയ്യുകയും ചെയ്തു.

1997 സെപ്തംബർ 5ന് എൺപത്തിയേഴാമത്തെ വയസ്സിൽ കൽക്കത്തയിൽ വച്ച് മദർ തെരേസ മരണമടഞ്ഞു.

മരണശേഷം ജന്മനാടും ലോകവും മദർ തെരേസയുടെ ഓർമ്മയ്ക്കായി സ്മാരകങ്ങളും മറ്റും പണിതുയർത്താൻ തുടങ്ങി. ജന്മനാടായ അൽബേനിയായിലെ ഏക വിമാനത്താവളത്തിന് മദർ തെരേസയുടെ നാമമാണ് നൽകിയിരിക്കുന്നത്.

സെപ്റ്റംബർ 5ന് വി. മദർ തെരേസ ദിനമായി അൽബേനിയായിൽ ആചരിക്കുന്നു, അന്ന് അവിടെ പൊതു അവധി ദിവസമാണ്. കൂടാതെ മദറിന്റെ ജന്മസ്ഥലമായ സ്കോപ്യായിൽ ഒരു മ്യൂസിയവും പൊതുജനങ്ങൾക്കായി തുറന്നിട്ടുണ്ട്.

2010ൽ മദർ തെരേസയുടെ ജന്മദിനശതാബ്ദിയാഘോഷവേളയിൽ ആദരസൂചകമായി ഭാരത സർക്കാർ മദറിന്റെ രൂപം ആലേഖനം ചെയ്ത അഞ്ചുരൂപാ നാണയം പുറത്തിറക്കിയിരുന്നു.

2016 സെപ്റ്റംബർ 4-ന് മദർ തെരേസയെ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.

ഇന്ത്യയിൽ, പ്രത്യേകിച്ച് കൊൽക്കത്ത തെരുവീഥികളിൽ മദർതെരേസയും അവരുടെ സന്യാസിനി സംഘവും, അശരണരുടേയും, രോഗികളുടേയും, ആശയറ്റവരുടേയും ഒരു പ്രതീക്ഷയായിരുന്നു. ആ വലിയ പ്രതീക്ഷാശ്വാസത്തെ ഭാരത മണ്ണിൽ നിറവായി വിതറിയ വിശുദ്ധ മദർ തെരേസായ്ക്ക് പ്രണാമം.

**– ജോളി സൈമൺ**

# ജനകീയാസൂത്രണത്തിന് 30 വയസ്സ്

1996 ചിങ്ങം ഒന്നിന് കേരളത്തിൽ നടപ്പാക്കിയ ജനകീയാസൂത്രണത്തിന് 30 വയസ്സ്. സ്വാതന്ത്ര്യത്തിനുശേഷം 8 പഞ്ചവത്സര പദ്ധതികൾ പൂർത്തിയാക്കിയിട്ടും വേണ്ടത്ര വികസനം നടപ്പാക്കാൻ കഴിഞ്ഞില്ലെന്ന വിലയിരുത്തലിനെ തുടർന്നാണ് ജനകീയാസൂത്രണ പദ്ധതിക്ക് സംസ്ഥാന സർക്കാർ തുടക്കമിട്ടത്. സംസ്ഥാന ബജറ്റിന്റെ 35% തുക തദ്ദേശ സ്ഥാപനങ്ങൾക്കായി മാറ്റിവച്ചു. ഒട്ടേറെ അധികാരങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്തു. വികസനപദ്ധതികൾ വിഭാവനം ചെയ്യാനും അവ നടപ്പാക്കാനുമുള്ള അധികാരവും നൽകി.

സമ്പൂർണ ജനാധിപത്യമായിരുന്നു ജനകീയാസൂത്രണത്തിന്റെ ലക്ഷ്യം. അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പാക്കിയതിനുള്ള കേന്ദ്ര സർക്കാരിന്റെ 2009-10ലെ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്.






# സിൽവർ സ്റ്റോമിൽ ഇനി കേബിൾ കാറുകളും

**സ്വന്തം ലേഖകൻ**




അതിരപ്പിള്ളി: പ്രകൃതിരമണീയമായ അതിരപ്പിള്ളിയിലെ പശ്ചിമഘട്ട വനമേഖലയുടെ മാസ്മരികത അറിയാൻ സിൽവർ സ്റ്റോമിൽ ആകാശ യാത്ര ഒരുക്കിയിരിക്കുന്നതായി മാനേജിംഗ് ഡയറക്ടർ എ.ഐ.ഷാലിമാർ പറഞ്ഞു.

അതിശയിപ്പിക്കുന്ന ആകാശ കാഴ്ചകൾക്കായി അത്യാകർഷകമായ കേബിൾ കാറുകൾ സ്കൈ സ്റ്റോം സജ്ജമാക്കിയിരിക്കുന്നതായും അദ്ദേഹം പറഞ്ഞു. സിൽവർ സ്റ്റോമിലെ കേബിൾ കാറുകളുടെ വിപുലമായ ശ്രേണി 23ന് വൈകിട്ട് 4ന് മുഖ്യമന്ത്രി വി.ഡി. സതീശൻ നാടിന് സമർപ്പിക്കുമെന്നും എ.ഐ.ഷാലിമാർ പറഞ്ഞു.

അത്യാധുനീക സംവിധാനത്തിൽ നിർമ്മാണം പൂർത്തിയാക്കിയ ജംഗിൾ സ്റ്റോമിന്റെ ഉദ്ഘാടനം വ്യവസായ വകുപ്പ് മന്ത്രി പി.കെ. കുഞ്ഞാലികുട്ടി നിർവ്വഹിക്കും. മന്ത്രിമാരായ പി.സി.വിഷ്ണുനാഥ്, റോജി എം ജോൺ, ഒ.ജെ.ജനീഷ്, ബെന്നി ബഹനാൻ എം.പി., സനീഷ് കുമാർ ജോസഫ് എം.എൽ.എ., ജില്ലാ കളക്ടർ ശിവ സുരേന്ദ്രൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

ദിവസേന അയ്യായിരത്തിലധികം സന്ദർശകർക്ക് അതിശയിപ്പിക്കുന്ന ആകാശയാത്രയുടെ നവ്യാനുഭവം ആസ്വദിക്കാൻ കഴിയുന്ന രീതിയിലാണ് കേബിൾ കാറിന്റെ സഞ്ചാരപാത ഒരുക്കിയിരിക്കുന്നതെന്ന് എ.ഐ.ഷാലിമാർ പറഞ്ഞു.

പുതിയതായി ആരംഭിക്കുന്ന 25 റൈഡുകളും 8 ഹൈ ത്രില്ലിങ്ങ് വാട്ടർ റൈഡുകളും 7 അഡ്വഞ്ചർ അമ്യൂസ്മെന്റ് റൈഡുകളും കൂടി ഒന്നിച്ചവതരിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പാർക്കാണ് അതിരപ്പിള്ളിയിലെ സിൽവർ സ്റ്റോമെന്നും വാട്ടർ തീം പാർക്ക്, സ്നോ പാർക്ക്, കേബിൾ കാർ, ഫോറസ്റ്റ് വില്ലേജ്, റിസോർട്ട്സ് തുടങ്ങിയവയെല്ലാം ഒരു കുടക്കീഴിൽ ഒരുക്കിയിട്ടുള്ള ഇന്ത്യയിലെ ഏക ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ എന്ന റെക്കോഡും സിൽവർ സ്റ്റോം സ്വന്തമാക്കുകയാണെന്ന് മാനേജിങ്ങ് ഡയറക്ടർ പറഞ്ഞു.

പ്രകൃതി സൗന്ദര്യവും സാങ്കേതിക വിദ്യകളും പുത്തൻ അനുഭവങ്ങളും സമന്വയിപ്പിച്ച് ടൂറിസത്തിന്റെ പുതിയ തലങ്ങളിലേക്ക് സന്ദർശകരെ കൊണ്ടുപോവുകയാണ് ടീം സിൽവർ സ്റ്റോമെന്നും അദ്ദേഹം പറഞ്ഞു.

സിൽവർ സ്റ്റോം പാർക്സ് ആൻറ് റിസോർട്ട്സിൽ വെച്ച് നടന്ന പത്രസമ്മേളനത്തിൽ ചെയർമാൻ പി.കെ. അബ്ദുൽ ജലീൽ, പ്രൊമോട്ടർ സിറാജ് വി.എ, സ്വതന്ത്ര ഡയറക്ടർ കെ.അരവിന്ദാക്ഷൻ, സി.എഫ്.ഒ. കെ.രാമചന്ദ്രൻ, മാർക്കറ്റിങ്ങ് മാനേജർ ഷാജിത് എന്നിവർ പങ്കെടുത്തു.

# 500 കിയ വാഹനങ്ങൾ നിരത്തിലിറക്കി ഇഞ്ചിയോൺ കിയ

കൊച്ചി: ചിങ്ങപ്പുലരിയിൽ കേരളത്തിൽ 500 കിയ വാഹനങ്ങൾ വിതരണം ചെയ്ത് ഇഞ്ചിയോൺ കിയ 150 സിറോസ് ഇവികൾ ഒരേ വേദിയിൽ കൈമാറി. കിയ ഇന്ത്യ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഗ്വാങ്ഗൂ ലീ ചടങ്ങിൽ മുഖ്യാതിഥിയായി. കിയ ഇന്ത്യ സെയിൽസ് ആന്റ് മാർക്കറ്റിങ് സീനിയർ വൈസ് പ്രസിഡന്റ് അതുൽ സൂദ്, ഇഞ്ചിയോൺ കിയ ചെയർമാൻ എം.എ.എം. ബാബു മൂപ്പൻ, മാനേജിങ് ഡയറക്ടർ നയീം ഷാഹുൽ എന്നിവർ പങ്കെടുത്തു.

ഒരു ഡീലർ ഒരൊറ്റ ദിവസം ഏറ്റവും കൂടുതൽ ഒരേ മോഡൽ ഇലക്ട്രിക് കാറുകൾ വിറ്റഴിച്ചു എന്ന നേട്ടത്തിന് ഇഞ്ചിയോൺ മോട്ടേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സ് അംഗീകാരവും ലഭിച്ചു.

# 80 കോടി രൂപ അറ്റാദായം നേടി ഇസാഫ് ബാങ്ക്

കൊച്ചി: സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ 80 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക് മുൻവർഷത്തെ സമാനപാദത്തിൽ 81 കോടി രൂപയുടെ നഷ്ടമായിരുന്നു. സുരക്ഷിത വായ്പകൾ, സ്വർണവായ്പകൾ, ആസ്തി ഗുണമേന്മ തുടങ്ങിയ മേഖലകളിൽ വളർച്ച് രേഖപ്പെടുത്തി. കൈകാര്യം ചെയ്യുന്ന മൊത്തം ബിസിനസ് 50,000 കോടി പിന്നിട്ടു. മൊത്തം വായ്പ 27% വാർഷിക വളർച്ചയോടെ 23,216 കോടി രൂപയും നിക്ഷേപം 19% വർഷിക വളർച്ചയോടെ 26,924 കോടി രൂപയുമായി. ബാങ്കിന്റെ വായ്പാ-നിക്ഷേപ അനുപാതം 82.3 ശതമാനമാണ്. മൊത്ത നിഷ്ക്രിയ ആസ്തി 5.4 ശതമാനമായും അറ്റ നിഷ്ക്രിയ ആസ്തി 0.8 ശതമാനമായും മെച്ചപ്പെട്ടു.

# അന്തർവാഹിനി പ്രതിരോധ കപ്പൽ മംഗ്രോൾ നേവിക്ക് കൈമാറി



കൊച്ചി: രാജ്യം തദ്ദേശീയമായി രൂപകല്പന ചെയ്ത് നിർമ്മിച്ച ആന്റി സബ്മറീൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് (എഎസ്ഡബ്ല്യു എസ്ഡബ്ല്യൂസി) മംഗ്രോൾ നാവികസേനയ്ക്ക് കൈമാറി. നേവിക്കുവേണ്ടി കൊച്ചിൻ ഷിപ്‌യാഡ് നിർമിക്കുന്ന 8 മാഹി ക്ലാസ് അന്തർവാഹിനി പ്രതിരോധ കപ്പലുകളിൽ മൂന്നാമത്തേതാണിത്.

ആഴം കുറഞ്ഞ തീരക്കടലിലെ ഭീഷണികളെ കണ്ടെത്തി പിന്തുടരാനും പ്രതിരോധിക്കാനും ശേഷിയുള്ള കപ്പലാണ് മംഗ്രോൾ. ശത്രുക്കളുടെ കടന്നുകയറ്റത്തിന് തടയിടാനുള്ള അത്യാധുനിക ജലാന്തര മൈനുകൾ കൃത്യമായി വിന്യസിക്കാനാകും നിരീക്ഷണവും തിരിച്ചിലും രക്ഷാപ്രവർത്തനവും ഉൾപ്പെടെ നിർണായക ദൗത്യങ്ങൾക്ക് ഉപയോഗിക്കാം.

ഏകദേശം 80% തദ്ദേശീയ ഘടങ്ങൾ ഉൾപ്പെടുത്തിയാണ് യുദ്ധക്കപ്പലിന്റെ നിർമാണം. കപ്പൽ വൈകാതെ പശ്ചിമ നാവിക കമാൻഡിന് കീഴിൽ കമ്മീഷൻ ചെയ്യും.

1983 മുതൽ 2004 വരെ നാവികസേനയുടെ ഭാഗമായിരുന്ന മൈൻവാരി കപ്പൽ ഐഎൻഎസ് മംഗ്രോളിന്റെ പിൻഗാമിയാണ് പുതിയ മംഗ്രോൾ. 78 മീറ്റർ നീളവും 1,100 ടൺ കേവു ഭാരവുമാണ് കപ്പലിന്. 25 നോട്സാണ് (മണിക്കൂറിൽ 46.3 കിലോമീറ്റർ) വേഗം ഒരു തവണ ഇന്ധനം നിറച്ചാൽ 1,8000 നോട്ടിക്കൽ മൈൽ (3,333 കിലോമീറ്റർ) സഞ്ചരിക്കാനാകും.





## അപൂർവ്വ വ്യക്തിത്വത്തിനുടമയായ

# കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി

സമ്പത്ത് കൊണ്ടും ബിസിനസ് സാമ്രാജ്യങ്ങൾ കൊണ്ടും ജീവിതം അളക്കുന്ന ഈ ലോകത്ത്, അപരന്റെ ജീവന് വേണ്ടി സ്വന്തം ശരീരം പകുത്തുനൽകാൻ എത്രപേർക്ക് മനസ്സ് വരും? ഒരു വലിയ ബിസിനസ് ഗ്രൂപ്പിന്റെ തലപ്പത്തിരുന്നുകൊണ്ട്, പണത്തിനപ്പുറം മനുഷ്യസ്നേഹത്തിന് വലിയൊരു വിലയുണ്ടെന്ന് ലോകത്തിന് കാണിച്ചുകൊടുത്ത അപൂർവ്വ വ്യക്തിത്വമാണ് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി.

തൃശൂരിലെ ഒരു സാധാരണ കർഷക കുടുംബത്തിൽ ജനിച്ച്, ഫിസിക്സിൽ ബിരുദാനന്തര ബിരുദം നേടി, ഒരു ചെറിയ കമ്പനിയിൽ തുച്ഛമായ ശമ്പളത്തിൽ ജോലി ചെയ്തു തുടങ്ങിയ ആളായിരുന്നു അദ്ദേഹം. എന്നാൽ മനസ്സ് നിറയെ വലിയൊരു സ്വപ്നമുണ്ടായിരുന്നു. അങ്ങനെ 1977-ൽ, വെറും ഇരുപത്തിയേഴാം വയസ്സിൽ പിതാവിൽ നിന്ന് കടംവാങ്ങിയ ഒരു ലക്ഷം രൂപയും കൂടെനിന്ന രണ്ട് തൊഴിലാളികളുമായി ഒരു ചെറിയ വാടകമുറിയിൽ തുടങ്ങിയ സ്റ്റെബിലൈസർ നിർമ്മാണമാണ് ഇന്ന് ഇന്ത്യയൊട്ടാകെ പടർന്നുപന്തലിച്ച വി-ഗാർഡ് എന്ന വൻ വ്യവസായ സാമ്രാജ്യമായി മാറിയത്. പിന്നീട് കൊച്ചിയുടെ അഭിമാനമായി മാറിയ വീഗാലാന്റും (വണ്ടർലാ), റിയൽ എസ്റ്റേറ്റ് രംഗത്തെ വിഗാലാൻഡ് ഡെവലപ്പേഴ്സും, ഭാര്യ ഷീലയുടെ നേതൃത്വത്തിലുള്ള വി-സ്റ്റാറുമെല്ലാം അദ്ദേഹത്തിന്റെ കഠിനാധ്വാനത്തിന്റെ അടയാളങ്ങളായി മാറി.

എന്നാൽ, പണവും പ്രശസ്തിയും അധികാരവും അദ്ദേഹത്തിന്റെ ഉള്ളിലെ മനുഷ്യനെ തൊടാൻ പോലും പറ്റിയില്ല. 2011-ൽ അദ്ദേഹം എടുത്ത ആ ഒരൊറ്റ തീരുമാനം കേട്ട് ലോകം അമ്പരന്നു. ഒരിക്കൽ പോലും കണ്ടിട്ടില്ലാത്ത, യാതൊരു ബന്ധവുമില്ലാത്ത, ജീവിക്കാൻ വേണ്ടി കഷ്ടപ്പെടുന്ന ഒരു പാവം ട്രക്ക് ഡ്രൈവർക്ക് തന്റെ ഒരു വൃക്കദാനം ചെയ്യാൻ അദ്ദേഹം മുന്നോട്ടുവന്നു.

രക്തബന്ധമുള്ളവർ പോലും തിരിഞ്ഞുനോക്കാത്ത ഇക്കാലത്ത്, കോടീശ്വരനായ ഒരു മനുഷ്യൻ അപരിചിതനായ ഒരു ജീവന് വേണ്ടി സ്വന്തം ശരീരം മുറിച്ചു നൽകിയ കാഴ്ച ആരുടെയും കണ്ണ് നനയിക്കുന്ന ഒന്നായിരുന്നു.

അവിടെയും തീർന്നില്ല അദ്ദേഹത്തിന്റെ കരുണ. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുമായി ചേർന്ന് നിരവധി ആളുകൾക്ക് ജീവൻ തിരിച്ചുനൽകുന്ന കിഡ്നി ചെയിൻ എന്ന വിപ്ലവകരമായ ആശയത്തിന് അദ്ദേഹം തുടക്കമിട്ടു. കമ്പനികളുടെ സിഎസ്ആർ ഫണ്ടുകൾക്ക് പകരം, സ്വന്തം കയ്യിലെ സമ്പാദ്യം ചിലവഴിച്ചുകൊണ്ട് ചിറ്റിലപ്പിള്ളി ഫൗണ്ടേഷനിലൂടെ ആയിരക്കണക്കിന് പാവപ്പെട്ടവർക്ക് വീടും ചികിത്സയും വിദ്യാഭ്യാസവും നൽകി ആശ്വാസമായി.

കൂടെ നിൽക്കുന്ന ഭാര്യ ഷീലയും മക്കളായ അരുണും മിഥുനും ചേർന്ന കുടുംബവും അദ്ദേഹത്തിന്റെ ഈ ജീവകാരുണ്യ വഴികളിൽ എപ്പോഴും കൂടെയുണ്ട്. താൻ നേടിയതൊന്നും തന്റേത് മാത്രമല്ലെന്നും, ഈ സമൂഹത്തിന് തിരികെ നൽകാനുള്ളതാണെന്നും സ്വന്തം ജീവിതം കൊണ്ട് തെളിയിച്ച ആ വലിയ മനസ്സിന് മുന്നിൽ ആദരവോടെ മാത്രമേ നിൽക്കാൻ കഴിയൂ. ജീവിക്കാൻ കൊതിക്കുന്ന അനേകം പേർക്ക് വെളിച്ചമായി മാറിയ ഈ മഹത് വ്യക്തിത്വത്തിന് ആയുരാരോഗ്യ സൗഖ്യങ്ങളും എല്ലാവിധ നന്മകളും നേരുന്നു.

**– മിനി ആൻസൻ**

# അഴുകാത്ത അത്ഭുതശരീരം



മരണപ്പെട്ട് 140 വർഷങ്ങൾ കഴിഞ്ഞിട്ടും അഴുകാതെ, ജീവനുള്ളതു പോലെ നിലനിൽക്കുന്ന ഒരു മൃതദേഹം! ഫ്രാൻസിലെ വിശുദ്ധ ബർണദെത്തിന്റെ അവിശ്വസനീയമായ ഈ അത്ഭുത ശരീരം നൂറ്റാണ്ടുകളായി ലോകത്തെ ഒന്നാകെ അമ്പരപ്പിക്കുന്ന ഒന്നാണ്.

1879-ൽ 35-ാം വയസ്സിൽ മരണപ്പെട്ട ബർണദെത്തിന്റെ ശരീരം വിശുദ്ധയായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി വർഷങ്ങൾക്ക് ശേഷം കല്ലറ തുറന്ന് പരിശോധിച്ചപ്പോഴാണ് ആ സത്യം ഡോക്ടർമാർ മനസ്സിലാക്കിയത്. മറ്റു മൃതദേഹങ്ങളെപ്പോലെ ജീർണ്ണിച്ചു പോകാതെ, അവരുടെ ശരീരം കൃത്യമായി സംരക്ഷിക്കപ്പെട്ട നിലയിലായിരുന്നു!

1925-ൽ ശരീരം പൊതുദർശനത്തിനായി വെക്കാൻ തീരുമാനിച്ചപ്പോൾ, അന്തരീക്ഷ വായുവുമായുള്ള സമ്പർക്കം മൂലം മുഖത്തിനും കൈകൾക്കും ചെറിയ നിറവ്യത്യാസം വരാതിരിക്കാൻ ഒരു മെഴുക് മാസ്കും കൈയുറകളും അണിയിക്കുകയുണ്ടായി. ഇന്ന് ഫ്രാൻസിലെ ഗ്ലാസ് പേടകത്തിൽ നാം കാണുന്ന രൂപത്തിന് മുകളിൽ മെഴുക് മാസ്ക് ഉണ്ടെങ്കിലും, അതിനുള്ളിലെ അവരുടെ ശരീരം കേടുപാടുകൾ കൂടാതെ നിലനിൽക്കുന്നു എന്നത് ക്രിസ്തീയ വിശ്വാസത്തിലെ വലിയൊരു അത്ഭുതമായി കരുതപ്പെടുന്നു.

**– എസ് ഇ**









# തിരുവഞ്ചൂർ രാധാകൃഷ്ണൻ മികച്ച രാഷ്ട്രീയ നേതാവ്



കേരള രാഷ്ട്രീയത്തിൽ തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന പേര് കേൾക്കാത്തവർ ചുരുക്കമായിരിക്കും. ട്രോളന്മാരുടെ പ്രിയപ്പെട്ട തിരുവഞ്ചൂർ ആയിരിക്കാം ഇന്നത്തെ യുവതലമുറയ്ക്ക് അദ്ദേഹം. എന്നാൽ അദ്ദേഹത്തിന്റെ കടന്നുവന്ന വഴികൾ, ഒരു രാഷ്ട്രീയക്കാരൻ എന്നതിലുപരി ഒരു മനുഷ്യൻ എന്ന നിലയിലുള്ള അദ്ദേഹത്തിന്റെ അനുഭവങ്ങൾ, എത്രപേർക്ക് അറിയാം?

36 വർഷത്തെ സഭാപരിചയവും, ആഭ്യന്തരം, വിജിലൻസ്, സ്പോർട്സ് ഉൾപ്പെടെ 17-ഓളം വകുപ്പുകൾ കൈകാര്യം ചെയ്ത അനുഭവസമ്പത്തുമുള്ള അദ്ദേഹം തന്റെ ജീവിതത്തിലെ നിർണ്ണായക നിമിഷങ്ങളെക്കുറിച്ച് മനസ്സു തുറക്കുകയാണ്.

വിശപ്പിൽ നിന്നും തുടങ്ങിയ പോരാട്ടം, വിശപ്പിന്റെയും കഷ്ടപ്പാടിന്റെയും നടുവിൽ നിന്നാണ് തിരുവഞ്ചൂർ എന്ന നേതാവിന്റെ ഉദയം. 16 കിലോമീറ്റർ നടന്ന് ഹൈസ്കൂളിൽ പോയിരുന്ന ഒരു ഭൂതകാലം അദ്ദേഹത്തിനുണ്ടായിരുന്നു എന്ന് കേൾക്കുമ്പോൾ നമ്മളിൽ പലർക്കും അതിശയം തോന്നാം.

ആ കഷ്ടപ്പാടുകൾ നൽകിയ കരുത്താണ് അദ്ദേഹത്തെ കെഎസ്‌യുവിന്റെ സംസ്ഥാന പ്രസിഡന്റാക്കിയതും പ്രതിസന്ധികളെ പുഞ്ചിരിയോടെ നേരിടാൻ പ്രാപ്തനാക്കിയതും.

1972-ൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയപ്പോൾ കുട്ടികൾക്കായി എൻ.വി. കൃഷ്ണവാര്യരെയും പി.ടി. ഭാസ്കരപ്പണിക്കരെയും പോലുള്ള പ്രഗത്ഭരെ ഉൾപ്പെടുത്തി കുട്ടികളുടെ കോളേജ് ആരംഭിച്ച ആ പഴയ സംഘാടകനെ അദ്ദേഹം ഇന്നും അഭിമാനത്തോടെ ഓർക്കുന്നു.

തുടർച്ചയായി മൂന്നു തവണ സീറ്റ് നിഷേധിക്കപ്പെട്ടിട്ടും പാർട്ടിയോടുള്ള കൂറ് അദ്ദേഹം കൈവിട്ടില്ല. ഒരു പാർലമെന്ററി വ്യാമോഹത്തിനും അടിമപ്പെടാതെ, കോൺഗ്രസ് എന്ന പാർട്ടിയുടെ ജനാധിപത്യ സ്വഭാവത്തെ അദ്ദേഹം വാനോളം പുകഴ്ത്തുന്നു. കോൺഗ്രസിൽ താഴെത്തട്ടിലുള്ള ഒരു പ്രവർത്തകന് പോലും നെഹ്റുവിന്റെ കാലം തൊട്ടേ നേതാക്കളെ വിമർശിക്കാൻ സ്വാതന്ത്ര്യമുണ്ട്, എന്നാൽ കമ്മ്യൂണിസ്റ്റ് പാർട്ടികളിൽ ഒരു കേഡറിന് ഒരിക്കലും നേതാവിനെ പരസ്യമായി വിമർശിക്കാൻ കഴിയില്ലെന്ന വസ്തുത അദ്ദേഹം ചൂണ്ടിക്കാട്ടുന്നു.

ഈ അഭിമുഖത്തിലെ ഏറ്റവും ഉദ്വേഗജനകമായ ഭാഗം ടി.പി.ചന്ദ്രശേഖരൻ വധക്കേസുമായി ബന്ധപ്പെട്ട വെളിപ്പെടുത്തലുകളാണ്. ഉമ്മൻചാണ്ടി സർക്കാരിൽ ആഭ്യന്തരമന്ത്രിയായിരുന്ന കാലത്ത് രാത്രി 10 മണിക്ക് അന്നത്തെ സിറ്റി പോലീസ് കമ്മീഷണർ ശ്രീജിത്തിന്റെ ഫോൺകോൾ വരുന്നു. അന്വേഷണത്തിന്റെ നിർണ്ണായകമായ ആ 'ഗോൾഡൻ അവർ' നഷ്ടപ്പെടുത്താതെ, ഉടൻ തന്നെ ഹൈവേകൾ ബ്ലോക്ക് ചെയ്യാനും കൃത്യം നടത്തിയ ഇന്നോവ കാർ പിടിച്ചെടുക്കാനും അദ്ദേഹം നൽകിയ നിർദ്ദേശം കേസിന്റെ ഗതി മാറ്റുകയായിരുന്നു.

ആ ഒറ്റ കാറിൽനിന്നും ലഭിച്ച ഫോൺ നമ്പറും ബ്രേസ്‌ലെറ്റും ഉപയോഗിച്ചാണ് രാഷ്ട്രീയ കൊലപാതകങ്ങളുടെ ചരിത്രത്തിൽ ആദ്യമായി ഗൂഢാലോചന നടത്തിയവരെപ്പോലും നിയമത്തിന് മുന്നിൽ കൊണ്ടുവന്നത്.

സ്പോർട്സ് മന്ത്രി എന്ന നിലയിൽ 2015-ലെ ദേശീയ ഗെയിംസ് സംഘടിപ്പിച്ച സമയത്തെ അനുഭവങ്ങളും അദ്ദേഹം പങ്കുവെക്കുന്നു. മുൻപ് മറ്റ് ഗെയിംസുകളിൽ നടന്ന അഴിമതിക്കഥകൾ അന്തരീക്ഷത്തിൽ നിൽക്കുമ്പോഴാണ് കേരളം ഈ വെല്ലുവിളി ഏറ്റെടുക്കുന്നത്. യാതൊരുവിധ ആക്ഷേപങ്ങൾക്കും ഇടനൽകാതെ, ചരിത്രത്തിലാദ്യമായി കേരളത്തിന് 103 മെഡലുകൾ നേടിക്കൊടുത്തു.

സച്ചിൻ ടെണ്ടുൽക്കർ ഉൾപ്പെടെ പങ്കെടുത്ത റൺ കേരള റൺ എന്ന പരിപാടിയിൽ, 90 വയസ്സുള്ള അമ്മൂമ്മ മുതൽ 6 വയസ്സുള്ള കുഞ്ഞുവരെ കേരളം ഒറ്റക്കെട്ടായി ഓടിയത് തന്റെ ജീവിതത്തിലെ വലിയ നേട്ടങ്ങളിലൊന്നായി അദ്ദേഹം കാണുന്നു.

രാഷ്ട്രീയത്തിനപ്പുറമുള്ള വ്യക്തിബന്ധങ്ങളും ഇതിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. അന്തരിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയെക്കുറിച്ച് ചോദിച്ചപ്പോൾ അദ്ദേഹം വാചാലനായി. സഹോദരൻ എന്നതിനേക്കാൾ അപ്പുറമായിരുന്നു അദ്ദേഹം. 24 മണിക്കൂറിൽ ഉറങ്ങുന്ന സമയം ഒഴികെ ബാക്കി മുഴുവൻ സമയവും ഞങ്ങൾ ഒരുമിച്ചായിരുന്നു. അതുപോലെ, കേരളം കണ്ട മൂന്ന് കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രിമാരെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വിലയിരുത്തലും ശ്രദ്ധേയമാണ്.

ഇ.കെ.നായനാരെ ഒരു ശുദ്ധനായ കാരണവരായും, വി.എസ്.അച്യുതാനന്ദനെ ഗൗരവക്കാരനായ നേതാവായും അദ്ദേഹം കാണുന്നു. എന്നാൽ 'കർക്കശക്കാരനും ലക്ഷ്യബോധമുള്ളവനും ആണെങ്കിലും, പിണറായി വിജയൻ ഒരു ശുദ്ധമനസ്സിന്റെ ഉടമയാണ് എന്ന് അദ്ദേഹം അഭിപ്രായപ്പെടുന്നു. എതിരാളികളെപ്പോലും ഇത്രയും നിഷ്പക്ഷമായി വിലയിരുത്താൻ അദ്ദേഹത്തിന് കഴിയുന്നു.

സോഷ്യൽ മീഡിയയിലെ ട്രോളുകളെ ഒരു ഹാസ്യചിത്രം കാണുന്ന സന്തോഷത്തോടെയാണ് താൻ കാണുന്നതെന്നും, അവർക്ക് അതുവഴി സന്തോഷം കിട്ടുന്നുണ്ടെങ്കിൽ കിട്ടട്ടെ എന്നും അദ്ദേഹം ചിരിച്ചുകൊണ്ട് പറയുന്നു. അതോടൊപ്പം കോട്ടയം സ്കൈവാക്ക് സംബന്ധിച്ച വിവാദങ്ങൾ ചിലരുടെ വാശിയാണെന്നും, അത് ഉടൻ തന്നെ ജനങ്ങൾക്കായി പൂർത്തിയാക്കുമെന്ന ഉറപ്പും അദ്ദേഹം നൽകുന്നു.

എനിക്ക് വ്യക്തിപരമായ സൽപേരല്ലാതെ മറ്റൊരു സമ്പാദ്യവുമില്ല എന്ന് പറയുന്ന തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇന്നത്തെ യുവതലമുറയിലെ രാഷ്ട്രീയക്കാർക്കും ഒരു പാഠപുസ്തകമാണ്. അടിയന്തരാവസ്ഥ കാലം മുതൽ ഇന്നത്തെ ട്രോളുകളുടെ കാലം വരെ നീളുന്ന അദ്ദേഹത്തിന്റെ അനുഭവസമ്പത്ത് തീർച്ചയായും നമ്മൾ കേട്ടിരിക്കേണ്ട ഒന്നാണ്.



പുള്ളിക്കാരൻ സ്പീക്കറായാൽ സഭ കോമഡി ഹാളാകും എന്ന് പറഞ്ഞ് തള്ളിപ്പറഞ്ഞവർക്ക് മുന്നിലൂടെ തലയുയർത്തി നടന്ന പതിനാറാം നിയമസഭയിലെ യഥാർത്ഥ ക്ലാസ്സ് ആൻഡ് മാസ്സ് ഹീറോ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ... സഭയെ നയിച്ച രണ്ട് സമ്മേളനങ്ങൾ കഴിഞ്ഞപ്പോൾ തന്നെ വിമർശകർ ഉൾപ്പടെ എല്ലാവരെയും ഞെട്ടിച്ചു. സഭയുടെ നാഥൻ ആരാണെന്ന് അദ്ദേഹം കൃത്യമായി കാണിച്ചുതന്നു.

വിമർശിക്കേണ്ടവരെ കൃത്യമായ ഭാഷയിൽ, എന്നാൽ ആ സ്പീക്കർ കസേരയുടെ അന്തസ്സ് ഒട്ടും ചോർന്നു പോകാതെ വലിച്ച് ഒട്ടിക്കാൻ അദ്ദേഹത്തിന് നന്നായറിയാം...

അദ്ദേഹത്തിന്റെ തനത് നാടൻ ശൈലിയെയും കോട്ടയം ഭാഷയെയും വെറും കോമഡിയായി മാത്രം കണ്ടവർക്ക് 35 വർഷത്തെ ആഴത്തിലുള്ള പാർലമെന്ററി പരിചയസമ്പത്ത് എന്താണെന്ന് ഇപ്പൊ മനസ്സിലായിക്കാണും.

സഭയിൽ ഭരണപക്ഷത്തിന്റെ ബില്ലുകളും ജനക്ഷേമ വികസന കാര്യങ്ങളും കൃത്യമായി ചർച്ച ചെയ്യപ്പെടാനും, പ്രതിപക്ഷത്തിന്റെ അനാവശ്യ ബഹളങ്ങളിൽ പെട്ട് സഭ സ്തംഭിച്ച് പോകാതിരിക്കാനും അദ്ദേഹം കാണിക്കുന്ന ആ കണിശതയും ഭരണപാടവവും ശരിക്കും കൈയ്യടി അർഹിക്കുന്നതാണ്.

ഒപ്പം തന്നെ പ്രതിപക്ഷത്തിന്റെ അനാവശ്യ സ്തംഭനാഹ്വാനങ്ങൾക്ക് മുന്നിൽ വീണുപോകാതെ, ജനാധിപത്യം അതിന്റെ പൂർണ്ണ അർത്ഥത്തിൽ സഭയ്ക്കകത്ത് നടപ്പിലാക്കാൻ അദ്ദേഹത്തിന് സാധിക്കുന്നുണ്ട്.

വെറുതെ ചൂടാവുകയോ ബഹളം വെക്കുകയോ ചെയ്യാതെ, ചിരിച്ചുകൊണ്ട് തന്നെ കാര്യങ്ങൾ കൃത്യമായി നടപ്പിലാക്കുന്ന തിരുവഞ്ചൂർ സ്റ്റൈൽ കസേരയുടെ ഗൗരവം ഒട്ടും ചോർന്നുപോകാതെ സഭയെ നയിക്കാൻ അദ്ദേഹത്തിന് ഇനിയും സാധിക്കും.

**– ലിസി ബാബു**



# ഓപ്പറേഷൻ തൂഫാൻ വീടുകളിലേക്ക്

**സ്വന്തം ലേഖകൻ**




തിരുവനന്തപുരം: വീട്ടമ്മമാരെ ഉൾപ്പെടെ അണിനിരത്തി ഓപ്പറേഷൻ തൂഫാൻ രണ്ടാംഘട്ടം ഓണത്തിനു ശേഷം. ലഹരി മാഫിയയെ തടയുന്നതിനായി പോലീസിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഒന്നാംഘട്ടത്തിന് പിന്നാലെയാണ് വീടുകൾ കേന്ദ്രീകരിച്ചുള്ള രണ്ടാം ഘട്ടം. തദ്ദേശവകുപ്പിന്റെ സഹകരണത്തോടെയാണിത്.

ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും തദ്ദേശ മന്ത്രി കെ.എം.ഷാജിയും കഴിഞ്ഞ ദിവസം കൂടിക്കാഴ്ച നടത്തി രണ്ടാംഘട്ടത്തിന് രൂപംനൽകി. ലഹരിക്കെതിരായ ബോധവൽക്കരണത്തിനായി ജനകീയ മുന്നണി രൂപീകരിക്കും. പ്രത്യേക ഗ്രാമസഭകൾ ചേർന്ന് ലഹരി വിരുദ്ധ നടപടികൾക്ക് രൂപം നൽകും. ലഹരിയുടെ ഉപയോഗം സംബന്ധിച്ച വിവരം പോലീസിന് കൈമാറാൻ പഞ്ചായത്തുതലത്തിൽ തൂഫാൻ വോളന്റിയർമാരെയും നിയോഗിക്കും. ത്രിതല പഞ്ചായത്തുകൾ, കുടുംബശ്രീ, ഹരിതകർമസേന, ആശാവർക്കർമാർ, വനിതാ-യുവജന സംഘടനകൾ എന്നിവയെ ചേർത്ത് വീടുകൾതോറും ബോധവൽക്കരണം സംഘടിപ്പിക്കും. വീട്ടമ്മമാരെയും ഇതിന്റെ ഭാഗമാക്കും. ഓരോ വീടും ലഹരിമുക്തമാക്കാൻ ഇത് സഹായിക്കുമെന്നാണ് പ്രതീക്ഷ.

കേരളത്തിലേക്കുള്ള ലഹരിയുടെ വരവ് സംബന്ധിച്ച് നിർണായക വിവരങ്ങൾ പോലീസിന് ലഭിച്ചിട്ടുണ്ട്. ആന്ധ്ര-ഒഡീഷ അതിർത്തി, ബെംഗളൂരു എന്നിവിടങ്ങളാണ് ലഹരിയുടെ ഉത്ഭവ കേന്ദ്രങ്ങളായ ഹോട്ട്സ്പോട്ടുകളായി കണ്ടെത്തിയിരിക്കുന്നത്. ഇവിടെനിന്നുള്ള ലഹരിയുടെ വരവ് തടയാൻ സംസ്ഥാന സർക്കാരുകളുടെ പിന്തുണ കേരളം തേടിയിട്ടുണ്ട്.

# പാലാരിവട്ടത്തെ ഗതാഗതക്കുരുക്ക്: മനുഷ്യാവകാശ കമ്മിഷൻ ഇടപെട്ടു



കൊച്ചി: മെട്രോ നിർമാണത്തിന് വേണ്ടി അശാസ്ത്രീമായി റോഡ് അടച്ചുകെട്ടിയതുമൂലം പാലാരിവട്ടം മേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്കിന് അടിയന്തിര പരിഹാരം കാണണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു.

സിറ്റി പോലീസ് കമ്മിഷണർ സ്ഥലപരിശോധനയും അന്വേഷണവും നടത്താൻ ട്രാഫിക് അസിസ്റ്റന്റ് പോലീസ് കമ്മിഷണറെ നിയോഗിക്കണമെന്നും നടപടി അറിയിക്കണമെന്നും കമ്മീഷൻ ചെയർപേഴ്സൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് നിർദേശം നൽകി. മെട്രോ ജോലികളുടെ പുരോഗതി സംബന്ധിച്ച് കെഎംആർഎൽ വിശദീകരണം നൽകണം.

മെട്രോ നിർമാണം ഇഴയുന്നതുമൂലം പാലാരിവട്ടം സെന്റ് മാർട്ടിന് ജംഗ്ഷനിൽ കുരുക്ക് രൂക്ഷമായതിന്റെ അടിസ്ഥാനത്തിൽ സ്വമേധയാ കേസ് എടുത്താണ് നടപടി. പോലീസ് സ്ഥല പരിശോധന നടത്തുന്നതിന് മുൻപ് കൊച്ചി മെട്രോ എംഡിക്ക് നോട്ടീസ് നൽകണമെന്ന് കമ്മിഷൻ വ്യക്തമാക്കി. ഗതാഗതക്കുരുക്ക് രൂക്ഷമാകാനുള്ള കാരണങ്ങൾ ഉദ്യോഗസ്ഥർ വിലയിരുത്തണം.

കെഎംആർഎൽ ഉദ്യോഗസ്ഥരിൽനിന്ന് കുരുക്കിന്റെ കാരണങ്ങൾ മനസ്സിലാക്കിയ ശേഷം ഗതാഗതം സുഗമമാക്കാനുള്ള നിർദേശങ്ങൾ അന്വേഷണ ഉദ്യോഗസ്ഥർ കമ്മിഷണർക്ക് കൈമാറണം.

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കമ്മിഷണർ വിവിധ ഏജൻസികളുമായി കൂടിയാലോചന നടത്തിയശേഷം ഗതാഗതക്കുരുക്ക് പരിഹാരിക്കാനുള്ള സത്വര നടപടിയെടുക്കണം. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് സഹിതം കമ്മിഷണർ ഒരു മാസത്തിനുള്ളിൽ കമ്മിഷൻ മുൻപാകെ റിപ്പോർട്ട് നൽകണം.

കെഎംആർഎൽ എംഡിയും ട്രാഫിക് കുരുക്ക് പരിഹരിക്കാനുള്ള നിർദേശങ്ങൾ നൽകണം. കൂടാതെ, മെട്രോ ജോലികളുടെ പുരോഗതിയും അറിയിക്കണം. ജില്ലാ പോലീസ് മേധാവിക്കു വേണ്ടി ട്രാഫിക് എസിയും കെഎംആർഎൽ എംഡിയുടെ പ്രതിനിധിയും ഒക്ടോബർ 23ന് രാവിലെ 10ന് പത്തടിപ്പാലം പൊതുമരാമത്ത് റെസ്റ്റ് ഹൗസിൽ നടത്തുന്ന സിറ്റിങ്ങിൽ ഹാജരാകണം.

# 10 സെന്റ് ഭൂമിവരെ ഫീസ് ഇല്ലാതെ തരം മാറ്റാം

തിരുവനന്തപുരം: സംസ്ഥാനത്ത് ഫീസ് ഇല്ലാതെ തരംമാറ്റാവുന്ന വസ്തുവിന്റെ അളവ് 10 സെന്റായി നിജപ്പെടുത്താൻ റവന്യൂ വകുപ്പിൽ ധാരണ. നിലവിൽ 25 സെന്റ് ഭൂമി വരെ തരംമാറ്റുന്നതിന് ഫീസ് ഇടാക്കുന്നില്ല. റവന്യൂ രേഖകളിൽ തണ്ണീർത്തടമായോ നിലമായോ രേഖപ്പെടുത്തിയിട്ടുള്ള ഭൂമി പുരയിടമായി തരംമാറ്റുന്നതോടെ വിപണിമൂല്യം ഉയരും.

ഗ്രാമങ്ങളിൽപോലും പുരയിടത്തിന് മികച്ച വിലയുണ്ട്. ഇത് കണക്കിലെടുത്താണ് ഫീസ് ഈടാക്കാവുന്ന വസ്തുവിന്റെ അളവ് കുറയ്ക്കുന്നത്. ഇതിനൊപ്പം തരംമാറ്റുന്ന ഭൂമിയുടെ ഫീസ് നിർണയിക്കുന്നതിനുള്ള മാനദണ്ഡവും മറ്റും. നീക്കിവയ്ക്കുന്ന ഭൂമിയിൽ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്താത്തവർക്കെതിരെ കർശന നടപടി എടുക്കുന്നതിനും വ്യവസ്ഥ വരും.

ഈ തീരുമാനങ്ങൾ ഉൾപ്പെടുത്തുന്നതിന് 2008ലെ നെൽവയൽ തണ്ണീർത്തട നിയമം ഭേദഗതി ചെയ്യാൻ നടപടി തുടങ്ങി.

തരംമാറ്റുന്ന ഭൂമിയുടെ ഫീസ് നിർണയത്തിന് സമീപത്തെ പുരയിടത്തിന്റെ ന്യായവിലയാണ് അടിസ്ഥാനമാക്കുന്നത്. ഇതിന് കാലതാമസം നേരിടുന്നുവെന്നാണ് ഉദ്യോഗസ്ഥരുടെ പരാതി.

അതിനാൽ തരംമാറ്റുന്ന ഭൂമിയുടെ ന്യായവില അടിസ്ഥാനമാക്കി ഫീസ് നിർണയിക്കാമെന്ന ശുപാർശയാണ് റവന്യൂവകുപ്പ് പരിഗണിക്കുന്നത്.

ഇപ്പോൾ 25 സെന്റിന് മുകളിൽ ഒരു ഏക്കർവരെ ഭൂമി തരംമാറ്റിയാൽ സമീപത്തെ പുരയിടത്തിന്റെ ന്യായവിലയുടെ 10 ശതമാനവും ഒരേക്കറിന് മുകളിലാണെങ്കിൽ 20 ശതമാനവുമാണ് ഫീസ്.




# ആസ്റ്റർ ജനറ്റിക് സ്റ്റഡി പദ്ധതിക്ക് തുടക്കം

കൊച്ചി: രോഗലക്ഷണങ്ങൾ പ്രകടമാകും മുൻപ് പാരമ്പര്യ രോഗ സാധ്യതകൾ തിരിച്ചറിയുന്ന ആസ്റ്റർ ജനറ്റിക് സ്റ്റഡി ഡിഎൻഎ സ്ക്രീനിങ് പദ്ധതിക്ക് ആസ്റ്റർ മെഡ്സിറ്റിയിൽ തുടക്കം. ഷുഗർ സ്ട്രിങ്സ് എഐ എന്ന ബെംഗളൂരു ആസ്ഥാനമായ കമ്പനിയുമായി ചേർന്നാണ് ഈ പരിശോധന.

ഡിഎൻഎ ഘടന എഐ സഹായത്തോടെ വിശകലനം ചെയ്യും. കാൻസറുകൾ, ഹൃദ്രോഗാവസ്ഥകൾ, മറ്റ് 6952 പാരമ്പര്യ രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ പരിശോധനയിലൂടെ ലഭിക്കും. കവിളിനുള്ളിൽനിന്നു ശേഖരിക്കുന്ന സാംപിൾ ബെംഗളൂരുവിലെ ലാബിൽ അയച്ചാണ് പരിശോധനയെന്ന് ആസ്റ്റർ മെഡ്സിറ്റി സിഇഒ ഡോ. ഷുഹൈബ് ഖാൻ, ഷുഗർ സ്ട്രിങ്സ് എഐ സിഇഒ ടോണി ജോസ്, ആസ്റ്റർ മെഡ്സിറ്റി മെഡിക്കൽ ജനറ്റിക്സ് കൺസൽറ്റന്റ് ഡോ. എസ്. ദേവി ശരണ്യ, ആസ്റ്റർ വെൽനസ് സീനിയർ കൺസൽറ്റന്റ് ബിജാൻ ജോൺ സക്കറിയ എന്നിവർ പറഞ്ഞു.






ഏറെ ഇടവേളക്കുശേഷം ഒരു സാധാരണ പൊലീസ് ഉദ്യോഗസ്ഥന്റെ ക്യാരക്ടറിൽ മോഹൻലാൽ എത്തുന്ന ചിത്രമാണ് അതിമനോഹരം.

കുടുംബത്തെ ഏറെ സ്നേഹിക്കുന്ന ലൗലജൻ എന്ന സബ്ബ് ഇൻസ്പക്ടറുടെ ഔദ്യോഗിക ജീവിതവും കുടുംബ ജീവിതവും കോർത്തിണക്കിയാണ് ചിത്രത്തിന്റെ അവതരണം.

യാഥാർത്ഥ്യത്തോടു ചേർന്നുനിന്നുള്ള രംഗങ്ങൾക്കാണ് തരുൺ മൂർത്തി പ്രാധാന്യം നൽകിയിരിക്കുന്നത്.

നായികയായി എത്തുന്നത് മീരാ ജാസ്മിനാണ്. ലാലു അലക്സ്, മനോജ് കെ.ജയൻ, മുകേഷ്, ജഗദീഷ്, ഇർഷാദ്, പ്രമോദ് വെളിയനാട്, സജീവൻ, ശ്രീനാഥ് ബാബു, കിരൺ പീതാംബരൻ, വിജി വിശ്വനാഥ്, ഭാമ അരുൺ, പ്രാർത്ഥന എന്നിവരും പ്രധാന താരങ്ങളാണ്.

രതീഷ് രവിയുടേതാണ് തിരക്കഥ. സംഗീതം – ജെയ്ക്ക് ബിജോയ്സ്. ഷാജികുമാറാണ് ഛായാഗ്രാഹകൻ. എഡിറ്റിംഗ്– വിവേക് ഹർഷൻ. ഓഡിയോ ഗ്രാഫി: വിഷ്ണു ഗോവിന്ദ്. കലാസംവിധാനം – ഗോകുൽ ദാസ്. മേക്കപ്പ് – റോണക്സ് സേവ്യർ. കോസ്റ്റ്യൂം – ഡിസൈൻ – മഷർ ഹംസ. ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ – മിറാഷ് ഖാൻ. അസ്സോസ്സിയേറ്റ് ഡയറക്ടർ –അനസ് .വി, സ്റ്റിൽസ് – അമൽ സി.സദർ. പ്രൊഡക്ഷൻ മാനേജർ –ജോമോൻ ജോയ്, ചാലക്കുടി.

സെൻട്രൽ പിക്ച്ചേഴ്സാണ് ഈ ചിത്രം പ്രദർശനത്തിനെത്തിക്കുന്നത്.




പ്രിൻസ് ജോയ് സംവിധാനം ചെയ്യുന്ന ചിത്രമാണ് ടൈറ്റാൻസ്. നേരമ്പോക്കിന്റെ ബാനറിൽ മിഥുൻ മാനുവൽ തോമസ്, ഇർഷാദ് എം.ഹസ്സൻ, പ്രദീപ് സി.എസ് എന്നിവരാണ് ഈ ചിത്രം നിർമ്മിക്കുന്നത്.

ജയസൂര്യ, വിനായകൻ, ഇന്ദ്രൻസ്, നിഹാൽ, പ്രശസ്ത റാപ്പ് സിംഗർ ബേബി ജീൻ, സണ്ണി വെയ്ൻ, സുരേഷ് കൃഷ്ണ, മണികണ്ഠൻ ആചാരി എന്നിവരും ഏതാനും പുതുമുഖങ്ങളും ഈ ചിത്രത്തിൽ അണിനിരക്കുന്നു. ജയസൂര്യയും വിനായകനും ഒന്നിച്ചഭിനയിക്കുന്ന ആദ്യ ചിത്രമെന്ന കൗതുകവും ഈ ചിത്രത്തിനുണ്ട്.

വലിയ മുതൽമുടക്കിൽ കൊച്ചി, കോയമ്പത്തൂർ, കൊല്ലം എന്നി ലൊക്കേഷനുകളിലൂടെയാണ് ഈ ചിത്രത്തിന്റെ ചിത്രീകരണം പൂർത്തിയായിരിക്കിയത്. തിരക്കഥ – ജയിംസ് സെബാസ്റ്റ്യൻ; സംഗീതം – ഷാൻ റഹ്മാൻ; ഛായാഗ്രഹണം – വിഷ്ണുശർമ്മ; എഡിറ്റിംഗ്– ഷമീർ മുഹമ്മദ്; പ്രൊഡക്ഷൻ ഡിസൈനർ – അരുൺ വെഞ്ഞാറമൂട്; കലാസംവിധാനം – മഹേഷ് പിറവം; ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടേഴ്സ് –രജീഷ് വേലായുധൻ, ബേസിൽ വർഗീസ് ജോസ്; ആക്ഷൻ–ഫീനിക്സ് പ്രഭു; ഡിസൈൻ – യെല്ലോ ട്രൂത്ത്; സ്റ്റിൽസ് – സുഹൈബ് എസ്.ബി.കെ.; എക്സിക്കുട്ടീവ് പ്രൊഡ്യൂസേഴ്സ് – സുനിൽ സിംഗ്, സജിത് പി.വൈ.; പ്രൊഡക്ഷൻ മാനേജർ – നജീർ നസീം,

**– ജോളി സൈമൺ**




ആഷിക്ക് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ബാനറിൽ ആഷിക് ഉസ്മാൻ നിർമ്മിച്ച് ഡിനോയ് പൗലോസ് തിരക്കഥ രചിച്ച് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ഹലോ ഡിയർ.

സംഗീത് പ്രതാപും, മമിതാ ബൈജുവും കേന്ദ്ര കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ സുരേഷ് കൃഷ്ണയും പ്രധാന വേഷത്തിലെത്തുന്നു. ഇവർക്കു പുറമേ ഏതാനും പ്രമുഖ താരങ്ങളും ചിത്രത്തിൽ അഭിനയിക്കുന്നു.

ചിത്രത്തിന്റെ തിരക്കഥ രചിച്ചിരിക്കുന്നത് ഡിനോയ് പൗലോസാണ്. ആഷിക്ക് ഉസ്മാൻ പ്രൊഡക്ഷൻസിന്റെ ഇരുപതാമത്തെ ചിത്രം കൂടിയാണ് ഹലോ ഡിയർ.

ഛായാഗ്രഹണം – അഖിൽ ജോർജ്; എഡിറ്റിംഗ് – ചമൻ ചാക്കോ; കലാ സംവിധാനം – നിമിഷ് എം. താനൂർ; മേക്കപ്പ് – റോണക്സ് സേവ്യർ; കോസ്റ്റ്യൂം ഡിസൈൻ – മഷർ ഹംസ; ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ–രാജേഷ് അടൂർ; അസ്സോസ്സിയേറ്റ് ഡയറക്ടേഴ്സ് – അശ്വിൻ മോഹൻ, വിഷ്ണു വൈശാഖ്, വിഷ്ണു രവി; സ്റ്റിൽസ്– ബിജിത്ത് ധർമ്മടം; ഫിനാൻസ് കൺട്രോളർ–ശിവകുമാർ പെരുമുണ്ട; എക്സിക്യുട്ടീവ് പ്രൊഡ്യൂസർ – സുധർമ്മൻ വള്ളിക്കുന്ന്; കോ പ്രൊഡ്യൂസർ–അരുൺ ഡി. ജോസ്. കൊച്ചിയിൽ ചിത്രീകരണം പൂർത്തിയാകുന്ന ഈ ചിത്രം സെൻട്രൽ പിക്ച്ചേർസ് പ്രദർശനത്തിനെത്തിക്കുന്നു



# ദുരന്തനിവാരണത്തിന് പ്രത്യേക നയം പ്രഖ്യാപിച്ചു

**സ്വന്തം ലേഖകൻ**



തിരുവനന്തപുരം: സംസ്ഥാനത്ത് ദുരന്തനിവാരണത്തിനും ലഘൂകരണത്തിനുമായി പ്രത്യേക നയം പ്രഖ്യാപിച്ചു നടപ്പാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി.സതീശൻ പറഞ്ഞു. കാലാവസ്ഥാ പ്രവചനത്തിനും മുന്നറിയിപ്പ് സംവിധാനത്തിനും ആധുനിക സാങ്കേതങ്ങൾ ഉപയോഗിച്ച് ദുരന്തനിവാരണ പ്രതിരോധ പദ്ധതി നടപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഡാം മാനേജ്മെന്റിന് നിർമിത ബുദ്ധി (എഐ) നിയന്ത്രിത സംവിധാനം നടപ്പാക്കും. ഡാമിലേക്കുള്ള നീരൊഴുക്ക്, പുറത്തേക്കുള്ള ഒഴുക്ക്, വൃഷ്ടിപ്രദേശത്തെ മഴയുടെ അളവ്, മഴ പെയ്യാനുള്ള സാധ്യത. നദീതടത്തിലെ വെള്ളത്തിന്റെ നില തുടങ്ങി വ്യത്യസ്ത കാര്യങ്ങൾ വിലയിരുത്തി ഡാം തുറക്കുന്നതിനും മറ്റും കൃത്യമായ സംവിധാനം ഇതിലൂടെ ഒരുക്കും. അതിന്റെ ജോലി തുടങ്ങിയിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

പ്രളയ, അപകട സാധ്യത കൂടി പ്രദേശങ്ങൾ കണ്ടെത്തി പ്രളയ മാപ്പിങ് നടത്തും. ഡാമുകളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യും. നദികളിൽ അടിഞ്ഞ മണ്ണും ചെളിയും മാലിന്യവും നീക്കം ചെയ്യാൻ റവന്യൂ വകുപ്പും ജലസേചന വകുപ്പും കൂടി പദ്ധതി ആവിഷ്കരിക്കും. നിലവിലെ ദുരന്ത നിവാരണ സംവിധാനത്തെ കൂടുതൽ ആധുനികമാക്കാൻ ഈ മേഖലയിൽ മുന്നേറ്റം നടത്തിയിട്ടുള്ള മറ്റു സംസ്ഥാനങ്ങളിലെ മാതൃകകൾ പഠിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# കാരുണ്യ ഫാർമസി വഴിയുള്ള സൗജന്യ മരുന്നു വിതരണം ഉടൻ പുനഃസ്ഥാപിക്കും: കെ.മുരളീധരൻ

കൊച്ചി: കാരുണ്യ ഫാർമസി വഴിയുള്ള സൗജന്യ മരുന്ന് വിതരണം ഉടൻ പൂർണതോതിൽ പുനഃസ്ഥാപിക്കുമെന്ന് മന്ത്രി കെ.മുരളീധരൻ പറഞ്ഞു. മരുന്നു കമ്പനികൾക്ക് നൽകാനുണ്ടായിരുന്ന കുടിശിക തീർപ്പാക്കിയിട്ടുണ്ട്. കമ്പനികളുടെ വിതരണം പുനഃസ്ഥാപിക്കുന്നതോടെ മരുന്നു ക്ഷാമത്തിന് പരിഹാരമാകും.

1960കളിലെ സ്റ്റാഫ് പാറ്റേൺ പ്രകാരമാണ് സംസ്ഥാനത്തെ ഗവ. ആശുപത്രികൾ പ്രവർത്തിക്കുന്നത്. എന്നാൽ, നിലവിലെ സാഹചര്യത്തിൽ സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടെന്നും മന്ത്രി പറഞ്ഞു. ഉമ തോമസ് എംഎൽഎ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എംപി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാധാകൃഷ്ണൻ, സ്റ്റേറ്റ് മിഷൻ ഡയറക്ടർ അനു എസ്.നായർ, ഡിഎംഒ ഡോ. ആർ.ഷാഹിർഷാ, ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എം.എം.ഹനീഷ് തുടങ്ങിയവർ പ്രസംഗിച്ചു.

# മുല്ലപ്പെരിയാർ: കേരളത്തിനെതിരെ തമിഴ്നാട് സുപ്രീംകോടതിയിൽ

ചെന്നൈ: മുല്ലപ്പെരിയാർ അണക്കെട്ട് ബലപ്പെടുത്തലിൽ കേരളത്തിന്റെ തടസ്സ മനോഭാവത്തിനെതിരെ തമിഴ്നാട് സുപ്രീംകോടതിയെ സമീപിച്ചു. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിന്റെ വീഴ്ചകൾ നിരത്തിയാണ് തമിഴ്നാട് സുപ്രീംകോടതിയിൽ റിപ്പോർട്ട് നൽകിയിരിക്കുന്നത്. സുരക്ഷയ്ക്കായി ബേബി ഡാമിന്റെയും എർത്ത് ഡാമിന്റെയും അറ്റകുറ്റപ്പണികൾ നടത്താനും പ്രധാന അണക്കെട്ടിന്റെ ഗ്രൗട്ടിങ് നടത്താനും കേരളം സഹകരിച്ചില്ലെന്ന് തമിഴ്നാട് ആരോപിക്കുന്നു.




# ഓണം ലക്ഷ്യമിട്ട് രാസലഹരി വില്പന: 4 പേർ എക്സൈസ് പിടിയിൽ

പ്രത്യേക ലേഖകൻ



ഓണക്കാലത്ത് ലഹരി പാർട്ടികളിൽ വില്പന നടത്താനായി രാസലഹരി എത്തിച്ച നാലു പ്രതികളെ പിടികൂടി എക്സൈസ്. രഹസ്യവിവരത്തെ തുടർന്ന് ആദ്യം കലൂരിലെ ഹോട്ടലിൽ നടത്തിയ പരിശോധനയിൽ രണ്ടു പ്രതികളെയും അവരുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വൈറ്റിലയിൽ വാഹനം തടഞ്ഞ് മറ്റ് രണ്ടു പേരെയുമാണ് പിടികൂടിയത്.

കലൂരിൽനിന്ന് പറവൂർ മന്നെ കാഞ്ഞിരപ്പറമ്പിൽ സിദ്ദീഖ് (27) സുഹൃത്ത് പച്ചാളം സ്വദേശി ഫിനല മരിയ ഡി റോസാരിയോ (18) എന്നിവരെയും വൈറ്റിലയിൽ നിന്ന് തിരുവല്ല നെടുമ്പ്രം ഒറ്റത്തെങ്ങ് അമ്പാട്ടുപറമ്പിൽ വരുൺ ദേവ് (35), തിരുവല്ല മുത്തൂർ മുളയ്ക്കൽ വിപിൻ എസ്.കുമാർ (30) എന്നിവരെയാണ് പിടികൂടിയത്. വൈറ്റിലയിലെ ട്രാഫിക് ബ്ലോക്കിൽ വാഹനം തടഞ്ഞാണ് ഇവരെ പിടികൂടിയത്

കഴിഞ്ഞ ദിവസം നടത്തിയ പരിശോധനയിൽ 281.4 ഗ്രാം രാസലഹരിയും 2.98 ഗ്രാം ഹഷീഷ് ഓയിൽ ബോട്ടിലുമാണ് നാലു പ്രതികളിൽനിന്നായി ഐകെ പിടികൂടിയത്. വാഹനത്തിന്റെ സ്റ്റിയറിങ്ങിനടിയിൽ ഒളിപ്പിച്ച നിലയിലായിരുന്നു ലഹരി വസ്തുക്കൾ. വാഹനം പിടിച്ചെടുത്ത എക്സൈസ് പ്രതികളിൽനിന്ന് ആറു മൊബൈൽ ഫോണുകളും ലഹരി വില്പനയിൽ നിന്ന് നേടിയ 69,425 രൂപയും കണ്ടെത്തി. അറസ്റ്റിലായ വരുൺ ദേവ് ഡൽഹിയിൽനിന്ന് രാസലഹരി കേരളത്തിൽ എത്തിക്കുന്നവരിൽ പ്രധാനിയാണെന്ന് എക്സൈസ് പറഞ്ഞു.

എക്സൈസ് ഇൻസ്പെക്ടർ അഭിരാജിന്റെ നേതൃത്വത്തിലാണ് കലൂരിലെ ഹോട്ടലിൽ പരിശോധന നടത്തിയത്. ഇവിടെനിന്ന് മൂന്ന് പാക്കറ്റുകളിലായി 49 ഗ്രാം രാസലഹരി പിടിച്ചെടുത്തു. ഇവരിൽനിന്ന് വരുൺദേവിന്റെ വിവരം ലഭിച്ച എക്സൈസ് സംഘം അന്വേഷണം തുടർന്നു. കോട്ടയം-വൈറ്റില റൂട്ടിലെത്തിയ പ്രതികളുടെ വാഹനം തിരിച്ചറിഞ്ഞാണ് ഇവരെ പിടികൂടിയത്. ■

# ബോർഡ് കോർപറേഷൻ നിയമനങ്ങളിൽ തീരുമാനം വൈകുന്നു

തിരുവനന്തപുരം: സർക്കാർ അധികാരമേറ്റ് 3 മാസമാകുമ്പോഴും ബോർഡ്, കോർപറേഷൻ എന്നിവയിലടക്കം നികത്താൻ പദവികളേറെ. പുതിയ സർക്കാർ വരുമ്പോൾ ബോർഡുകളിലും കോർപറേഷനുകളിലും പുതിയ ആളുകളെ നിയോഗിക്കുന്നതാണ് രീതിയെങ്കിലും യുഡിഎഫിൽ ഇത് സംബന്ധിച്ച ചർച്ചകൾപോലും ആരംഭിച്ചിട്ടില്ല. ബോർഡുകളും കോർപറേഷനുകളും ഘടകകക്ഷികൾക്കിടയിൽ വീതംവയ്ക്കാനുള്ള ചർച്ചയാണ് നടക്കേണ്ടത്. ഘടകകക്ഷികൾ കോൺഗ്രസുമായി ഒറ്റയ്ക്കൊറ്റയ്ക്ക് ചർച്ച നടത്തിയാണ് വീതംവയ്പ് പൂർത്തിയാക്കുക. പിന്നാലെ, ബോർഡുകളിലേക്കും കോർപറേഷനുകളിലേക്കും നിയമനം നടത്തും. മുൻ സർക്കാർ നിയമിച്ചവരാണ് പലയിടത്തും ഇപ്പോഴുമുള്ളത്. ചിലയിടങ്ങളിൽ ഭാരവാഹികൾ രാജിവച്ചിട്ടുണ്ട്.

ആസൂത്രണ ബോർഡ് ഉപാധ്യക്ഷനായി കെ.എം.ചന്ദ്രശേഖറിനെ നിയമിച്ചെങ്കിലും ബോർഡ് അംഗങ്ങളുടെ നിയമനം പൂർത്തിയായിട്ടില്ല. ധനവകുപ്പിന് കീഴിലുള്ള എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയിൽ പുതിയ അധ്യക്ഷനെയും അംഗങ്ങളെയും നിയമിച്ചിട്ടില്ല.

നോർക്ക ഡയറക്ടർ ബോർഡും പുനഃസംഘടിപ്പിച്ചിട്ടില്ല. മന്ത്രിമാരായ എം.ലിജുവിന്റെയും ബിന്ദു കൃഷ്ണയുടെയും പഴ്സനൽ സെക്രട്ടറിമാരുടെ നിയമനവും നീളുകയാണ്.

പോലീസിൽ സ്പെഷ്യൽ ബ്രാഞ്ച് ഉദ്യോഗസ്ഥരുടെയും ഇൻസ്പെക്ടർമാരുടെയും സ്ഥലംമാറ്റം പൂർത്തിയായിട്ടില്ല. സർക്കാരിന്റെ രഹസ്യാന്വേഷണ വിഭാഗമായ സ്പെഷൽ ബ്രാഞ്ചിൽ മുൻ സർക്കാർ നിയമിച്ചവർ ഇപ്പോഴും തുടരുകയാണ്.

സ്പെഷൽ ബ്രാഞ്ചിന്റെ തലപ്പത്ത് ചില മാറ്റങ്ങൾ നടത്തിയ തൊഴിച്ചാൽ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരെ തൊട്ടിട്ടില്ല. നിയമനങ്ങളും സ്ഥലംമാറ്റങ്ങളും ഉടൻ നടത്തുമെന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 6 മാസം കൊണ്ടാണ് ഇത് പൂർത്തിയാക്കിയതെന്നുമാണ് ഭരണപക്ഷത്തിന്റെ വാദം.

● ക്ലാസിഫൈഡ് പത്രിക


ദാമ്പത്യം സന്തുഷ്ടമാക്കൂ
ദിവ്യാമൃതം ലേഹ്യം കഴിക്കൂ.
സ്ത്രീ–പുരുഷ നിത്യയൗവ്വനത്തിന്
എല്ലാ ഇംഗ്ലീഷ് ആയൂർവ്വേദ മെഡിക്കൽ ഷോപ്പിലും ലഭിക്കുന്നു.



വിവാഹിതർക്കും, അവിവാഹിതർക്കും, മധ്യവയസ്ക്കരായ സ്ത്രീ-പുരുഷൻമാർക്കും ഒരുപോലെ ഫലപ്രദം. ലൈംഗീക ബലഹീനത, ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, നാഡീതളർച്ച, ശരീരക്ഷീണം, മെലിച്ചിൽ, രക്തക്കുറവ്, മൂത്രത്തിൽ പഴുപ്പ്, അമിതമദ്യപാനികൾക്ക് കരൾവീക്കം, ബീജാണുക്കളുടെ കുറവ് ഇവ പരിഹരിച്ച് സന്താനസൗഭാഗ്യം നേടുവാനും ഈ ദിവ്യ ഔഷധം ഉത്തമമാണ്. ഒരു ടീ സ്പൂൺ വീതം രാവിലെയും വൈകിട്ടും ആഹാരത്തിനുശേഷം കഴിക്കുക.
സംശയങ്ങൾക്ക് വിളിക്കുക: 9847317454
ദിവ്യാ ആയുർവ്വേദ വൈദ്യശാല & എക്സ്പോർട്ടേഴ്സ്, ആയൂർ പി.ഒ., കൊല്ലം.
ഫോൺ : 0475-2292038, 9447558708, 9961000672.
Admn. Off. Edappally. 0484 6462718, E-mail : divya_ayurvedics@yahoo.com.
Website : divyaayurvedics.com

ഓണാശംസകൾ
INTERIOR | RETAIL | EVENTS
CONFERENCES | EXHIBITIONS | SPORTS
WEDDINGS INFRASTRUCTURE
INNOVATIVE CREATIONS FOR EXTERIOR AND INTERIOR SPACES
XL-1641, PRESS CLUB ROAD
KOCHI - 682011
Mob: 8138040000, 9847044358
www.pavilionsinteriors.com
Pavilions and Interiors india private limited
WORLD WIDE EXHIBITIONS PROJECT DELIVERY & MANAGEMENT COMPANY

ഉപകാരസ്മരണ



അലൻ ജോസ്, അമൽ ജോൺ
കലൂർ

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ



മാഗസിൻ
18 ബി ബി 177
നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും റിപ്പയറിംഗിനും ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായീസ് ജംഗ്ഷൻ,
നാരകത്തറ റോഡ്, എറണാകുളം
ഫോൺ : 0484 – 2371598, 2353589

PIONEERS IN CHLOR ALKALI
Caustic Soda Lye & Flakes | Liquid Chlorine
Hydrochloric Acid | Sodium Hypochlorite



Best Wishes
THE TRAVANCORE-COCHIN CHEMICALS LTD.
(A Govt. of Kerala Undertaking)
UDYOGAMANDAL P.O., KOCHI-683 501, KERALA, INDIA
Ph: 0484 2545011-14 1 9497711811-14
Email: mail@tcckerala.com | Website: www.tcckerala.com

കേരള സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ ലിമിറ്റഡ്
നമ്പർ 4330, കലൂർ, കൊച്ചി–682017
ഹെഡ് ഓഫീസ് എറണാകുളം : (Land) 0484–2402913, (Mobile) 8281527342
റീജിയണൽ ഓഫീസുകൾ:–
തിരുവനന്തപുരം : 0471–2322179
എറണാകുളം : 0484–2405391
കോഴിക്കോട് : 0495–2366851
ഇ–മെയിൽ, ഹെഡ് ഓഫീസ് : housefedho@gmail.com
പാർപ്പിടമില്ലാത്തവർക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾവഴി ദീർഘകാല വായ്പകൾ നൽകുന്നു.
സംസ്ഥാനം മുഴുവനും സേവന ശൃംഖലയുള്ള ഭവന നിർമ്മാണ സഹകരണ മേഖലയിലെ ഏക സ്ഥാപനം
വിശദവിവരങ്ങൾക്ക്
പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങളെ സമീപിക്കുക
കെ.സി.അബു
പ്രസിഡന്റ്
ജോസ്സാൽ ഫ്രാൻസിസ് തോപ്പിൽ
(ജോയിന്റ് രജിസ്ട്രാർ / മാനേജിംഗ് ഡയറക്ടർ)

കുടിൽ തൊട്ട് കൊട്ടാരംവരെ പ്രകാശമേകാൻ പോപ്പുലർ മെഴുകുതിരികൾ
POPULAR CANDLES Since 1973
POPULAR Candles
Edappally, Kochi - 682 024
Phone: 0484 - 2575015, 2575016

FASTER RELIEF FROM CHRONIC SKIN & ALLERGIC DISEASES WITHIN SHORT PERIOD* !!!
✓ VITILIGO ✓ PSORIASIS ✓ URTICARIA
✓ DANDRUFF ✓ SCABIES ✓ DERMATITIS ✓ ECZEMA
✓ ACNE ✓ ASTHMA ✓ ALLERGIC RHINITIS
✓ DRY SKIN ✓ INITIAL STAGE OF ICHTHYOSIS
✓ INITIAL STAGE OF NEUROFIBROMA
✓ SKIN DISCOLOURATIONS etc.
www.drrsroy.com
HELP LINE
+91 9567866204
+91 9495959528
Dr. R.S. Roy
AMRITA AYURVEDA MEDICAL CENTRE
AYURVEDA DERMATOLOGY HOSPITAL
H.O: Layam Road, Tripunithura, Cochin

K.R.BAKES
Baked with love. Since 1969
Civil Line Road, Palarivattom Jn., Kochi - 682025.
Tel: +91 9446542505

Largest Collection of Wedding Cards & Printing
VALAVI & CO.
BROADWAY, ERNAKULAM
Ph: 2374985, 2353765, 2371201, Press: 2374984


Godrej
5 വർഷത്തെ
സമഗ്രമായ വാറന്റി*
ഹിഡൻ കോസ്റ്റ് ഇല്ല*
ഗോദ്റെജ് പ്രോമിസ്
ഓണം എന്നെന്നും
₹12,000/-
വരെയുള്ള ക്യാഷ്ബാക്ക്*
₹851/-*
മുതൽ ഫിക്സഡ് ഇഎംഐ തുടങ്ങുന്നു
0
ഡൗൺ പേയ്മെന്റ്*
പ്രോസസ്സിംഗ് ഫീസ്*
പലിശ*
*TnC apply. Subject to warranty registration *Available on limited models and for limited period. Visit http://bit.ly/GATnC_
SmartCare
After-sales service
080 6743 6743
93216 65511
24 x 7 call centre | Visits up to 9 pm^ Weekend service^
www.godrejenterprises.com/home-appliances
GodrejAppliances
GodrejAppliance
GodrejAppliance